**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IX

## (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂൺ 28-ാം തീയതി സമർപ്പിച്ചത്
(Presented on .28th June, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IX

# (SUBJECT COMMITTEE IX)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

482/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 21 |

# സബ്ജക്റ്റ് കമ്മിറ്റി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (2011-13)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

* ശ്രീ. മഞ്ഞളാംകുഴി അലി,
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ, എം. എൽ. എ.

ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.

ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.

ശ്രീ. വി. ശിവൻകുട്ടി, എം. എൽ. എ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം. എൽ. എ.

ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ.

ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. വിൽസൺ വി. ജോൺ, അഡീഷണൽ സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

---

* ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി 2012 ഏപ്രിൽ 25 വരെ സമിതിയിൽ എക്സ്-ഒഫീഷ്യോ അംഗമായിരുന്നു.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ 28-6-2011 മുതൽ 31-3-2012 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട നിലവിലുള്ള 2011-13 കാലയളവിലേക്കുള്ള സമിതി 2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും ഒരു യോഗം സമിതിയുടെ പരിഗണനയ്ക്കയച്ച ബില്ലിന്റെ പരിശോധനയ്ക്കും 2 യോഗങ്ങൾ സമിതിയുടെ അംഗീകാരത്തിന് ലഭ്യമായ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ, വിവിധ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനും ശേഷിച്ച മൂന്ന് യോഗങ്ങൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ചും കൂടിയിട്ടുള്ളതാണ്. സമിതി യോഗങ്ങളിലെ ശരാശരി ഹാജർനില 60 ശതമാനം ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെ വിവരങ്ങളും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ചേർത്തിരിക്കുന്നു. റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിൽ സമിതി പരിശോധിച്ച ബില്ല്, അംഗീകരിച്ച കരട് ചട്ടങ്ങൾ, സാധൂകരിച്ച S. R. O. കൾ എന്നിവയുടെ വിവരങ്ങളും, ചട്ടം 235എ അനുസരിച്ച് സമിതി യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത വിഷയങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2012 മേയ് 9-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IX.*

തിരുവനന്തപുരം,
2012 മേയ് 9.

# റിപ്പോർട്ട്

ഭാഗം I

സമിതി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 3-8-2011, 10-8-2011 എന്നീ തീയതികളിലും അതിൻപ്രകാരം 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് അംഗീകരിക്കുന്നതിനായി 19-8-2011-ലും യോഗം ചേരുകയുണ്ടായി (അനുബന്ധം 1, 2, 3).

ധനാഭ്യർത്ഥന നമ്പർ XXI — ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXII — നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXXV — പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI — സാമൂഹ്യവികസനം

2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 2011 സെപ്റ്റംബർ മാസം 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

19-8-2011-ൽ ചേർന്ന യോഗത്തിൽ അംഗീകരിച്ച 2011 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 2011 ഒക്ടോബർ മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചു.

2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 20-10-2011-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു (അനുബന്ധം 5). പ്രസ്തുത ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2011 നവംബർ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചു.

വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ചുവടെ ചേർത്തിട്ടുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു (അനുബന്ധം 5).

## 2000-01 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശുപാർശ

സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും ഇലക്ട്രിക് ക്രിമറ്റോറിയം സ്ഥാപിക്കേണ്ടതാണെന്ന് സമിതി കരുതുന്നു. തിരുവനന്തപുരത്ത് നിലവിലുള്ള ഇലക്ട്രിക് ക്രിമറ്റോറിയം അപര്യാപ്തമായതിനാൽ അധീഷണലായി ഒരെണ്ണവും കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ ഓരോ ഇലക്ട്രിക് ക്രിമറ്റോറിയവും സ്ഥാപിക്കാൻ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

## സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം നഗരസഭയിൽ മുമ്പ് നിലവിലുണ്ടായിരുന്ന രണ്ട് ഇലക്ട്രിക് ക്രിമറ്റോറിയങ്ങളും നവീകരിച്ച് പുതുതായി 2007 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൊല്ലം കോർപ്പറേഷനിൽ നിലവിലുള്ള ശ്മശാനത്തിൽ ഇപ്പോൾ ഗ്യാസ് ക്രിമറ്റോറിയവും തൃശ്ശൂർ കോർപ്പറേഷനിൽ 2000-01-നുശേഷം ഇലക്ട്രിക് ക്രിമറ്റോറിയവും സ്ഥാപിച്ചിട്ടുണ്ട്. കൊച്ചി നഗരസഭയിൽ 2000-01-ൽ രവിപുരത്ത് സ്ഥാപിച്ച വൈദ്യുത ശ്മശാനം 2005-06 കാലയളവിലുണ്ടായ ശക്തമായ ഇടിമിന്നലിൽ കത്തി നശിച്ച് നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പുതിയതായി രണ്ട് ഇലക്ട്രിക് ക്രിമറ്റോറിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കോഴിക്കോട് നഗരസഭയിൽ 2000-2001 കാലയളവിൽ കോഴിക്കോട് റോട്ടറി ക്ലബ് ഇന്റർനാഷണൽ ഒരു ഇലക്ട്രിക് ക്രിമറ്റോറിയം നിർമ്മിച്ച് നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. മുൻസിപ്പാലിറ്റികളിൽ വൈദ്യുതി/ഗ്യാസ് ക്രിമറ്റോറിയങ്ങൾ നിർമ്മിക്കുന്നതിനാണ് ഇപ്പോൾ പരിഗണന നൽകിവരുന്നത്.

## ശുപാർശ

റോഡുകളുടെ സൈഡ് ഡ്രെയിൻ പൊതുമരാമത്ത് വകുപ്പ് വൃത്തിയാക്കുകയോ പൊളിഞ്ഞു പോകുന്നത് നിർമ്മിക്കുകയോ ചെയ്യുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റോഡുകളുടെ സൈഡ് ഡ്രെയിൻ നിർമ്മാണം, ക്ലീനിംഗ്, മെയിന്റനൻസ് മുതലായവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പ്രത്യേക ഡിമാന്റ് ഹെഡ് അനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

## സർക്കാർ സ്വീകരിച്ച നടപടി

നിയമസഭാ സമിതിയുടെ ശുപാർശ പരിശോധിച്ചു സമർപ്പിക്കുന്നതിനായി പ്രസ്തുത വിഷയം നാലാം സംസ്ഥാന ധനകാര്യ കമ്മീഷന് നൽകിയിട്ടുണ്ട്. കമ്മീഷൻ ശുപാർശകളിന്മേലുള്ള സർക്കാർ തീരുമാനത്തിനനുസരിച്ച് സമിതിയുടെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

## ശുപാർശ

പെർഫോമൻസ് ആഡിറ്റിന് പോകുന്നവർക്ക് രണ്ട് വർഷമായി യാത്രാബത്തയിനത്തിലുള്ള തുക കുടിശ്ശികയാണ്. പെർഫോമൻസ് ഓഡിറ്റ് വൈകുന്നതിനുള്ള ഒരു കാരണം ഇതാണെന്ന് സമിതി മനസ്സിലാക്കുന്നു. 14 ജില്ലാ ഓഫീസുകൾക്കും കൂടി ഈ ഇനത്തിൽ 5,78,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഈ തുക 20 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ ഉടനെ കൂടുതൽ തുക ലഭ്യമാക്കുവാൻ പ്രയാസമാണ്. ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് കൂടുതൽ തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യവകുപ്പിന് സമർപ്പിക്കുവാൻ വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ

പഞ്ചായത്ത് ജേർണൽ പ്രിന്റ് ചെയ്ത വകയിൽ 2,30,000 രൂപ കുടിശ്ശികയുണ്ട്. അത് കൊടുത്തു തീർക്കുന്നതിനായി ഇത്രയും തുക കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

പഞ്ചായത്ത് രാജ് മാഗസിന്റെ പ്രിന്റിംഗ് ചാർജിനത്തിൽ 2000–2001–ൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന 2,30,000 രൂപ പഞ്ചായത്തുകളിൽ നിന്നും മാഗസിൻ വരിസംഖ്യയായി ലഭിക്കാനുണ്ടായിരുന്ന കുടിശ്ശിക തുക പിരിച്ചെടുത്ത് അടവാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിൽ പ്രിന്റിംഗ് ചാർജ് കുടിശ്ശികയില്ല.

## 2001–02 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശുപാർശ

സംസ്ഥാനത്ത് ഇപ്പോൾ 5 മുൻസിപ്പൽ കോർപ്പറേഷനുകളും 12 ഒന്നാം ഗ്രേഡ് മുൻസിപ്പാലിറ്റികളും 21 രണ്ടാം ഗ്രേഡ് മുൻസിപ്പാലിറ്റികളും 20 മൂന്നാം ഗ്രേഡ് മുൻസിപ്പാലിറ്റികളും ആണുള്ളത്. ജനറൽ പർപ്പസ് ഗ്രാന്റ് ചട്ടമനുസരിച്ച് ഇപ്പോൾ മുൻസിപ്പൽ കോർപ്പറേഷനുകൾക്കും ഒന്നാം ഗ്രേഡ് മുൻസിപ്പാലിറ്റികൾക്കും ആളൊന്നിന് 2 രൂപ നിരക്കിലും രണ്ടാം ഗ്രേഡ് മുൻസിപ്പാലിറ്റികൾക്ക് ആളൊന്നിന് 2.50 രൂപ നിരക്കിലും മൂന്നാം ഗ്രേഡ് മുൻസിപ്പാലിറ്റികൾക്ക് ആളൊന്നിന് 3 രൂപ നിരക്കിലുമാണ് ഗ്രാന്റ് നൽകുന്നത്. ഈ നിരക്ക് വളരെക്കാലം മുൻപ് നിശ്ചയിച്ചതാണെന്നും അപ്രകാരം ലഭിക്കുന്ന ഗ്രാന്റ് മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടേയും പൊതുആവശ്യങ്ങൾ നിറവേറ്റുന്നതിന് അപര്യാപ്തമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഈ നിരക്ക് കാലോചിതമായി പുതുക്കി നിശ്ചയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം നിയമസഭയ്ക്ക് സമർപ്പിക്കുന്ന നടപടി കുറിപ്പിന്റെ അടിസ്ഥാനത്തിലാണ്. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ

ശുപാർശകൾ സർക്കാർ അംഗീകരിച്ച് 2004-05-ൽ നടപ്പിലാക്കിയപ്പോൾ നിയമസഭാ സമിതിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള നിരക്കുകൾ പരിഷ്കരിച്ച് വർദ്ധിപ്പിച്ച തോതിലുള്ള ജനറൽ പർപ്പസ് ഫണ്ട് മറ്റു ഫണ്ടുകൾക്കൊപ്പം നഗരസഭകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയതിനാൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 2006-07 മുതൽ 2010-11 വരെയുള്ള അഞ്ചു സാമ്പത്തിക വർഷത്തേക്കുള്ള ജനറൽ പർപ്പസ് ഫണ്ട് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷത്തെ ഫണ്ട് വിഹിതത്തിന് 10% വർദ്ധനവ് ഓരോ സാമ്പത്തിക വർഷവും നൽകിയിട്ടുണ്ട്. കൂടാതെ 2011-12 മുതൽ 2015-16 വരെയുള്ള അഞ്ച് സാമ്പത്തിക വർഷത്തേക്ക് നൽകേണ്ട ഫണ്ടുകൾ സംബന്ധിച്ച ശുപാർശ നൽകുന്നതിന് നാലാം ധനകാര്യ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ടി കമ്മീഷന്റെ ശുപാർശ കൾ അംഗീകരിച്ച് നടപ്പിലാക്കുന്ന മുറയ്ക്ക് നിലവിലുള്ള ജനറൽ പർപ്പസ് ഫണ്ട് വീണ്ടും പുരുക്കി നിശ്ചയിക്കാൻ കഴിയുന്നതാണ്.

## 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

### ശുപാർശ

നഗരവികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ചെലവ് ട്രിഡ യുടെ ആഭിമുഖ്യത്തിൽ നടത്തിയ ജോലികൾക്ക് കൊടുത്തുതീർക്കുവാനുള്ള തുകയുൾപ്പെടെ 17 കോടി 91 ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ട്. എന്നാൽ ടി ചെലവു കൾക്കായി 814.99 ലക്ഷം രൂപ മാത്രമാണ് ഈ സാമ്പത്തികവർഷം വകയിരുത്തിയിരി ക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 17 കോടി 91 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സർക്കാർ സ്വീകരിച്ച നടപടി

2009-10 സാമ്പത്തികവർഷം 2217-01-800-99 തലസ്ഥാന നഗരവികസന പദ്ധതി (പി) എന്ന ശീർഷകത്തിൽ 814.99 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സമിതി അത് 1791 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ നൽകി. പക്ഷേ പ്രസ്തുത വർഷം ഈ ശീർഷകത്തിൽ ആകെ ചെലവ് 43.54 ലക്ഷം രൂപ മാത്രമായിരുന്നു. ഫണ്ടിന്റെ ഉപയോഗം കുറവായിരുന്നതിനാൽ കൂടുതൽ ഫണ്ട് അനുവദിച്ചിട്ടില്ല.

## 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

### ശുപാർശ

2007-08 മുതൽ കുടുംബശ്രീ മിഷന്റെ മേഖല വ്യാപിച്ചതായും എന്നാൽ ബഡ്ജറ്റ് വിഹിതത്തിൽ ആവശ്യമായ വർദ്ധനവ് വരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കി.

2009-10 കുടുംബശ്രീ 121.88 കോടി രൂപ ചെലവഴിക്കുകയുണ്ടായി. കുടുംബശ്രീയുടെ പ്രവർത്തനം കൂടുതൽ വ്യാപിച്ചിട്ടുളളതിനാൽ കുടുംബശ്രീക്ക് ഈ വർഷം അനുവദിച്ചിട്ടുള്ള 30 കോടി രൂപയ്ക്കു പുറമേ 20 കോടി രൂപ കൂടി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

കുടുംബശ്രീക്ക് 2010-11 വർഷത്തിൽ അനുവദിച്ചിരുന്ന പദ്ധതി വിഹിതമായ 30 കോടി രൂപയ്ക്കുപുറമേ 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നതു പ്രകാരം സാമൂഹ്യസുരക്ഷാ മിഷനിൽ നിന്നും 20 കോടി രൂപ കൂടി 2-11-2010-ലെ സ.ഉ. (സാധാ) നമ്പർ 462/2010/സാ.ക്ഷേ.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

## 2005-06 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ട്

ശുപാർശ

**മൈത്രീ ഭവന പദ്ധതി**

ബോർഡിന്റെ വരവും ബാദ്ധ്യതയും തമ്മിലുള്ള വ്യത്യാസംമൂലമുണ്ടായ കമ്മി നികത്തുവാൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് 345 കോടി രൂപ 10-ാം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളി ച്ചിട്ടില്ല. ആയതിനാൽ 345 കോടി രൂപ ഈ ആവശ്യത്തിനായി ബോർഡിന് അനുവദി ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കാത്ത സാഹചര്യത്തിൽ മൈത്രീഭവന പദ്ധതി നടപ്പാക്കുന്നതിന് ഹഡ്കോയിൽ നിന്നും ഹൗസിംഗ് ബോർഡ് വായ്പയായി സമാഹരിച്ച ഭീമമായ തുകയിൽ നിന്നും സബ്സിഡി നൽകുന്നതിനായി തുക വകമാറ്റി ചെലവഴിച്ചതുമൂലവും ബോർഡ് വിതരണം ചെയ്ത വായ്പാ തിരിച്ചടവിലുണ്ടായ കുറവുമൂലവും, ബോർഡിന്റെ ആസ്തി വിറ്റഴിയാതെ വന്നതുമൂലവും ബോർഡിന് വമ്പിച്ച കടബാദ്ധ്യത ഉണ്ടായി. ബോർഡിന്റെ ബാദ്ധ്യത തീർക്കുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് 345 കോടി രൂപ 10-ാം പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡിന് നൽകുവാൻ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. 2002-03-ൽ 50 കോടി, 2003-04-ൽ 60 കോടി, 2004-05-ൽ 70 കോടി, 2005-06-ൽ 80 കോടി, 2006-07-ൽ 85 കോടി, 2007-08-ൽ 90 കോടി, 2008-09-ൽ 99 കോടി, 2009-10-ൽ 99 കോടി എന്നിങ്ങനെ അനുവദിക്കുന്നതിനായി

2002-03 മുതൽ തുടർച്ചയായി എല്ലാ വർഷത്തേയും ബജറ്റ് പ്രൊപ്പോസലുകളിലും സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിലും നോൺ പ്ലാൻ ഹെഡ്ഡിൽ പ്രസ്തുത തുക അനുവദിച്ചുനൽകണമെന്ന് ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഫണ്ടിന്റെ ലഭ്യത കുറവുമൂലം ഈ തുകകൾ അനുവദിക്കാൻ സാധിച്ചിട്ടില്ല.

## 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ മൂന്നാമത് റിപ്പോർട്ട്

### ശുപാർശ

### 2216-01-106-99—ഭരണവും നടത്തിപ്പും-2059-പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം

2008-09 വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 83.83 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. മറ്റു ശീർഷകങ്ങളിൽ അധികമായി തുകകൾ അനുവദിക്കുന്ന മുറയ്ക്ക് ഈ ശീർഷകത്തിലും തുക അനുവദിക്കേണ്ടതാകയാൽ അധികമായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

### സർക്കാർ സ്വീകരിച്ച നടപടി

രണ്ടാം ഉപധനാഭ്യർത്ഥനപ്രകാരം 499.04 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും സമിതി ശുപാർശ ചെയ്തത് ഒരു കോടി രൂപ അനുവദിക്കണമെന്നതായിരുന്നു. എന്നാൽ ഉപധനാഭ്യർത്ഥനപ്രകാരം 323.16 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു.

### ശുപാർശ

### 2216-01-106-96-2059—പൊതുമരാമത്ത് എന്നതിൽ നിന്നും യന്ത്രോപകരണങ്ങൾക്കും പണിയായുധങ്ങൾക്കുംവേണ്ടി മാറ്റിയ വിഹിതം

2059-പൊതുമരാമത്ത് എന്നതിൽ നിന്ന് മറ്റു ശീർഷകങ്ങളിലെ അടങ്കൽ തുകയ്ക്ക് ആനുപാതികമായി വകയിരുത്തുന്ന വിഹിതമാണ്. മറ്റു ശീർഷകങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന അധിക തുകകൾ നൽകുന്ന മുറയ്ക്ക് 22 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

### സർക്കാർ സ്വീകരിച്ച നടപടി

രണ്ടാം ഉപധനാഭ്യർത്ഥനവഴി 34.94 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 22 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും രണ്ടാം ഉപധനാഭ്യർത്ഥന പ്രകാരം 22.62 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2216-03-104-99(01)—സർക്കാർ ജീവനക്കാരുടെ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ

സർക്കാർ ഉദ്യോഗസ്ഥർക്ക് 3% വരെ പലിശ സബ്സിഡി അനുവദിച്ച് നൽകുന്ന പദ്ധതിയിൻകീഴിൽ 2007-08 വരെയുള്ള പലിശ സബ്സിഡി കൊടുത്തുതീർക്കാൻ ഏകദേശം 6.99 കോടി രൂപ ആവശ്യമായിരുന്നു. 2008-09 സാമ്പത്തിക വർഷത്തേക്ക് കുടിശ്ശിക തുക മൊത്തമായും വകയിരുത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും, 1,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ 6.99 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

ഫണ്ടിന്റെ അപര്യാപ്തതമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

(i) സംസ്ഥാനത്തെ വിവിധ ഏജൻസികളിൽ നിന്നും യഥാസമയം വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള യാത്രാചെലവുകൾക്കായി (04) യാത്രാചെലവുകൾ എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 40,000 രൂപ അപര്യാപ്തമായതിനാൽ 50,000 രൂപയും;

(ii) (05) ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ ഓഫീസ് ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള 26,000 രൂപ അപര്യാപ്തമായതിനാൽ 14,000 രൂപയും;

(iii) (45) പി.ഒ.എൽ. എന്ന ശീർഷകത്തിൽ ഡീസൽ കാറിന്റെ ഇന്ധനത്തിനു വേണ്ടി 10,000 രൂപ അനുവദിച്ചത് അപര്യാപ്തമായതിനാൽ 10,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധിക തുക സാമ്പത്തിക പരിമിതിമൂലം അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

2216-80-001-98—ഭവനനിർമ്മാണ പദ്ധതിയുടെ നടത്തിപ്പിനുവേണ്ട സ്റ്റാഫ്

സംസ്ഥാനത്തെ 14 ജില്ലകളിലെയും ലാന്റ് റവന്യൂ കമ്മീഷണറാഫീസിലെയും ഭവനനിർമ്മാണ പദ്ധതികൾക്കനുവദിച്ച തുക പിരിക്കൽ, പ്രമാണങ്ങൾ തിരികെ നൽകുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്ന ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവുകൾ, ആഫീസ് ചെലവുകൾ എന്നിവയ്ക്കാണ് ഈ ശീർഷകത്തിൽ തുക

വകയിരുത്തിയിട്ടുള്ളത്. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 99,900 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷാവസാനം re-appropriation നിലൂടെയും resumption-നിലൂടെയും തുക കണ്ടെത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ

2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവത്ക്കരണവും ആധുനികവത്കരണവും

ഹൗസിംഗ് കമ്മീഷണറുടെ ഓഫീസിലെ കമ്പ്യൂട്ടറിന്റെ പരിപാലനത്തിന് 48,000 രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 44,000 രൂപയാണ് വകകൊള്ളിച്ചിരുന്നത്. ഈ തുക 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

സാമ്പത്തികപരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

അക്കൗണ്ട് ഹെഡ് 2216-80-101-99, 2216-80-101-98 എന്നീ ഇനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 240 ലക്ഷം രൂപയ്ക്ക് പുറമെ 58 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

2216-80-19—കേരള സ്കൂൾ ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷനുള്ള സഹായധനം

കേരള സ്കൂൾ ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ കുറഞ്ഞ നിരക്കിൽ ഭവന വായ്പ നൽകുമ്പോൾ കോർപ്പറേഷൻ ഹഡ്കോയ്ക്ക് നൽകേണ്ടിവരുന്ന പലിശയും കോർപ്പറേഷൻ അതിന്റെ ഉപഭോക്താക്കളിൽ നിന്നും

ഈടാക്കുന്ന പലിശയും തമ്മിലുള്ള വ്യത്യാസം സബ്സിഡിവഴി നികത്തുമെന്ന് സർക്കാർ ഉത്തരവായിരുന്നു. ഓരോ വർഷവും ഈയിനത്തിൽ പരമാവധി 36 ലക്ഷം രൂപ വരെ മുൻകൂറായി അനുവദിക്കാമെന്നും ഉത്തരവിട്ടിരുന്നു.

എന്നാൽ സർക്കാരിൽ നിന്ന് സബ്സിഡി ലഭിക്കാത്തതുമൂലം കോർപ്പറേഷന് മൊത്തം 52.65 ലക്ഷം രൂപ നഷ്ടമുള്ളതായി കണക്കാക്കുന്നു. ആയതിനാൽ നഷ്ടം പരിഹരിക്കുന്നതിനായി 52.65 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30&31)

## സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധിക തുക സാമ്പത്തിക പരിമിതിമൂലം അനുവദിക്കാൻ സാധിച്ചിട്ടില്ല.

## ശുപാർശ

4216-01-106-99—ഭരണവും നടത്തിപ്പും-2059-പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചാർജുകൾക്കുവേണ്ടി മാറ്റിയ വിഹിതം

സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള മൂലധനചെലവ് വിഭാഗത്തിൽ ഗവൺമെന്റ് സർവ്വന്റസ് ക്വാർട്ടേഴ്സ്, ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കുള്ള ഹോസ്റ്റൽ, സീനിയർ ഉദ്യോഗസ്ഥർക്കുള്ള പാർപ്പിട സൗകര്യങ്ങൾ എന്നീ മൂന്ന് പദ്ധതികൾക്കുവേണ്ടി വകയിരുത്തിയിരുന്ന തുകയുടെ 20% 2059 പൊതുമരാമത്ത് എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ ഇനത്തിലുള്ള തുകയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുന്നത്. ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്നു സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും വിഭവദൗർലഭ്യംമൂലം രണ്ടാം ഉപധനാഭ്യർത്ഥന വഴി 11.04 ലക്ഷം രൂപ അനുവദിക്കാനേ കഴിഞ്ഞിട്ടുള്ളൂ.

## ശുപാർശ

4216-01-106-97—യന്ത്രോപകരണങ്ങൾ 2059-പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കുംവേണ്ടി മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങളിലെ തുകയ്ക്ക് ആനുപാതികമായി ഈ ശീർഷകത്തിൽ ഈ വർഷത്തേക്ക് 3.18 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 10 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും രണ്ടാം ഉപധനാഭ്യർത്ഥന വഴി 0.77 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

4216-80-195-99(05)—<u>പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഓഹരി മൂലധനം അംശദാനം</u>

ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും സാമ്പത്തിക പരിമിതിമൂലം 50 ലക്ഷം രൂപ മാത്രമേ അനുവദിക്കാൻ സാധിച്ചിട്ടുള്ളൂ.

<u>ശുപാർശ</u>

6216-80-190-99—<u>കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ</u>

കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ വിവിധ ഏജൻസികൾക്കായി കാര്യക്ഷമമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2008-09 സാമ്പത്തിക വർഷത്തിൽ "6216-80-190-99" എന്ന ശീർഷകത്തിൽ പദ്ധതി വിഹിതമായി 6627.85 ലക്ഷം രൂപയും ധനകാര്യ സ്ഥാപനങ്ങളിലേക്ക് വായ്പയുടെ മുതലും പലിശയും തിരിച്ചടക്കുന്നതിലേക്കും സർക്കാരിലേക്ക് ഗ്യാരന്റി കമ്മീഷൻ ഒടുക്കുന്നതിലേക്കുമായി 605.43 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്ലാൻ വിഹിതമായി 450 ലക്ഷം രൂപയും നോൺ പ്ലാൻ വിഹിതമായി 160 ലക്ഷം രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക പദ്ധതിയിനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും വായ്പ തിരിച്ചടവിനും വേണ്ടി വരുന്ന ചെലവുകൾക്ക് തീരെ അപര്യാപ്തമാണ്.

ആയതിനാൽ 2008-09 സാമ്പത്തിക വർഷത്തിലേക്ക് ഈ ശീർഷകത്തിൽ 'പ്ലാൻ' ഇനത്തിൽ 6177.85 ലക്ഷം രൂപയും 'നോൺ-പ്ലാൻ' വിഭാഗങ്ങളിൽ 445.43 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42 & 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതിമൂലം സമിതി ശുപാർശ ചെയ്ത അധിക തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

# 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ നാലാമത് റിപ്പോർട്ട്

ശുപാർശ

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി പ്ളാൻ ഫണ്ടിൽ 390 ലക്ഷം രൂപയാണ് 2009-10 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത്. സി.ഇ.എഫ്. സാമഗ്രികൾക്കുവേണ്ടി ഉല്പാദന കേന്ദ്രങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾക്കു വേണ്ടി മാർജിൻ ഫ്രീ വിപണികൾ, ലബോറട്ടറികൾ എന്നിവ തുടങ്ങുന്നതിനും, നാഷണൽ ഹാബിറ്റാറ്റ് മ്യൂസിയം, ചീഫ് സാങ്കേതിക വിദ്യയും ഗ്രീൻ ടെക്നോളജിയും സമന്വയിപ്പിച്ച ബഹുനില കെട്ടിടനിർമ്മാണം എന്നീ പദ്ധതികൾ തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിനുമായി തുക ആവശ്യമായതിനാൽ 1681 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

1681 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന സമിതിയുടെ ശുപാർശ വിഭവ ലഭ്യതയുടെ പരിമിതി കാരണം നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശുപാർശ

2216-80-101-98—ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

ലാറിബേക്കർ നിർമ്മിതി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് പരിശീലനത്തിനും ഗവേഷണത്തിനും നടത്തിപ്പിനുമായി 140 ലക്ഷം രൂപ അനുവദിച്ചത് അപര്യാപ്തമാണ്. ആകയാൽ ഇതിലേക്ക് കൂടുതലായി 350 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

350 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന സമിതിയുടെ ശുപാർശ ഫണ്ടിന്റെ ലഭ്യത കുറവുമൂലം നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശുപാർശ

2216-80–103-99 (01)—സംസ്ഥാന ഹൗസിംഗ് ബോർഡ്-01-സഹായധനം

സർക്കാർ നിർദ്ദേശ പ്രകാരം ബോർഡ് ദുർബ്ബല വിഭാഗങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന റവന്യൂ കമ്മി നികത്തുന്നതിനായി

2009-10-ലെ വാർഷിക ബജറ്റിൽ 70 ലക്ഷം രൂപ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം സമർപ്പിച്ചിരുന്നുവെങ്കിലും 38.78 ലക്ഷം രൂപ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളു. ആകയാൽ മേൽ ശീർഷകത്തിൽ ബാക്കി തുകയായ 31.22 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

31.22 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഫണ്ടിന്റെ ലഭ്യത കുറവുമൂലം പ്രസ്തുത തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

1972-ൽ നടപ്പിലാക്കിയ ലക്ഷം വീട് കോളനികളിലെ കാലപ്പഴക്കമുള്ളതും വാസയോഗ്യമല്ലാത്തതുമായ ഇരട്ട വീടുകൾ പൊളിച്ച് ഒറ്റ വീടുകളാക്കി നിർമ്മിച്ചു കൊടുക്കുന്നതിനും വാസയോഗ്യമല്ലാത്ത ഒറ്റ വീടുകൾ പുനർനിർമ്മിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. ലക്ഷം വീട് പദ്ധതി പ്രകാരം 16309 ഇരട്ട വീടുകളും 57590 ഒറ്റ വീടുകളുമാണ് 1972 കാലഘട്ടത്തിൽ നിർമ്മിച്ചിരുന്നത്. (ആകെ 90208 വീടുകൾ) 2009-10 സാമ്പത്തിക വർഷത്തിൽ വിവിധ വിഭാഗങ്ങൾക്കായി (ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം എന്നിവർ) 13,550 വീടുകൾ നിർമ്മിക്കുവാനുദ്ദേശിക്കുന്നു. ഇതിനായി 40.25 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ഭവന നിർമ്മാണ ബോർഡ് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 15 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ലക്ഷം വീട് നവീകരണ പദ്ധതിക്കായി ആവശ്യപ്പെട്ടിരുന്ന 40.25 കോടി രൂപയിൽ ഇപ്പോൾ അനുവദിച്ച 15 കോടി രൂപ കഴിച്ച് ബാക്കി തുകയായ 25.25 കോടി രൂപ കൂടി എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതിക്കായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്കായി 2009-10 വർഷം 15 കോടി രൂപ അനുവദിച്ചു. 2009-10 വർഷത്തിൽ ആകെ 3424 വീടുകൾക്കായി 12,35,55,000 രൂപ സബ്സിഡിയായി അനുവദിച്ച് നല്കിയിട്ടുണ്ട്. 2009-10 വർഷത്തിൽ ലഭിച്ച പദ്ധതി വിഹിതത്തിൽ നിന്നും 6,33,55,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഫണ്ടിന്റെ അപര്യാപ്തതമൂലം സമിതി ശുപാർശ ചെയ്ത അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശുപാർശ

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ് (20) സുരക്ഷാ ഭവനപദ്ധതി

ഈ പദ്ധതി പ്രകാരം സന്നദ്ധ സംഘടനകൾ തെരഞ്ഞെടുക്കുന്ന സ്ഥലവും വീടും ഇല്ലാത്ത ഉപഭോക്താവിനു വീട് വെയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും

ധനസഹായം നല്കുകയോ വീടുവച്ചു നല്കുകയോ ചെയ്യുന്നു. ഓരോ വീടിനും സർക്കാർ സബ്സിഡിയായ 25,000 രൂപ ഹൗസിംഗ് ബോർഡ് വഴി നല്കുന്നു. 2009-10-ൽ ഈ പദ്ധതിയിൻ കീഴിൽ 5000 വീടുകൾ നിർമ്മിച്ചു നല്കാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കുള്ള സബ്സിഡിയായി 2 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു. ഇത് അപര്യാപ്തമായതിനാൽ 10.5 കോടി രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സുരക്ഷാ ഭവന പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം വഴി എം.എൽ.എ. ഫണ്ട് കൂടി വിനിയോഗിക്കാൻ അനുവാദം നല്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

## സർക്കാർ സ്വീകരിച്ച നടപടി

സുരക്ഷാ ഭവന പദ്ധതിക്കായി 2009-10-ൽ 10.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം തുക അനുവദിക്കാൻ കഴിഞ്ഞില്ല.

സർക്കാർ ആവിഷ്കൃത ഭവന നിർമ്മാണ പദ്ധതികൾക്കായി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് ഇതുവരെ അനുമതി നല്കിയിട്ടില്ല. വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിന് ഈ നിധി വിനിയോഗിക്കാനാവില്ല എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ ഭവന പദ്ധതിക്കായി എം.എൽ.എ. ഫണ്ട് അനുവദിക്കണമെന്ന നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ല.

## ശുപാർശ

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 1996-ൽ മൈത്രി ഭവന പദ്ധതി ആരംഭിച്ചു. പദ്ധതി അനുസരിച്ച് 30,000 രൂപ ചെലവ് വരുന്ന വീട് ഒന്നിന് 19,000 രൂപ വായ്പയായും 9,000 രൂപ നിരക്കിൽ സബ്സിഡിയും ബാക്കി 2,000 രൂപ ഗുണഭോക്തൃ വിഹിതവും ആണ്. 8.5% പലിശ സബ്സിഡി ആണ് ഈ സ്കീമിന് സർക്കാർ അനുവദിച്ചിട്ടുള്ളത്. പ്രതിവർഷം 1 ലക്ഷം വീട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതി ബോർഡ് നിർത്തലാക്കിയെങ്കിലും ഒന്നാം ഗഡു അനുവദിച്ചവർക്കും ബോർഡുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നവർക്കും തുടർന്നുള്ള വായ്പ നല്കാൻ തീരുമാനിച്ചിരുന്നു. കൂടാതെ മൂലധന സബ്സിഡി പൂർണ്ണമായും അതാത് വർഷത്തെ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരുന്നതുമൂലം ഉണ്ടായ ബാക്ക് ലോഗ് നികത്തുന്നതിനാവശ്യമായ തുക ഈ സ്കീം നിർത്തലാക്കിയ 2001 മുതൽ 2007 വരെ അതാത് വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച് ബോർഡിന് നല്കി വരികയാണ്. 2001-02 മുതൽ 2006-07 വരെ ഈ ഇനത്തിൽ 265.30 കോടി രൂപ സർക്കാർ ബോർഡിന് അനുവദിച്ചു നല്കിയിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റിൽ 13712 ലക്ഷം രൂപ (137.13 കോടി രൂപ) മൈത്രി ഭവന പദ്ധതിക്ക് ഉൾക്കൊള്ളിക്കണമെന്ന് ബോർഡ് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ തുകയൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബോർഡിന് സബ്സിഡി ഇനത്തിൽ ലഭിക്കേണ്ട തുകയായ 137.13 കോടി രൂപ ബോർഡിന് നല്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സർക്കാർ സ്വീകരിച്ച നടപടി

മൈത്രി പദ്ധതിക്കായി 2009-2010-ൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ ഈ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള ലോണിന്റെ തിരിച്ചടവ് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുമായി ഹഡ്കോ ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി 31-12-2008 വരെയുള്ള മുതൽ ഇനത്തിന്റെ കുടിശ്ശികയായി 255 കോടി രൂപ 2009 ഫെബ്രുവരിയിലെ ധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുണ്ട്.

## ശുപാർശ

മൈത്രി ഭവന പദ്ധതി നടപ്പിലാക്കുന്നതിന് വായ്പ സ്വരൂപിച്ചതുവഴി ബോർഡിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്. മൈത്രി പദ്ധതിക്കായി സർക്കാർ വിവിധ ഗവൺമെന്റ് ഉത്തരവുകൾ വഴി പ്രഖ്യാപിച്ച സബ്സിഡി തുക കാലാകാലങ്ങളിൽ ബോർഡിന് നല്കാതിരുന്നതു കാരണം ഈ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും സ്വരൂപിച്ച വായ്പാ ധനം മൈത്രി ഭവന പദ്ധതിയുടെ സബ്സിഡി നല്കുന്നതിന് ബോർഡ് ഉപയോഗിക്കുകയുണ്ടായി. 25-9-2001-ലെ ഉത്തരവ് നമ്പർ ജി.ഒ.(എംഎസ്.)30/2001/ഭവനം പ്രകാരം ബോർഡിന്റെ വരുമാനവും ബാദ്ധ്യതയും തമ്മിലുള്ള അന്തരം നികത്താൻ സർക്കാർ സമ്മതിച്ചിട്ടുണ്ട്. ഇത് പരിഗണിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് 10-ാം പദ്ധതിയിൽ ഇതിനായി 34,500 ലക്ഷം രൂപ അനുവദിക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം 2006-07 സാമ്പത്തിക വർഷം വരെയുള്ള 34,500 ലക്ഷം രൂപയും 2007-08 വർഷത്തെ 9,000 ലക്ഷം രൂപയും 2008-09 വർഷത്തെ 9,900 ലക്ഷം രൂപയും ഉൾപ്പെടെ 53,400 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിക്കാൻ ബോർഡ് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 2009-2010 വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 25-9-2001-ലെ സർക്കാർ ഉത്തരവിൽ അറിയിച്ച പ്രകാരം ബോർഡിന്റെ വരുമാനവും ബാദ്ധ്യതയും തമ്മിലുള്ള അന്തരം നികത്തുന്നതിനായി ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

## സർക്കാർ സ്വീകരിച്ച നടപടി

2008-09-ലെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ 255 കോടി രൂപ ഹഡ്കോയുടെ കുടിശ്ശിക തീർക്കുന്നതിനായി 20-3-2009-ലെ ജി. ഒ. (എംഎസ്.) 12/2009/ഭവനം നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ 2009-10 സാമ്പത്തികവർഷം ഹഡ്കോയ്ക്കുള്ള പലിശ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് കണ്ടിജൻസി ഫണ്ടിൽ നിന്നും 26.27 കോടി രൂപ 24-2-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 10/2010/ഭവനം പ്രകാരം സർക്കാർ ഹൗസിംഗ് ബോർഡിന് അനുവദിച്ചിട്ടുണ്ട്.

## ശുപാർശ

ബോർഡ് മുഖാന്തിരം നടപ്പിലാക്കിയ മൈത്രി ഭവന പദ്ധതിയിൻകീഴിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ Annuity Deposit സ്കീം പ്രകാരം നിക്ഷേപിച്ച തുക ടി സ്ഥാപനങ്ങൾക്ക് മടക്കി നല്കാമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. അതിൻ

പ്രകാരം 2185 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ബോർഡിന് അനുവദിക്കണമെന്ന് മുൻവർഷങ്ങളിലും ഈ വർഷവും അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ടി തുക ബഡ്ജറ്റിൽ ഇപ്രാവശ്യവും ഉൾക്കൊള്ളിച്ചിട്ടില്ല. ബോർഡ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത തുകയായ 2,185 ലക്ഷം രൂപ ബോർഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

ഫണ്ടിന്റെ അപര്യാപ്തതമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

2216-80-190-99—കേരള സ്ക്കൂൾ ടീച്ചിംഗ്-നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷനുള്ള സഹായധനം

കേരള സ്ക്കൂൾ ടീച്ചിംഗ്-നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫയർ കോപ്പറേഷൻ ഹഡ്കോയിൽ നിന്നും 645.17 ലക്ഷം രൂപ വായ്പയെടുത്ത് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക അനദ്ധ്യാപക ജിവനക്കാർക്ക് വീട് വയ്ക്കാനുള്ള വായ്പയായി നൽകിയിട്ടുണ്ട്. ഹഡ്കോയിൽ നിന്നും 9.25% മുതൽ 13.5% വരെ നിരക്കിൽ പലിശ നൽകിയെടുത്ത തുക 9% ശതമാനം പലിശ നിരക്കിലാണ് അദ്ധ്യാപക അനദ്ധ്യാപക ജിവനക്കാർക്ക് നൽകിയിരുന്നത്.

31-10-1985-ലെ സർക്കാർ ഉത്തരവ് എംഎസ്.213/85/പൊ.വി. നമ്പർ പ്രകാരം ഇങ്ങനെ കുറഞ്ഞ നിരക്കിൽ ഭവന വായ്പ നൽകുമ്പോൾ കോർപ്പറേഷൻ ഹഡ്കോയ്ക്ക് നൽകേണ്ടിവരുന്ന പലിശയും, കോർപ്പറേഷൻ അതിന്റെ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന പലിശയും തമ്മിലുള്ള വ്യത്യാസം സബ്സിഡി വഴി നികത്തുമെന്ന് ഉത്തരവായിരുന്നു. അതിനാൽ കോർപ്പറേഷനു ലഭിക്കേണ്ട പലിശ സബ്സിഡി തുകയായ 52.65 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൻ കീഴിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17&18)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല. കേരള സ്ക്കൂൾ ടീച്ചിംഗ്-നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫയർ കോർപ്പറേഷനുള്ളള ധനസഹായം 1000 രൂപ (NP) മാത്രമാണ് അനുവദിച്ചിരിക്കുന്നത്.

ശുപാർശ

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി 2009-10 സാമ്പത്തിക വർഷത്തിൽ

പദ്ധതി വിഹിതമായി 1,050 ലക്ഷം രൂപയും ധനകാര്യസ്ഥാപനങ്ങളിലേക്ക് വായ്പയുടെ മുതലും പലിശയും തിരിച്ചടക്കുന്നതിലേക്കും സർക്കാരിലേക്ക് ഗ്യാരന്റി കമ്മീഷൻ ഒടുക്കുന്നതിലേക്കുമായി 4345.33 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്ളാൻ വിഹിതമായി 510 ലക്ഷം രൂപയും നോൺ-പ്ളാൻ വിഹിതമായി 176 ലക്ഷം രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക പദ്ധതിയിനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും വായ്പ തിരിച്ചടവിനും വേണ്ടി വരുന്ന ചെലവുകൾക്ക് തീരെ അപര്യാപ്തമാണ്. ആയതിനാൽ, 2009-10 സാമ്പത്തിക വർഷത്തിലേക്ക് ഈ ശീർഷകത്തിൽ പ്ളാൻ വിഹിതമായി 540 ലക്ഷം രൂപയും നോൺ-പ്ളാൻ വിഹിതമായി 4,169.33 ലക്ഷം രൂപയും വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത തുക സാമ്പത്തിക പരിമിതിമൂലം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

## 2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ട്

<u>ശുപാർശ</u>

2216-80-103-99 (02)—<u>വർക്കിംഗ് ജേർണ്ണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം</u>

2009-10-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ പത്രപ്രവർത്തകർക്ക് സബ്സിഡി അനുവദിക്കുന്നതിനായി ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 13.20 ലക്ഷം രൂപയാണ് അനുവദിച്ചത്. 2010-11 വർഷത്തിൽ 50 പത്ര പ്രവർത്തകർക്ക് 50,000 രൂപ വീതം ഭവന നിർമ്മാണ സബ്സിഡി അനുവദിക്കുന്നതിന് 25 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 15 ലക്ഷം രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളു. നിലവിൽ ബോർഡിൽ 50 അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ അതിന് ആവശ്യമായ 10 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവലഭ്യതകളുടെ പരിമിതി കാരണം സമിതി നിർദ്ദേശിച്ച അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശുപാർശ</u>

ഈ സാമ്പത്തിക വർഷം സുരക്ഷാ ഭവന പദ്ധതിയിലൂടെ 2000 വീടുകൾക്ക് സബ്സിഡി നല്കുന്നതിന് 500 ലക്ഷം രൂപ അനുവദിക്കുന്നതിനായി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും

222 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ബാക്കി തുകയായ 278 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2010-11 വർഷത്തിൽ 3900 ലക്ഷം വീടുകൾ പുനർ നിർമ്മിക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇതിലേക്കായി 16,08,62,500 രൂപ വേണ്ടി വരും. കൂടാതെ 2009-10 വർഷത്തിൽ പഴയ നിരക്കിൽ സബ്സിഡി നല്കിയ വീടുകൾക്ക് സബ്സിഡിയുടെ വർദ്ധിപ്പിച്ച വിഹിതം നല്കുന്നതിന് 5,91,37,500 രൂപയും വേണ്ടി വരും. ഇപ്രകാരം 2010-11-ൽ ഈ പദ്ധതിക്കായി ആകെ 22 കോടി രൂപ ആവശ്യമാണ്. എന്നാൽ 15 കോടി രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. അതിനാൽ ബാക്കി തുകയായ 7 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13 & 14)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ കൂടുതൽ അനുവദിക്കുവാൻ നിലവിലുള്ള സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതിനാലും 2010-11 ബഡ്ജറ്റ് പ്രൊവിഷൻ സാമാന്യം ഭേദപ്പെട്ടതിനാലും സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

ശുപാർശ

4216-01-106-96—നഗരപ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങൾക്കുള്ള നവീന ഭവനപദ്ധതി

ഈ പദ്ധതിക്കായി 6 കോടി രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു വെങ്കിലും 250 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. കുട്ടനെല്ലൂരും, പൂജപ്പുരയിലും പദ്ധതി നടപ്പാക്കുന്നുണ്ട്. കുട്ടനെല്ലൂരിലെ പദ്ധതി നടപ്പാക്കാൻ പോലും ഈ തുക മതിയാവുന്നതല്ല. ആയതിനാൽ ബാക്കി തുകയായ 350 ലക്ഷം രൂപ കൂടി കുട്ടനെല്ലൂർ, പൂജപ്പുര എന്നീ ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീമുകൾക്കായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

ഭവന നിർമ്മാണ ബോർഡ്, ഈ പദ്ധതിക്കായി അനുവദിച്ച ബജറ്റ് വിഹിതമായ 250 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ സമിതി നിർദ്ദേശിച്ച അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ

4216-01-106-95—ദേവികുളത്ത് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവനപദ്ധതി

ഈ പദ്ധതി പ്രകാരം 40 വീടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 300 ലക്ഷം രൂപ അനുവദിക്കുവാൻ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഈ ശീർഷകത്തിൽ

വകയിരുത്തിയിരിക്കുന്നത് 200 ലക്ഷം രൂപയാണ്. ആയതിനാൽ ബാക്കി തുകയായ 100 ലക്ഷം രൂപ കൂടി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ഭരണപരവും സാങ്കേതികവുമായ കാരണങ്ങളാൽ പദ്ധതിക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. അതിനാൽ സമിതി നിർദ്ദേശിച്ച അധികതുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ

1996-97 മുതൽ 2006-07 വരെ മൈത്രി ഭവന പദ്ധതിയിലൂടെ 2,64,951 വീടുകൾക്ക് ഭവന നിർമ്മാണ ബോർഡ് വായ്പ നൽകുകയുണ്ടായി. 1992-93 മുതൽ 1995-96 വരെ 12023 വീടുകൾ നിർമ്മിച്ചു നൽകി. അങ്ങനെ ആകെ 2,76,974 വീടുകൾ നൽകേണ്ട ക്യാപ്പിറ്റൽ സബ്സിഡി തുക 24,327.66 ലക്ഷം രൂപയാണ്. ഇതിനുപുറമേ സർക്കാർ 1992-93-ൽ 5%-വും 1993-94 മുതൽ 85% വും നിരക്കിൽ പുതിയ സബ്സിഡി അനുവദിച്ചിരുന്നു. അങ്ങനെ 2007-08 വരെയുള്ള പലിശ സബ്സിഡി 26,818.20 ലക്ഷം രൂപയാണ്. ക്യാപ്പിറ്റൽ സബ്സിഡി ഇനത്തിലും പലിശ സബ്സിഡി ഇനത്തിലും സർക്കാർ മൊത്തം നൽകേണ്ട തുക 51,145.86 ലക്ഷം രൂപയാണ്. കൂടാതെ 2008-09-ലെ പലിശ സബ്സിഡി ഇനത്തിൽ ലഭിക്കേണ്ട തുക 3,108.91 ലക്ഷം രൂപയാണ്. അപ്രകാരം 2008-09 വർഷം വരെ ആകെ ലഭിക്കേണ്ട തുക 54,254.77 ലക്ഷം രൂപയാണ്. അതിൽ 2008-09 വരെ 43,672 ലക്ഷം രൂപ മാത്രമേ ബോർഡിനു നൽകിയിട്ടുള്ളു. 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 164.85 കോടി രൂപ മൈത്രിഭവന പദ്ധതിക്ക് ഉൾക്കൊള്ളിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ബോർഡിന് ലഭിക്കേണ്ട തുകയായ 164.85 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

മൈത്രി ഭവന പദ്ധതി സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

## ഭാഗം II

I ബില്ലുകളുടെ പരിശോധന

സമിതി 27-9-2011-ന് യോഗം ചേർന്ന് 2011-ലെ കേരള തദ്ദേശ ഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. (അനുബന്ധം 4)

II. കരട് ചട്ടങ്ങളുടെ പരിശോധനയും SRO കളുടെ സാധൂകരണവും (അനുബന്ധം 7)

(എ) സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. 2009-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി ചട്ടങ്ങൾ.
2. 2010-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക്-ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ.
3. 2010-ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചു കൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ഭേദഗതി ചട്ടങ്ങൾ.
4. The Kerala Municipality Building (Amendment) Rules, 2010
5. The Kerala Municipality Building (Amendment) Rules, 2011.

(ബി) സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ഭേദഗതി ചട്ടങ്ങൾ.
2. 2011-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ഭേദഗതി ചട്ടങ്ങൾ.
3. 2011-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി ചട്ടങ്ങൾ.

(സി) സമിതിയുടെ അംഗീകാരം ലഭിക്കുന്നതിന് മുൻപ് പുറപ്പെടുവിച്ച താഴെപ്പറയുന്ന ചട്ടങ്ങൾക്ക് സമിതി സാധൂകരണം നൽകി.

1. SRO No. 959/2009

   2009-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ഭേദഗതി ചട്ടങ്ങൾ.

2. SRO No. 1070/2009

   The Kerala Municipality Building (Amendment) Rules, 2009.

   SRO No. 591/2010

   The Kerala Municipality Building (Amendment) Rules, 2010.

3. SRO No. 596/2010

   2010-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻഡിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ.

SRO No. 997/2010

2010-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻഡിംഗ് കമ്മിറ്റി) രണ്ടാം ഭേദഗതി ചട്ടങ്ങൾ.

4. SRO No. 847/2010

The Kerala Building (Regularisation of Unauthorised Construction) Rules, 2010.

SRO No. 1026/2010

The Kerala Building (Regularisation of Unauthorised Construction) Amendment Rules, 2010.

SRO No. 96/2011

The Kerala Building (Regularisation of Unauthorised Construction) Amendment Rules, 2011.

5. SRO No. 277/2011

The State Election Commissioner (Conditions of Service) Amendment Rules, 2011.

6. SRO No. 127/2011 & SRO No. 166/2011

The Kerala Panchayath Buildings Rules, 2011.

III. സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ അനുസരിച്ച് 9-12-2011, 10-1-2012, 1-2-2012 എന്നീ തീയതികളിൽ യോഗം ചേരുകയും "ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്ക്കൃത പദ്ധതികളും 12-ാം പഞ്ചവത്സര പദ്ധതിയും", "കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ" എന്നീ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു (അനുബന്ധം 6, 8 & 9).

തിരുവനന്തപുരം,
2012 മേയ് 9.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

അനുബന്ധം 1

## 3-8-2011-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ യോഗം 2011 ആഗസ്റ്റ് മാസം 3-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ളക്സിലെ 'IV A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എം. മാണിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു.

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. പി. റ്റി. എ. റഹീം
3. ശ്രീ. വി. ശിവൻകുട്ടി
4. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
5. ശ്രീ. ഇ. കെ. വിജയൻ
6. ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, ഭവനനിർമ്മാണം
3. ശ്രീ. സി. ഡി. ആന്റണി, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
4. ശ്രീ. എ. ഷാജഹാൻ, കമ്മീഷണർ, ഗ്രാമവികസനം
5. ശ്രീ. കെ. എസ്. ജങ്പങ്കി, സി.എം.ഡി., കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ
6. ശ്രീമതി ഉഷാ ഹെലൻവാസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
7. ശ്രീ. പി. എസ്. ജയന്തൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.

8. ശ്രീ. ജി. ഹരികുമാർ, ഡയറക്ടർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം

9. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

10. ശ്രീമതി പി. കെ. ഗിരിജ, അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ

11. ശ്രീ. എ. ഷിബു, അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ

12. ശ്രീമതി കെ. സത്യഭാമ, അഡീഷണൽ ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്

13. ശ്രീ. എസ്. ദിനേഷ്, അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ, ലാന്റ് റവന്യൂ

14. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനിക് വെൽഫെയർ ഡിപ്പാർട്ട്മെന്റ്

15. ശ്രീമതി എൽ. പി. ചിത്ര, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ്

16. ശ്രീ. റ്റി. എസ്. കൃഷ്ണമൂർത്തി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പി.എം.ജി.എസ്.വൈ.

17. ശ്രീ. പി. ആർ. സജികുമാർ, സീനിയർ എഞ്ചിനീയർ, പി.എം.ജി.എസ്.വൈ., കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ്

18. ശ്രീ. കെ. വി. മാത്യു, സീനിയർ ഫിനാൻസ് ഓഫീസർ (ബിൽഡിംഗ്സ്), പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്

19. ശ്രീ. വൈ. മുരളി, ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

20. ശ്രീ. കെ. എസ്. ശരത്കുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ

21. ശ്രീമതി ആർ. എച്ച്. ചിത്ര, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

22. ശ്രീ. ആർ. ജയൻ, ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര

23. ശ്രീ. കെ. ദേവരാജൻ, ചീഫ് പ്ലാനിംഗ് ഓഫീസർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

24. ശ്രീ. എസ്. രാധാകൃഷ്ണൻ, അഡ്മിനിസ്ട്രേറ്റീവ് മാനേജർ/പ്രോജക്ട് കോ-ഓർഡിനേറ്റർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര

25. ശ്രീ. ആർ. എസ്. സുരേഷ്, അസിസ്റ്റന്റ് മാനേജർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര

26. ശ്രീ. ജി. കൃഷ്ണപിള്ള, ലയസൺ ഓഫീസർ, കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

27. ശ്രീ. എസ്. ശ്രീനി, സെക്രട്ടറി (ഇൻ-ചാർജ്), കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

സമിതി 2011-12 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന XXI (ഭവനനിർമ്മാണം) ധനാഭ്യർത്ഥന XXXVI (സാമൂഹ്യവികസനം) എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXI—ഭവനനിർമ്മാണം

2216-01-106-99—ഭരണവും നടത്തിപ്പും-2059 പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി മറ്റു ശീർഷകങ്ങളിൽ ആവശ്യപ്പെട്ടതിന് ആനുപാതികമായി അധിക വിഹിതം വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്-17 ചെറുകിട മരാമത്ത് പണികൾ

സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള പല ക്വാർട്ടേഴ്സുകളിലും നവീകരണവും ചെറുകിട മരാമത്ത് പണികളും ചെയ്യുവാനുണ്ട്. കൂടാതെ കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുവാനുണ്ട്. ആയതിന് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ക്വാർട്ടേഴ്സുകളുടെ നവീകരണത്തിനും ചെറുകിട മരാമത്ത് പണികൾക്കും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾക്കുമായി 3,50,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-01-106-97—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഒട്ടേറെ ക്വാർട്ടേഴ്സുകളുടെ സംരക്ഷണപ്പണികൾ ചെയ്യുവാനുണ്ടെന്നും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതിക്ക് ബോധ്യപ്പെട്ടതിനാൽ സാധാരണ അറ്റകുറ്റപ്പണികൾക്കായി 600 ലക്ഷം രൂപയും പ്രത്യേക അറ്റകുറ്റപ്പണിക്ക് 800 ലക്ഷം രൂപയും ഇലക്ട്രിക്കൽ മെയിന്റനൻസിന് 100 ലക്ഷം രൂപയും ഉൾപ്പെടെ 1500 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-01-106-96-2059—പൊതുമരാമത്ത് എന്നതിൽനിന്ന് യന്ത്രോപകരണങ്ങൾക്കും പണിയായുധങ്ങൾക്കുംവേണ്ടി മാറ്റിയ വിഹിതം

യന്ത്രോപകരണങ്ങളും പണിയായുധങ്ങളും വാങ്ങുന്നതിലെ ചെലവിനത്തിലേക്ക് ഉപയോഗിക്കുന്ന ഈ ശീർഷകത്തിൽ മറ്റു ശീർഷകങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്നതിന് ആനുപാതികമായി അധികവിഹിതം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-01-106-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

കാലാനുസൃതമായ വിലവർദ്ധനവ് കണക്കിലെടുത്ത് 2011-12 വർഷത്തേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ സാധാരണ അറ്റകുറ്റപ്പണികൾക്കായി 100 ലക്ഷം രൂപയും പ്രത്യേക അറ്റകുറ്റപ്പണിക്ക് 100 ലക്ഷം രൂപയും ഇലക്ട്രിക്കൽ മെയിന്റനൻസിനായി 50 ലക്ഷം രൂപയും ഉൾപ്പെടെ 250 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണിക്കൾക്കുമായി (സിവിലും ഇലക്ട്രിക്കലും) അനുവദിച്ച തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപകൂടി ഉപധനാഭ്യർത്ഥനയായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

05—ഓഫീസ് ചെലവുകൾ

ഹൗസിംഗ് കമ്മീഷണറുടെ ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ പദ്ധതികളെക്കുറിച്ച് പഠിക്കുന്നതിനും ഒരു ബി.എസ്.എൻ.എൽ. ഇന്റർനെറ്റ് കണക്ഷൻ എടുത്തിട്ടുണ്ട്. വിവിധ ഡേറ്റകൾ സംഭരിക്കുന്നതിനും മറ്റും ടെലഫോൺ സൗകര്യവും ഉപയോഗിച്ചുവരുന്നു. ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഇത് അത്യന്താപേക്ഷിതമായതിനാലും ഇന്റർനെറ്റ് ഉപയോഗത്തിനുള്ള ചാർജ്ജ് ഈ ശീർഷകത്തിൽ നിന്നും നൽകേണ്ടതിനാലും ഈ സാമ്പത്തികവർഷം ടെലഫോൺ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

45—പി. ഒ. എൽ.

ഹൗസിംഗ് കമ്മീഷണർ കാര്യാലയത്തിലെ അംബാസിഡർ കാറിന്റെ അറ്റകുറ്റപ്പണികൾക്കും ഡീസൽ/ഓയിൽ ചെലവുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-01-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും

കാലപ്പഴക്കമുള്ളതും ബലക്കുറവുമുള്ള ഓഫീസ് ഫർണിച്ചറുകൾ മാറ്റി സ്ഥാപിക്കുന്നതിനും ഓഫീസിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായി അനുവദിച്ച തുക തീരെ അപര്യാപ്തമായതിനാൽ 1,45,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

കലവറ ഔട്ട്ലെറ്റുകളിൽ പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനും കെട്ടിട സാമഗ്രികൾ വാങ്ങുന്നതിനുംകൂടിയായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-101-98—ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

തിരുവല്ലത്ത് അക്കാദമിക് ക്യാമ്പസ് സ്ഥാപിക്കുന്നതിനും ക്ളാസ്സ് മുറികൾ, ലബോറട്ടറികൾ എന്നിവ സ്ഥാപിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപകൂടി ഇതിന്റെ പ്രാരംഭപ്രവർത്തന ങ്ങൾക്കായി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

01—സഹായധനം

സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിന് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നതിന് ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 48.82 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

02—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

2011-12 സാമ്പത്തിക വർഷത്തിൽ 50 പത്രപ്രവർത്തകൾക്ക് ഭവനനിർമ്മാണ സബ്സിഡി നൽകുന്നതിനായി 7 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

06—പാർലമെന്റ് അംഗങ്ങൾക്കും നിയമസഭാ അംഗങ്ങൾക്കുമുള്ള ഭവനപദ്ധതി

പുതിയ നിയമസഭ നിലവിൽവന്ന സാഹചര്യത്തിൽ കൂടുതൽ എം.എൽ.എ. മാർക്ക് ഭവനവായ്പ നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിനായി 226 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

35—ലക്ഷം വീട് ബമ്പർ ലോട്ടറി-തനതു വരുമാനം

ലക്ഷം വീട് ബമ്പർ ലോട്ടറിയിലൂടെ ലഭിച്ച 6 കോടി രൂപ ഹൗസിംഗ് ബോർഡിഗ് ലഭിച്ചിട്ടില്ലാത്തതിനാൽ ആ തുക ലക്ഷം വീട് പദ്ധതിക്കായി വിനിയോഗിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-800-87—പ്രവാസി ഭവനപദ്ധതി

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകകൊണ്ട് ബോർഡിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ മുളങ്കുന്നത്തുകാവിലുള്ള ഭൂമിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി മാത്രമേ മതിയാകുകയുള്ളൂ. സർക്കാർ അംഗീകാരം ലഭിച്ച കോഴിക്കോട് ഭവനപദ്ധതി

നടപ്പിലാക്കുന്നതിനായി കൂടുതൽ തുക വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോഴിക്കോട് പ്രവാസി ഭവന പദ്ധതി നടപ്പിലാക്കുവാൻ 100 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-106-99—ഭരണവും നടത്തിപ്പും-2059 പൊതുമരാമത്ത് എന്നതിൽനിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

2011-12 വർഷത്തേക്ക് 4210-01-106-98, 4210-01-106-96, 4210-01-106-94 എന്നീ ശീർഷകങ്ങളിൽ ഗവൺമെന്റ് സെർവെന്റ്സ് ക്വാർട്ടേഴ്സ്, ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ, സീനിയർ ഓഫീസർമാരുടെ പാർപ്പിട സൗകര്യം എന്നിവയ്ക്കായി 20% എസ്റ്റാബ്ലിഷ്മെന്റ് വിഹിതം നൽകുന്നതിന് 259.2 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-106-98—നിർമ്മാണം

02—ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കുള്ള ക്വാർട്ടേഴ്സ് (16) വൻകിട മരാമത്ത് പണികൾ

ഈ ശീർഷകത്തിൽ (02) ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് 140 ലക്ഷം രൂപ (പ്ലാൻ), (05) വനിതകൾക്ക് മതിയായ ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തൽ 116 ലക്ഷം രൂപ (പ്ലാൻ), (06) ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റലിന് 240 ലക്ഷം രൂപ (പ്ലാൻ) എന്നിവ അനുവദിച്ചിട്ടുണ്ട്. എൻ.ജി.ഒ. ക്വാർട്ടേഴ്സ്, പൊതുമരാമത്ത് ജീവനക്കാരുടെ ക്വാർട്ടേഴ്സ്, പാലക്കാട്-ഹരിനഗർ എൻ.ജി.ഒ. ക്വാർട്ടേഴ്സ്, കണ്ണൂർ ഗവൺമെന്റ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നിവ പുരോഗതിയിലാണ്. കൂടാതെ വിവിധ ജില്ലകളിൽ പുതുതായി പല പണികളും ഏറ്റെടുക്കാനുമുള്ളതുകൊണ്ട് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

03—ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ (16) വൻകിട മരാമത്ത് പണികൾ

എറണാകുളം, തൃക്കാക്കരയിൽ പണി പൂർത്തിയായ വർക്കിംഗ് വുമൺസ് ഹോസ്റ്റലിൽ ഫർണീച്ചർ ലഭ്യമാക്കുന്നതിലേക്കായി 100 ലക്ഷം രൂപ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

04—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി (16) വൻകിട മരാമത്ത് പണികൾ

തിരുവനന്തപുരം, ഇടുക്കി, എറണാകുളം ജില്ലാകളക്ടർമാർക്കുള്ള ക്വാർട്ടേഴ്സ്, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ, സീനിയർ ഉദ്യോഗസ്ഥർ എന്നിവർക്ക് ക്വാർട്ടേഴ്സ് പണിയുന്ന ജോലി പുതുതായി ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കി. അതിനെല്ലാംകൂടി ഈ ശീർഷകത്തിലുള്ള തുക മതിയാകുകയില്ല. ആയതിനാൽ നടന്നുകൊണ്ടിരിക്കുന്ന പണി പൂർത്തിയാക്കാനും പുതിയവ ഏറ്റെടുക്കാനും 300 ലക്ഷം രൂപകൂടി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-106-97—യന്ത്രോപകരണങ്ങൾ 2059 പൊതുമരാമത്തുനിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കുംവേണ്ടി മാറ്റിയ വിഹിതം

ഈ ശീർഷകത്തിൽ 4216-01-106-98 (496 ലക്ഷം), 4216-01-106-96 (400 ലക്ഷം), 4216-01-106-94 (400 ലക്ഷം) എന്നീ ശീർഷകങ്ങളിലെ തുകയ്ക്ക് (1296 ലക്ഷം രൂപ) ആനുപാതികമായുള്ള (1.4%) തുക നൽകേണ്ടതാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 18.14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-106-96—നഗരപ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങൾക്കുള്ള നവീന ഭവന പദ്ധതി

2011-12 വർഷത്തിൽ കോഴിക്കോട്ടും തൃശ്ശൂർ കുട്ടനെല്ലൂരിൽ രണ്ടാംഘട്ടമായും ഫ്ളാറ്റ് നിർമ്മാണപ്രവർത്തനം നടത്തുന്നതിലേക്കായി കോഴിക്കോട് നിർമ്മാണ പ്രവർത്തനത്തിനായി സ്ഥലം വാങ്ങുന്നതിന് 100 ലക്ഷം രൂപയും മറ്റു നിർമ്മാണത്തിനായി 450 ലക്ഷം രൂപയും ഉൾപ്പെടെ 550 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ ഇതിലേക്കായി വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപയിൽ കൂടാതെ, ബാക്കിവരുന്ന 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-106-95—ദേവികുളത്ത് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവനപദ്ധതി

2010-11 സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുമെന്ന പ്രതീക്ഷയിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച ദേവികുളം പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. പ്രാരംഭപ്രവർത്തനം ആരംഭിച്ച പദ്ധതിയെന്ന നിലയിൽ ഇതിന്റെ നടത്തിപ്പിലേക്കായി പാലക്കാട്, കാസർകോട് ജില്ലകളിൽ യൂണിറ്റ് നിർമ്മാണത്തിനായി 4216-01-106-94 എന്ന ഹെഡിൽ വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപയിൽ നിന്നും 200 ലക്ഷം രൂപ ദേവികുളം പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-01-700-93—ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി (പ്ലാൻ)

ജുഡീഷ്യൽ ഓഫീസർമാർക്ക് സൗജന്യ താമസ സൗകര്യം ഒരുക്കാനായി ഭൂമി അക്വയർ ചെയ്ത് കൂടുതൽ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതായുള്ളതിനാൽ ഇതിൽ ലഭ്യമായ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

4216-80-195-99 (05)—പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ-ഓഹരി മൂലധനം, അംശദാനം

സർക്കാരിൽ നിന്നും ഒരു സംഘത്തിന് ലഭിക്കാവുന്ന ഓഹരി മൂലധനത്തിന്റെ പരിധി സംഘം അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധന തുകയുടെ നാലിരട്ടിയോ അതോ പരമാവധി 10 ലക്ഷം രൂപയോ ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച 50 ലക്ഷം രൂപയ്ക്കുപുറമേ 150 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

6216-80-190-98—പാർപ്പിടാവകാശ പദ്ധതി-ഭവനരഹിതരായ ആളുകൾക്ക് കെ. എസ്. എഫ്. ഇ.യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതി-വായ്പയും പലിശയും

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കായി 'സാഫല്യം' എന്ന പേരിൽ ആരംഭിച്ച ഭവനവായ്പാ പദ്ധതിയുടെ ആദ്യഘട്ടമായി 10000 വീടുകൾ നിർമ്മിക്കുന്നതിലേക്കായി വകയിരുത്തിയ 1 കോടി രൂപയ്ക്ക് പുറമേ പ്രസ്തുത ആവശ്യത്തിനായി 9 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റിൽ വകയിരുത്തിയ തുക പദ്ധതി ഇനത്തിലെ നിർമ്മാണപ്രവർത്തന ങ്ങൾക്കും പദ്ധതിയേതര ഇനങ്ങളിലെ ഫണ്ട് റഗുലറൈസേഷനും തീരെ അപര്യാപ്ത മായതിനാൽ പ്ലാൻ ഇനത്തിൽ 150 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 2532.21 ലക്ഷം രൂപയും അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ആസൂത്രണ ബോർഡ് അംഗീകരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പോലീസ് വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. പ്രസ്തുത തുക ഉപയോഗിച്ച് സ്വന്തമായി യാതൊരുവിധ ആസ്തികളും സ്ഥാപിക്കുന്നില്ല. കൂടാതെ ഈ കോർപ്പറേഷന്റെ ദൈനംദിന ചെലവും ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള എല്ലാ ചെലവുകളും കോർപ്പറേഷൻ സ്വരൂപിക്കുന്ന ഫണ്ടിൽനിന്നുമാണ് നൽകിവരുന്നതും. ഇപ്രകാരം പോലീസ് വകുപ്പിനുവേണ്ടി നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്തു കൊടുക്കുന്നതിന് കോർപ്പറേഷൻ മുതലും പലിശയും ഗഡുക്കളായി തിരികെ ഒടുക്കണ മെന്നുള്ള ഉത്തരവ് കോർപ്പറേഷന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കും. ഈ സാഹചര്യ ത്തിൽ കോർപ്പറേഷൻ ലോൺ ശീർഷകത്തിൽ വകയിരുത്തുന്ന തുക ശീർഷകം മാറ്റി ഗ്രാന്റായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

മാർക്കറ്റ് ബോറോയിംഗ് (ഭവനനിർമ്മാണ ബോർഡ്)

പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബോർഡിന് പ്രവർത്തന മൂലധനം ആവശ്യമായതിനാൽ മാർക്കറ്റ് ബോറോയിംഗ് ഇനത്തിൽ 1,000 ലക്ഷം രൂപ ബോർഡിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

ബോർഡിന്റെ Unmet Deficit നികത്താനുള്ള സർക്കാർ സഹായം

മൈത്രി ഭവന പദ്ധതി നടപ്പിലാക്കുന്നതിന് വായ്പ സ്വരൂപിച്ചതുവഴി ബോർഡിന് അധിക സാമ്പത്തികബാധ്യത ഉണ്ടായിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച സബ്സിഡി തുക കാലാകാലങ്ങളിൽ ലഭിക്കാതിരിക്കുന്നതുമൂലം ഈ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും സ്വരൂപിച്ച വായ്പാധനം മൈത്രി ഭവന പദ്ധതിയുടെ സബ്സിഡി നൽകുന്നതിന് ബോർഡ് ഉപയോഗിക്കുകയുണ്ടായി. ബോർഡിന്റെ വരുമാനവും ബാദ്ധ്യതയും തമ്മിലുള്ള അന്തരം നികത്താമെന്ന സർക്കാർ ഉറപ്പുനൽകിയ ഉത്തരവിൻപ്രകാരം 2006-07 മുതൽ 2011-12 വരെയുള്ള വർഷങ്ങളിലേക്ക് ആകെ 85100 ലക്ഷം രൂപ വിഹിതമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള Annuity Deposit മടക്കി നൽകുന്നതിനുള്ള സർക്കാർ വിഹിതം

ബോർഡ് നടപ്പിലാക്കിയ മൈത്രി ഭവന പദ്ധതിയിൻകീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ Annuity Deposit Scheme പ്രകാരം നിക്ഷേപിച്ച തുക മടക്കി നൽകുന്നതിനായി ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ 2185 ലക്ഷം രൂപ ബോർഡിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

കൽപ്പറ്റ ഹൗസിംഗ് സ്കീമിൽ ബോർഡിന് സർക്കാരിൽനിന്നും ലഭിക്കേണ്ട തുക

1985-ൽ കൽപ്പറ്റ മുണ്ടേരിയിലെ റന്റൽ ഹൗസിംഗ് സ്കീമിലുള്ള 43 വീടുകളും 3 പ്ലോട്ടുകളും സർക്കാർ വിലയ്ക്കെടുത്ത വകയിൽ പലിശ ഉൾപ്പെടെ 176.76 ലക്ഷം രൂപ സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

ട്രെയിനിംഗ് പ്ലാൻ

ബോർഡിലെ ജീവനക്കാർക്ക് ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനും എഞ്ചിനീയർമാർക്ക് അനുദിനം മാറിവരുന്ന സാങ്കേതിക വിദ്യകളിൽ പരിജ്ഞാനം നൽകുന്നതിലേക്കുമായി 15 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-103-99 (09)—മൈത്രി ഭവനപദ്ധതി

മൈത്രി ഭവനപദ്ധതിയുടെ പലിശ സബ്സിഡിയായി 16485.13 ലക്ഷം രൂപയും ബോർഡിന്റെ വായ്പ സർക്കാർ എഴുതിത്തള്ളിയ ഇനത്തിൽ 16375.85 ലക്ഷം രൂപ ഉൾപ്പെടെ 32860.98 ലക്ഷം രൂപ ബോർഡിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-03-104-99 (01)—സർക്കാർ ജീവനക്കാർ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സബ്സിഡിക്കായുള്ള ധനസഹായം

സർക്കാർ ഉദ്യോഗസ്ഥൻമാർ പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള ഭവനനിർമ്മാണ വായ്പയുടെ മുതൽ, പലിശ സഹിതം കുടിശ്ശിക വരുത്താതെ അടയ്ക്കുകയാണെങ്കിൽ സർക്കാരിൽ നിന്നും 3% വരെ പലിശ സബ്സിഡി നൽകുന്ന ഈ പദ്ധതിപ്രകാരം 1992-93 മുതൽ 2010-2011 വരെ പലിശ സബ്സിഡി ഇനത്തിൽ കുടിശ്ശിക തുകയായ 4,69,89,210 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

8216-80-195-99 (04)—സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിനുള്ള വായ്പാ ധനസഹായം

ഈ പദ്ധതിപ്രകാരം സംഘം ചെലവാക്കേണ്ട തുകയുടെ 80%, പരമാവധി 100 ലക്ഷം രൂപ എന്നതിനുവിധേയമായി സർക്കാരിൽ നിന്നും വായ്പ നൽകാൻ വ്യവസ്ഥ

ചെയ്തതിൻ പ്രകാരം 1996-97 വരെ 70.40 ലക്ഷം രൂപ, അതിനുശേഷം 2001-02-ൽ 10 ലക്ഷം രൂപ എന്നിങ്ങനെ വായ്പ നൽകിയിട്ടുണ്ട്. അതിനുശേഷമുള്ള വർഷങ്ങളിൽ തുകയൊന്നും വക കൊള്ളിച്ചിട്ടില്ലാത്തതിനാൽ 2011-12-ൽ ന്യായമായ തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2216-80-190-99—കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷന് അക്യുമിലേറ്റഡ് നഷ്ടവും ബാലൻസ് സബ്സിഡിയും പരിഹരിക്കുന്നതിനുള്ള ധനസഹായം

പ്രസ്തുത ശീർഷകത്തിൽ 52.65 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും തുടർന്നുള്ള ബഡ്ജറ്റിൽ 1000 രൂപ ടോക്കൺ പ്രോവിഷൻ മാത്രമാണ് അനുവദിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ 52.65 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരളത്തിൽ വലിയ തോതിൽ ഫ്ളാറ്റ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതിനാൽ ആഗോള താപനത്തിന്റെ തീവ്രത കണക്കിലെടുത്ത് ഫ്ളാറ്റ് നിർമ്മാണ മേഖലയിൽ ഗ്രീൻ ബൽറ്റ് നിർബന്ധമാക്കേണ്ടതും ഫ്ളാറ്റുകളുടെ പ്ലാൻ അംഗീകരിക്കുമ്പോൾ തന്നെ ഗ്രീൻബെൽറ്റ് വേണമെന്ന നിർദ്ദേശം ഭവന നിർമ്മാണ ബോർഡും ലോക്കൽ ബോഡിയും നൽകേണ്ടതുമാണെന്ന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

## ധനാഭ്യർത്ഥന XXXVI—സാമൂഹ്യവികസനം

2501-06-197-48-01—ഇന്ദിര ആവാസ് യോജന

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വീട് നിർമ്മിച്ചുകൊടുക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. 2420 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

75% കേന്ദ്ര സഹായവും 25% സംസ്ഥാന വിഹിതവുമുള്ള ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന തുകയുടെ 60% പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും 40% മറ്റ് വിഭാഗക്കാർക്കും ആകെ തുകയുടെ 15% മതന്യൂനപക്ഷ വിഭാഗങ്ങൾക്കുമാണ് വിനിയോഗിക്കുന്നത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് 3% നീക്കിവയ്ക്കുന്നു. സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരും രണ്ടു സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള പിന്നോക്കാവസ്ഥയിലുള്ളവർക്കായി 25 ചതുരശ്രമീറ്ററിനും 40 ചതിരശ്രമീറ്ററിനും ഇടയ്ക്ക് വിസ്തീർണ്ണമുള്ള ഭവനം നിർമ്മിക്കുന്നതിന് 2010-11 വർഷം മുതൽ തുക 43,600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പ്രസ്തുത തുക ജനറൽ കാറ്റഗറിക്ക് 76,000 രൂപയായി (സംസ്ഥാന വിഹിതം ഉയർന്ന പരിധിയിലാക്കി) ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2505-01-800-99—ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യാൻ സന്നദ്ധതയുള്ള, പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും പ്രതിവർഷം 100 ദിവസത്തെ അധിക തൊഴിലിന് നിയമപരമായ ഉറപ്പ് നൽകുന്ന പദ്ധതിയാണിത്.

സംസ്ഥാന വാർഷിക പ്രവൃത്തിയിൽ പ്ലാൻ (എ.എ.പി.) അനുസരിച്ച് തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനും, പദ്ധതി ആനുകൂല്യം കാർഷിക മേഖല, ക്ഷീരമേഖല, നീർത്തടാധിഷ്ഠിത പദ്ധതികൾ എന്നിവയിലേക്ക് വ്യാപിപ്പിക്കുന്നതിനും ഈടുറ്റ സാമൂഹിക വികസന ആസ്തികൾ സൃഷ്ടിക്കുന്നതിലേക്കും അംഗീകരിച്ച ലേബർ ബഡ്ജറ്റിനേക്കാളും ചെലവു വരുന്ന സാഹചര്യത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 30 കോടി രൂപ അപര്യാപ്തമായതിനാൽ 900 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പണിയെടുക്കുന്നവർക്ക് പണിയായുധങ്ങൾ വാങ്ങുന്ന കാര്യത്തിൽ അഴിമതി ഒഴിവാക്കിക്കൊണ്ട് മെറ്റീരിയൽ പർച്ചേയ്സ് ചെയ്യാനുള്ള ഒരു സംവിധാനം കൊണ്ടുവരേണ്ടതാണെന്നും ഇതിൽ പണം ചെലവഴിക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ് എന്നും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ആഫീസിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വേതനം പരിഷ്കരിക്കണമെന്നും സമിതി നിർദ്ദേശം നൽകി.

2505-01-800-97—മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് സെൽ

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിൽ എക്സ്പേർട്ട് കൺസൾട്ടന്റുമാരെയും ജില്ലാതലത്തിൽ റിസോഴ്സ് പേഴ്സൺമാരേയും വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റർമാരേയും കണ്ടെത്തി പരിശീലിപ്പിക്കുന്നതിന് സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ നേതൃത്വം നൽകുന്നതിലേക്കായി ചെലവിനത്തിൽ 82,99,600 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-102-61—സമ്പൂർണ്ണ ശുചിത്വയജ്ഞം

പുതുക്കിയ മാനദണ്ഡം അനുസരിച്ച് സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ ഓരോ ഘടകത്തിനും കേന്ദ്ര സംസ്ഥാന വിഹിതം വ്യത്യസ്ത നിരക്കിലാണ് നിജപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നിലവിലെ 75:25 എന്ന അനുപാതം ഒഴിവാക്കി 68:32 എന്ന അനുപാതം നിശ്ചയിക്കണമെന്നും നാളിതുവരെയുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ 852.57 ലക്ഷം രൂപ കൂടി വകയിരുത്തണമെന്നും ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-102-62—ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ

ബ്ലോക്ക് ഓഫീസുകളിൽ സമഗ്രമായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് അവ പഞ്ചായത്തുകളുടേയും ബ്ലോക്കുകളുടേയും ആസൂത്രണ പ്രവർത്തനങ്ങൾക്കാവശ്യമായ തരത്തിൽ തുടർച്ചയായി ലഭിക്കുന്നതിനാണ് ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. തദ്ദേശ ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇലക്ട്രോണിക് രീതിയിലാക്കി സൂക്ഷിക്കുവാൻ സഹായിക്കുന്നതും പ്രസ്തുത സെന്ററുകളാണ്. ഈ സെന്ററുകൾ പ്രവർത്തിക്കുവാനായി നൽകിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമാണ്. ആകയാൽ 30 ലക്ഷമെന്ന പദ്ധതി വിഹിതം ഒരു കോടി രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2011-12-ലെ ബഡ്ജറ്റിൽ താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ താഴെക്കാണും പ്രകാരം അധികം തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യാനും തീരുമാനിച്ചു.

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | ശീർഷകം | അധികം ശുപാർശ ചെയ്യുന്ന തുക |
|---|---|---|
| 1 | 2515-00-001-50-01(4)(മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്) | 1.94 |
| 2 | 2515-00-001-50-04(1)(യാത്രാബത്ത) | 2.50 |
| 3 | 2515-00-001-49-01-(4)(മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്) | 1.50 |
| 4 | 2515-00-001-49-04(1)(യാത്രാബത്ത) | 1.00 |
| 5 | 2515-00-001-48-01(4)(മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്) | 1.27 |
| 6 | 2515-00-001-48-04(1)(യാത്രാബത്ത) | 1.30 |
| 7 | 2515-00-102-89-01(പ്രയുക്ത പോഷകാഹാര പരിപാടി) | 55.78 |
| 8 | 2515-00-102-85-04(1)(യാത്രാബത്ത) | 0.86 |
| 9 | 2515-00-003-50-12(സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും) | 37.58 |
| 10 | 2515-00-102-81-06(വാടക, കരം, നികുതി) | 0.50 |
| 11 | 2515-00-102-49(കേരംസ്) | 18.59 |

ഒരു പഞ്ചായത്തിലെ ഓരോ സർക്കിളിനും ഓരോ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്ന നിലയിലാണ് പഞ്ചായത്തുകളിൽ വി.ഇ.ഒ. മാരെ നിയമിച്ചിരിക്കുന്നത്. അങ്ങനെ ഏകദേശം 1800 ഓളം വി.ഇ.ഒ. സർക്കിളുകൾ ഉണ്ട്. വി.ഇ.ഒ.മാർക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ നിർദ്ദേശം കൊടുത്തെങ്കിലും ചില

പഞ്ചായത്തുകളിൽ ഇവർക്ക് ഇരിക്കാനായി പ്രത്യേക സൗകര്യമൊന്നും ഏർപ്പെടുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുകയും പഞ്ചായത്തുകൾ ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

പ്രസ്തുത യോഗത്തിൽ പരിഗണിക്കാനിരുന്ന കുടുംബശ്രീ, അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി എന്നിവയുടെ പരിശോധന സമിതിയുടെ അടുത്ത യോഗത്തിലേക്ക് മാറ്റിവയ്ക്കുന്നതിന് സമിതി തീരുമാനിച്ചു.

സമിതി യോഗം 12.35-ന് പിരിഞ്ഞു.

## അനുബന്ധം 2

## 2011 ആഗസ്റ്റ് 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ യോഗം 2011 ആഗസ്റ്റ് 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കു ശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. പി.റ്റി.എ. റഹീം
3. ശ്രീ. വി. ശിവൻകുട്ടി
4. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
5. ശ്രീ. ഇ.കെ. വിജയൻ
6. ശ്രീ. കെ.വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ശ്രീ. ആർ.കെ. സിംഗ്, സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്
4. ശ്രീ. കെ.ആർ. മുരളീധരൻ, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5. ശ്രീമതി ശാരദ മുരളീധരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് പോവർട്ടി ഇറാഡിക്കേഷൻ മിഷൻ

6. ശ്രീ. കെ. അജയകുമാർ, ഡയറക്ടർ, അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

7. ശ്രീ. പി.പി. ബാലൻ, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

8. ശ്രീ. എ. സ്റ്റാൻലി, ഡയറക്ടർ(ഓപ്പറേഷൻസ്), കേരള ശുചിത്വ മിഷൻ

9. ശ്രീ. കെ. ഷാജി, ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

10. ഡോ. കൃഷ്ണ ഡിയോ പ്രസാദ് സാഹു. പ്രോജക്ട് ഡയറക്ടർ, അഹാർഡ്സ്

11. ശ്രീ. കെ. അജിത് കുമാർ, പ്രോജക്ട് ഡയറക്ടർ, KSUDP

12. ശ്രീ. ജെ. സദാനന്ദൻ, ജോയിന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്

13. ശ്രീ. കെ. സുന്ദരൻ, ചീഫ് എഞ്ചിനീയർ, ലോക്കൽ സെൽഫ് ഗവ: ഡിപ്പാർട്ട്മെന്റ്

14. ശ്രീമതി ആനിയമ്മ ജോസഫ്, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

15. ശ്രീ. പി.എസ്. ജയന്തൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

16. ശ്രീ. ടി. എസ്. കൃഷ്ണമൂർത്തി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പി.എം.ജി.എസ്.വൈ.

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ധനാഭ്യർത്ഥനകളിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥന നമ്പർ XXII-നഗരവികസനം, XXXV-പഞ്ചായത്ത് എന്നിവയും സമിതിയുടെ 3-8-2011-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കാതെ മാറ്റിവച്ച ധനാഭ്യർത്ഥന നമ്പർ XXXVI-സാമൂഹ്യവികസനം-ൽ ഉൾപ്പെട്ട കുടുംബശ്രീ, അഹാഡ്സ് എന്നിവയും സമിതി പരിശോധനയ്ക്കെടുക്കുകയും യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും നൽകാൻ തീരുമാനിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXII – നഗരവികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് സമിതി ആദ്യം ചർച്ച ചെയ്തത്. നഗരവികസന പദ്ധതികളിൽ കൂടുതലും കേന്ദ്രാവിഷ്കൃത പദ്ധതികളും ഇ.എ.പി.യുമാണെന്ന് യോഗത്തിൽ ഹാജരായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ജെ.എൻ.യു.ആർ.എം-ന്റെ ഭാഗമായി 14 പ്രേജക്ടുകൾക്ക് സെൻട്രൽ ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അതിൽ 6 എണ്ണം തിരുവനന്തപുരത്തും 8 എണ്ണം കൊച്ചിയിലുമാണെന്നും 4 പ്രോജക്ടുകൾ ഇപ്പോൾ ഇംപ്ലിമെന്റേഷൻ സ്റ്റേജിലാണെന്നും ബന്ധപ്പെട്ട സെക്രട്ടറി വിശദീകരിച്ചു. കൂടാതെ തിരുവനന്തപുരം നഗരത്തേയും ഒരു ഹെറിറ്റേജ് പ്രോജക്ട് നടപ്പാക്കുന്നതിനായി കൊച്ചി നഗരത്തേയും ഉൾപ്പെടുത്തി ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതായും വകുപ്പ് സെക്രട്ടറി അറിയിച്ചു.

ജെ.എൻ.യു.ആർ.എം-ന്റെ കീഴിലുള്ള സിവിൽ വർക്കിന്റെ 50 % ഉം വരുന്നത് സ്വീവറേജ് പാക്കേജ് ആണെന്നും സ്വീവറേജ് പാക്കേജുമായി ബന്ധപ്പെട്ട് കോൺട്രാക്ടേഴ്സിന്റെ ബിഡ്സ് കിട്ടുന്നില്ലായെന്നും ടെൻഡർ എക്സസുമായി ബന്ധപ്പെട്ട് കൂറെ പ്രശ്നങ്ങളുണ്ടായിരുന്നുവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. കോഴിക്കോട് സ്വീവറേജ് പാക്കേജ് ക്യാബിനറ്റിന്റെ അംഗീകാരത്തോടുകൂടി അവാർഡ് ചെയ്യാൻ പോകുകയാണെന്നും കെ.എസ്.യു.ഡി.പി.യുടെ 60% ഇപ്പോൾ സിവിൽ വർക്കിന്റെ പാക്കേജിൽപ്പെടുത്തി അവാർഡുചെയ്തു കഴിഞ്ഞെന്നും സെക്രട്ടറി തുടർന്നറിയിച്ചു. ടെൻഡർ എക്സസിന്റെ പ്രശ്നം കൊണ്ടാണ് പദ്ധതിമുടങ്ങിക്കിടന്നതെന്നും ഇതുമായി ബന്ധപ്പെട്ട ഇംപ്ലിമെന്റേഷൻ കമ്മിറ്റി കൂടുകയും ക്യാബിനറ്റിൽ ഇപ്പോൾ തീരുമാനമാകുകയും ചെയ്തിട്ടുണ്ടെന്നും ബഹു. വകുപ്പുമന്ത്രിയും കൂട്ടിച്ചേർത്തു.

നഗരപ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതര പ്രശ്നമായ മാലിന്യ സംസ്കരണവും നിർമ്മാർജ്ജനവും സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച നടത്തി. ഇതിലേയ്ക്കായുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് അടിയന്തിരമായി നടപ്പിലാക്കുന്നതിനായി 10 കോടി രൂപ വച്ച് 5 കോർപ്പറേഷനുകൾക്കായി 50 കോടി രൂപയെങ്കിലും വകയിരുത്തേണ്ടതാണെന്ന് ചർച്ചയിൽ പങ്കെടുത്ത സമിതി അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി.

കേന്ദ്ര പദ്ധതികൾവഴി ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് മുനിസിപ്പാലിറ്റികൾ മാലിന്യ നിർമ്മാർജ്ജനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് വകുപ്പ് മന്ത്രി സമിതിയെ അറിയിച്ചു.

കോർപ്പറേഷന് കിട്ടേണ്ട ബിൽഡിംഗ് ടാക്സ് അടയ്ക്കുന്ന കാര്യത്തിൽ പല സ്ഥാപനങ്ങളും തികഞ്ഞ അലംഭാവമാണ് കാണിക്കുന്നതെന്നും തിരുവനന്തപുരം കോർപ്പറേഷനു തന്നെ ഏകദേശം 105 കോടി രൂപ വിവിധ സ്ഥാപനങ്ങൾ നികുതിയിനത്തിൽ കൊടുക്കാനുണ്ടെന്നും സമിതി മനസ്സിലാക്കുകയും ഈ വിഷയം ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

പുഴകളിൽ നിന്നുള്ള വെള്ളം യാതൊരു തരത്തിലുള്ള ശുചീകരണവും നടത്താതെയാണ് പട്ടണങ്ങളിൽ വിതരണം ചെയ്യുന്നതെന്നും ഇതുമൂലം ചെറുപട്ടണങ്ങളിലും നഗരങ്ങളിലും കോളറപോലുള്ള ജലജന്യരോഗങ്ങൾ പിടിപെടുന്നുണ്ടെന്നും ഇതേക്കുറിച്ച് അന്വേഷിക്കണമെന്നും സമിതിയംഗം ആവശ്യപ്പെട്ടു. ഈ വിഷയം പരിശോധിക്കാവുന്നതും വാട്ടർ അതോറിറ്റിയുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതുമാണെന്ന് വകുപ്പ് മന്ത്രി മറുപടി നൽകി.

തുടർന്ന് താഴെപ്പറയുന്ന ശുപാർശകൾ നിർദ്ദേശിക്കാൻ സമിതി തീരുമാനിച്ചു.

2217-01-800-99—<u>തലസ്ഥാന നഗര വികസന പദ്ധതി</u>

34—<u>മറ്റു ചെലവുകൾ</u>

തിരുവനന്തപുരം നഗരത്തിലെ 12 പ്രധാനപ്പെട്ട റോഡുകൾ വികസിപ്പിക്കുന്നതിനായി ട്രിഡവഴി ഏറ്റെടുത്ത സ്ഥലത്തിന് നിലവിലുളള LAR Cases കൾ

ബഹു. കോടതി വിധി പ്രകാരം തീർപ്പാക്കി നൽകുന്നതിലേക്ക് 1000 ലക്ഷം രൂപയും, തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ള പദ്ധതി പണി ചെയ്ത കോൺട്രാക്ടർ ബഹു. കേരള ഹൈക്കോടതിയിൽ ആർബിട്രേഷൻ റിക്വസ്റ്റ് ഫയൽ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത റിക്വസ്റ്റ് തീർപ്പാക്കുന്നതനുസരിച്ച് പ്രസ്തുത കോൺട്രാക്ടർക്ക് അവാർഡ് തുക നൽകുന്നതിലേക്ക് 1056 ലക്ഷം രൂപയും തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ കാലടി പ്രദേശത്ത് ആധുനിക സ്വീവറേജ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി ട്രിഡയ്ക്കു നൽകുന്നതിലേക്ക് 90 ലക്ഷം രൂപയും, തിരുവനന്തപുരം ബസ് ടെർമിനൽ വികസനവും ഈഞ്ചക്കലിൽ പുതിയ ബസ് ടെർമിനൽ നിർമ്മിക്കുന്നതിലേക്ക് സ്ഥലം ഏറ്റെടുത്ത വകയിലും അതിൻമേലുള്ള കേസുകൾ തീർപ്പാക്കുന്നതിലേക്കുമായി കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്നതിന് 104.07 ലക്ഷം രൂപ ഉൾപ്പെടെ 2250.07 ലക്ഷം രൂപ പദ്ധതികളുടെ നടത്തിപ്പിലേക്ക് ഈ സാമ്പത്തിക വർഷം ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1013.2 ലക്ഷം രൂപ കൂടാതെ 1236.87 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വൈറ്റില മൊബിലിറ്റി ഹബ്-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

കൊച്ചിയുടെ രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഈ പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തീകരിക്കുന്നതിലേക്കായി 40 കോടി രൂപ കൂടി ഈ സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-001-99—മുഖ്യനഗരാസൂത്രകന്റെ കാര്യാലയം

05-4—മറ്റിനങ്ങൾ

കമ്പ്യൂട്ടർ, അനുബന്ധ സാമഗ്രികൾ എന്നിവയുടെ അറ്റകുറ്റപണികൾക്കായി ഒരു ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 20,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-001-65—ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ

04—യാത്രാചെലവ്

2004-ലെ ശമ്പള പരിഷ്കരണ ഉത്തരവിൻ പ്രകാരം വകുപ്പിലെ സർവ്വെയർമാക്കും മറ്റു ഫീൽഡു സ്റ്റാഫിനും പി.റ്റി.എ./പി.സി.എ.എന്നിവയ്ക്ക് പകരം റഗുലർ റ്റി.എ. അനുവദിച്ചിരിക്കുന്നതിനാൽ യാത്രാബത്ത ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 6,63,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-2—വൈദ്യുതി ചാർജ്ജ്

എല്ലാ ജില്ലാ കാര്യാലയങ്ങളിലും കമ്പ്യൂട്ടറും മറ്റു ആധുനിക ഉപകരണങ്ങളും ഉപയോഗിക്കുന്നതിനാൽ കറണ്ട് ചാർജ്ജ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്ത മാണ്. ആയതിനാൽ 1,69,000 രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-3—ടെലഫോൺ ചാർജ്ജ്

ടെലഫോൺ ചാർജ്ജിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1,15,000 രൂപകൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

മിക്ക ഓഫീസുകളിലും 1999-ൽ വാങ്ങിയ വാഹനങ്ങളാണ് ഉളളത്. ഇവയുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2,08,000 രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി.ഒ.എൽ.

ഫ്യൂവൽ ചാർജ്ജിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,80,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-99—നഗരകാര്യ ഡയറക്ടറാഫീസ്

ശമ്പളം-ക്ഷാമബത്ത അധിക ചെലവ് ഇനത്തിൽ 33 ലക്ഷം രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 5 ലക്ഷം രൂപയും, ദിവസകൂലി നിരക്ക് ശമ്പളം/ ഡി.എ. വർദ്ധന എന്നിവമൂലം അധിക ചെലവായി 3.01 ലക്ഷം രൂപയും, പെൻഷൻ, പി.എഫ്. ആഫീസുകൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടം, മെയിൻ ഓഫീസ് എന്നിവയിലെ വൈദ്യുത ചാർജ്ജ് വർദ്ധനയുടെ അടിസ്ഥാനത്തിൽ 4 ലക്ഷം രൂപയും, ടെലഫോൺ ചാർജ്ജ് വകയിൽ 2.42 ലക്ഷം രൂപയും, കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ, പ്രിന്റർ, യു.പി.എസ്. മെയിന്റനൻസ് കോൺട്രാക്ട്, റിപ്പയർ ചെലവുകൾ, തപാൽ എന്നിവയുടെ ചെലവ് വർദ്ധനയിനത്തിൽ 3.99 ലക്ഷം രൂപയും കെട്ടിടങ്ങളുടെ വാടക വർദ്ധനവിനത്തിൽ 0.12 ലക്ഷം രൂപയും, വാഹന റിപ്പയർ ഇനത്തിൽ അധിക ചെലവായി 0.77 ലക്ഷം രൂപയും, ഡീസൽ, പെട്രോൾ വിലവർദ്ധന കാരണം 1.60 ലക്ഷം രൂപയും ചേർത്ത് ആകെ 53.91 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-98—നഗരകാര്യ മേഖലാ ഓഫീസുകൾ

ശമ്പള പരിഷ്കരണ അധിക ചെലവായി 41 ലക്ഷം രൂപയും, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ അധിക ചെലവായി 1.29 ലക്ഷം രൂപയും, വേതനം ഇന ത്തിൽ അധിക ചെലവായി 2.87 ലക്ഷം രൂപയും, യാത്രബത്ത അധിക ചെലവായി 1.34 ലക്ഷം രൂപയും, ടെലിഫോൺ ചാർജ്ജ് അധിക ചെലവായി 1.50 ലക്ഷം രൂപയും,

മറ്റിനങ്ങളിലായി 1.29 ലക്ഷം രൂപയും, വാടക അധിക ചെലവായി ഒരു ലക്ഷം രൂപയും, ഡീസൽ, പെട്രോൾ വില വർദ്ധനയിലൂടെ അധിക ചെലവായി 1.09 ലക്ഷം രൂപയും ചേർത്ത് ആകെ 51. 38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-97—കോർപ്പറേഷൻ മുൻസിപ്പൽ സെക്രട്ടറിമാർ

ശമ്പള പരിഷ്കരണ/ക്ഷാമബത്ത കുടിശ്ശിക ഇനങ്ങളിൽ അധിക ചെലവായി 150 ലക്ഷം രൂപയും, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അധിക ചെലവായി 4 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-91—കേരള സുസ്ഥിര നഗരവികസന പദ്ധതി

കേരള ലോക്കൽ ഗവൺമെൻറ് ഡവലപ്മെന്റ് ഫണ്ടും കെ.എസ്.യു.ഡി.പി.യുടെ പ്രധാന പദ്ധതിയായ സിവറേജ് ആന്റ് സാനിട്ടേഷൻ പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷം തുടങ്ങേണ്ടതായിട്ടുള്ളതിനാൽ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുള്ള 10500 ലക്ഷം രൂപ തീരെ പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിലെ വിഹിതം 15,000.00 ലക്ഷം രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-73—നഗരസഭകളിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ്

നഗര പ്രദേശങ്ങളിലെ നിലവിലുള്ള ഖരമാലിന്യ പരിപാലന സംവിധാനം സ്ഥാപിക്കലും പുനരുദ്ധീകരണവും

ഖരമാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നുതന്നെ തരംതിരിച്ച് സംസ്ക്കരിക്കുന്നതിനും, അവ ശേഖരിക്കുന്നതിനും, ട്രാൻസ്പോർട്ട് ചെയ്യുന്നതിനും, പൊതു സംസ്കരണ സംവിധാനം ഉണ്ടാക്കി അവിടെ സംസ്ക്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നത്. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 5 കോർപ്പറേഷനുകൾക്ക് 5 കോടി രൂപവീതം ആകെ 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നഗരസഭകളിലെ മാലിന്യ നിക്ഷേപസ്ഥലത്തിന്റെ പുനരുദ്ധീകരണവും, സാനിറ്ററി ലാന്റ് ഫീൽ സംവിധാനത്തിന്റെ നിർമ്മാണവും

വർഷങ്ങളായി ഖരമാലിന്യങ്ങൾ നിക്ഷേപിച്ചിരിക്കുന്ന നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മാലിന്യകൂമ്പാരം പരിസ്ഥിതിക്കു ഭംഗം വരാത്ത തരത്തിൽ അവിടെ തന്നെ ശാസ്ത്രീയമായി ക്യാപ്പ് ചെയ്ത് പരിഹാരം കാണുന്നതിനും ചട്ടപ്രകാരം സംവിധാനം ഏർപ്പെടുത്താനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സാനിറ്ററി ലാന്റ് ഫീൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി 20 നഗരസഭകൾക്ക് പദ്ധതി വിഹിതത്തിന്റെ 75% അല്ലെങ്കിൽ പരമാവധി 30 ലക്ഷം രൂപ നൽകുന്നതിനായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ജില്ലാ തലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ

വീടുകളിലും സ്ഥാപനങ്ങളിലുമുള്ള സെപ്ടിക് ടാങ്കുകളിൽ നിന്നും നീക്കം ചെയ്യുന്ന ഖര-ദ്രവ മാലിന്യങ്ങൾ ജലാശയങ്ങളിൽ പുറന്തള്ളാതെ ശാസ്ത്രീയമായി സംസ്ക്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം എല്ലാ ജില്ലകളിലും ഒരു ക്കേണ്ടതുണ്ട്. മാതൃകയായി ഒരു ജില്ലയിൽ 100% സാമ്പത്തിക സഹായം നൽകി 200 ലക്ഷം രൂപ മതിപ്പ് ചെലവോടുകൂടി ഒരു മോഡൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-800-72—20 മുൻസിപ്പാലിറ്റികളിലെ നഗരശുചീകരണ പ്രവർത്തനം

100% കേന്ദ്ര സഹായമുള്ള സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി 2011-12-ലെ ബഡ്ജറ്റിൽ 2217-Urban Development 80-General 800-Other Expenditure 72 എന്ന ഹെഡിൽ 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 120 ലക്ഷം രൂപ സംസ്ഥാ നത്തിന് കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 80 ലക്ഷം രൂപ ഈ വർഷം തന്നെ ലഭിക്കുമെന്നതിനാൽ 80 ലക്ഷം രൂപകൂടി പ്രസ്തുത ശീർഷകത്തിൽ അധിക മായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന് സാമൂഹ്യ വികസനവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVI-ൽ ഉൾപ്പെടുന്ന അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി, കുടുംബശ്രീ എന്നിവയിലെ കണക്കിനങ്ങൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

അഹാഡ്സിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജോലി ചെയ്തുവരുന്ന ആദിവാ സികളെ വയനാട് പ്രോജക്ട് നടപ്പാക്കുമ്പോൾ അതിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്നത് സംബന്ധിച്ച് സമിതി ആരായുകയുണ്ടായി. രണ്ടുതരത്തിലുള്ള ആൾക്കാരാണ് പദ്ധതിയിൽപ്പെടുന്നതെന്നും അതിൽ പ്രവർത്തന മികവുള്ളവരെ ഓഫീസിലും മറ്റുള്ള വരെ ഫീൽഡ് വോളന്റിയേഴ്സുമായാണ് എടുക്കുന്നതെന്നും വോളന്റിയേഴ്സിനെ സാധാരണയായി പ്രാദേശികാടിസ്ഥാനത്തിലാണ് എടുക്കുന്നതെന്നും ഇതിൽ ഓഫീസിൽ ജോലി നോക്കുന്നവരിൽ കുറെപേരെയെങ്കിലും പ്രസ്തുത പദ്ധതിയിലേക്ക് എടുക്കാൻ സാധിക്കുന്നതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കുടുംബശ്രീ മിഷന്റെ ഭവനശ്രീ പദ്ധതി പ്രകാരം വീടു നിർമ്മിക്കുന്നതിനായി നൽകിയ വായ്പ സർക്കാർ ഏറ്റെടുക്കുമെന്ന പ്രഖ്യാപനത്തെ തുടർന്ന് ദേശസാൽകൃത ബാങ്കുകളും സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും വായ്പ നൽകിയി രുന്നു. ഇതിൽ ദേശസാൽകൃത ബാങ്കുകൾ നൽകിയ വായ്പ മാത്രം സർക്കാർ ഏറ്റെ ടുത്ത് വായ്പാ തിരിച്ചടവ് നടത്തി വരുന്നത് സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗ സ്ഥനോട് വിശദീകരണം ആരാഞ്ഞു. കൊമേഴ്സ്യൽ ബാങ്കുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി എന്ന നിലയിലാണ് ഭവനശ്രീ പദ്ധതി നടപ്പിലാക്കിയതെന്നും എന്നാൽ ഈ പദ്ധതിയുടെ പരിധിയിൽപ്പെടാതെയാണ് സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും വായ്പ അനുവദിച്ചതെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഭവനശ്രീ പദ്ധതി നടപ്പിലാക്കിയ സമയത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നുണ്ടെന്ന് സഹകരണ ബാങ്കുകളിൽ നിന്ന് അറിയിപ്പൊന്നും

ലഭിച്ചിരുന്നില്ല എന്നും കൊമേഴ്സ്യൽ ബാങ്കുകളിലെ വായ്പ സർക്കാർ ഏറ്റെടുത്തതിനു ശേഷമാണ് സഹകരണ ബാങ്കുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ നൽകിയകാര്യം ശ്രദ്ധയിൽ വന്നതെന്നും ഉദ്യോഗസ്ഥൻ തുടർന്നറിയിച്ചു.

സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും വായ്പ എടുത്തിട്ടുള്ള ഗുണഭോക്താക്കൾ വായ്പ തിരിച്ചടവ് നടത്തിയിട്ടില്ലാത്തതിനാൽ അവർക്ക് റിക്കവറി നോട്ടീസ് ലഭിച്ചിരിക്കയാണെന്ന് സമിതിയംഗം സമിതിയിൽ വെളിപ്പെടുത്തി. ചില ജില്ലകളില പ്രത്യേകിച്ചും വടക്കൻ ജില്ലകളിൽ വളരെയധികം സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും ഇതേ മാനദണ്ഡം പിൻതുടർന്ന് ഹൗസിംഗ് ലോണിനുവേണ്ടി ഭവനശ്രീയുടെ പേരിൽതന്നെ വായ്പ അനുവദിച്ചിട്ടുണ്ട് എന്നും കൂടാതെ ചില സ്ഥലങ്ങളിലെ പഞ്ചായത്തുകളിൽ കുടുംബശ്രീ മിഷന്റെ കീഴിൽ വരുന്ന അയൽക്കൂട്ടങ്ങളുടെ യൂണിറ്റുകൾക്ക് സഹകരണ ബാങ്കുകളിൽ മാത്രമേ അക്കൗണ്ടുള്ളു എന്നതുകൊണ്ടും നിരവധി ഗുണഭോക്താക്കൾ സഹകരണ ബാങ്കുകളിൽ നിന്നും ഈ വായ്പ ലഭ്യമാക്കിയിട്ടുണ്ട് എന്നും സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച് കൃത്യമായി വിവരം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചാലുടൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ബഹു. വകുപ്പുമന്ത്രി ഉറപ്പുനൽകി.

2515-00-800-48—കുടുംബശ്രീ

ഭരണ നിർവ്വഹണം, സി.ഡി.എസ്. ആഡിറ്റ്, അക്കൗണ്ടിംഗ് സപ്പോർട്ട് എന്നിവ ഉൾപ്പെടുന്ന സംഘടനാ പ്രവർത്തനത്തിനും, ആശ്രയ, ബഡ്സ്, ബാലസഭ, പട്ടികവർഗ്ഗ വികസനം, കുട്ടികളുടെ കായിക ആരോഗ്യപരിപാടി തുടങ്ങിയവ ഉൾക്കൊളളുന്ന സാമൂഹ്യ വികസന പരിപാടികൾക്കും മൈക്രോ ഫിനാൻസ്, മാച്ചിംഗ് ഗ്രാന്റ്, യുവശ്രീ, സമഗ്ര എന്നിവ നടപ്പാക്കുന്ന പ്രാദേശിക വികസന പദ്ധതിക്കും വേണ്ടി ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. പ്രസ്തുത പദ്ധതികൾ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുപുറമേ മഹിള കിസാൻ ശാക്തീകരണ പരിയോജന പദ്ധതി കൂടി നടപ്പിലാക്കുന്നതിനായി 55 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-14—ഭവനശ്രീ വായ്പ ഏറ്റെടുക്കൽ

ഭവനശ്രീ പദ്ധതി പ്രകാരം ദേശസാൽകൃത ബാങ്കുകൾ മുഖേന അനുവദിച്ചു നൽകിയ വായ്പ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കുകയും അതേ സമയം ഇതേ പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും വായ്പ എടുത്തിട്ടുള്ള ഗുണഭോക്താക്കൾ വായ്പ തിരിച്ചടവിന്റെ ബാദ്ധ്യത തുടരുകയും ചെയ്യുന്നത് നീതീകരിക്കാവുന്നതല്ല. ആയതിനാൽ ഭവനശ്രീ പദ്ധതി പ്രകാരം സഹകരണബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും അനുവദിച്ച വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കണമെന്നും ഇതിന് മതിയായ തുക നടപ്പുവർഷം ബജറ്റിൽ വകകൊള്ളിക്കണമെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-103-99(04)—സ്വരാജ് ഭവൻ നിർമ്മാണം-സജ്ജീകരിക്കൽ

സ്വരാജ് ഭവൻ കെട്ടിട നിർമ്മാണ പ്രവർത്തനം കരാറുകാരൻ വളരെ കുറഞ്ഞ ടെൻഡർ എക്സസിൽ ചെയ്യുന്നതിനാൽ സമയബന്ധിതമായി തുക അനുവദിച്ചില്ലെങ്കിൽ പ്രവൃത്തി നിർത്തിവയ്ക്കാനിടയാകും. ഈ സാഹചര്യത്തിൽ 11.96 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

PMGSY സ്കീം പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിലവിലുള്ള ബ്ലോക്കുതല സംവിധാനം പര്യാപതമല്ല എന്ന് സമിതി വിലയിരുത്തി. ആവശ്യമായ എഞ്ചിനീയറിംഗ് വിംഗ് ഉണ്ടെങ്കിൽ മാത്രമേ ബ്ലോക്കുതല സംവിധാനം ശക്തിപ്പെടുത്തി പദ്ധതികൾക്ക് ലഭ്യമാകുന്ന ഫണ്ട് വേണ്ട വിധത്തിൽ വിനിയോഗിക്കുവാൻ സാധിക്കുകയുള്ളുവെന്നും നിലവിൽ ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ബ്ലോക്കിന് ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും എന്ന രീതിയിലാണ് വിന്യസിച്ചിരിക്കുന്നത് എന്നും പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഓരോ പഞ്ചായത്തിനും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഓരോ ബ്ലോക്കിനും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും വീതം ആവശ്യമാണ് എന്നും ഇപ്രകാരം അറുപത്തി അഞ്ച് ബ്ലോക്കുകൾക്ക് കൂടുതലായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആവശ്യമാണ് എന്നും കൂടാതെ 810 ഗ്രാമപഞ്ചായത്തുകൾക്ക് നാനൂറ്റി അഞ്ച് അസിസ്റ്റന്റ് എഞ്ചിനീയർമാരും വേണം എന്നും സമിതി മനസ്സിലാക്കുകയും ചെയ്തു.

ബ്ലോക്കുതലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 65 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികയും 405 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികയും ആവശ്യമാണ്. ഇതിനുപുറമേ ഓരോ ബ്ലോക്കിനും ഓരോ അസിസ്റ്റന്റ് എഞ്ചിനീയർ വീതം 152 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികയും ആവശ്യമായതിനാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കണമെന്നും ഇതിലേക്കായി 39 കോടി രൂപ വികയിരുത്തണമെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന് സമിതി പഞ്ചായത്തുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXV പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ശുപാർശകൾ നിർദ്ദേശിക്കാൻ തീരുമാനിക്കുകയും ചെയ്തു.

2515-00-001-99—ഭരണവും നടത്തിപ്പും-മേൽനോട്ടം

02—വേതനം

ശമ്പള പരിഷ്കരണ ഉത്തരവിലൂടെയുള്ള വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

കൺസൾട്ടേറ്റീവ് കമ്മിറ്റി കെട്ടിടത്തിന്റെ വാടകയിനത്തിലും പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് കെട്ടിടത്തിന്റെ വാടകയിനത്തിലും തിരുവനന്തപുരം നഗരസഭയ്ക്ക് കൊടുക്കുവാനുള്ള കുടിശ്ശിക ഉൾപ്പെടെ 6,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിഹിതം 2,00,000 രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി. ഒ. എൽ.

5 സംസ്ഥാനതല ടൂറിംഗ് ഓഫീസർമാർ സേവനമനുഷ്ഠിക്കുന്ന പഞ്ചായത്ത് ഡയറക്ടറേറ്റിന് ഇന്ധന ചെലവിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1,88,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-001-97—ജില്ലാഭരണം

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ നടപ്പു വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,48,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04—യാത്രാ ചെലവുകൾ

1—യാത്രാബത്ത

വിവിധ ജില്ലകളിൽ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കുടിശ്ശികയുൾപ്പെടെയുള്ള തുക കൊടുക്കുന്നതിന് 21,92,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും

ഒരു ജില്ലയ്ക്ക് പ്രതിവർഷം ഏറ്റവും കുറഞ്ഞത് 25,000 രൂപ എന്ന നിരക്കിൽ 14 ജില്ലകൾക്കായി 3,50,000 രൂപ ചെലവാകും എന്നതിനാൽ 1,40,000 രൂപകൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി. ഒ. എൽ.

ഇടുക്കി, വയനാട് തുടങ്ങിയ മലയോര ജില്ലകൾക്കും പാലക്കാട്, മലപ്പുറം തുടങ്ങിയ വിസ്തൃതി കൂടിയ ജില്ലകൾക്കും ഇന്ധനത്തിന് കൂടുതൽ തുക അനുവദിക്കുന്നതിനും നിലവിലുള്ള കുടിശ്ശികകൾ തീർക്കുന്നതിനുമായി ഒരു ജില്ലയ്ക്ക് ഒരു ലക്ഷം രൂപ നിരക്കിൽ ഈ ഇനത്തിൽ വകയിരുത്തേണ്ടതാണ്. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 9,54,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-003-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സഹായധനം

കിലയുടെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുന്നതിനും പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും അക്കാദമിക് തലത്തിൽ അംഗീകാരം നേടിയെടുക്കുന്നതിനുമായി കിലയെ കൽപ്പിത സർവ്വകലാശാലയായി ഉയർത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ കിലയെ ഒരു കല്പിത സർവ്വകലാശാലയാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകണമെന്നും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അനുവദിക്കണമെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കണ്ണൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ കിലയുടെ മേഖലാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലമെടുപ്പിന് 1 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് സർട്ടിഫിക്കറ്റ് കോഴ്സ് ചെലവിനായി 15 ലക്ഷം രൂപയും കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101—പഞ്ചായത്ത് രാജ് ജേർണലിന്റെ പ്രസിദ്ധീകരണം

പഞ്ചായത്ത് രാജ് മാസികയുടെ ഘടനയിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനായി (മൾട്ടികളർ പ്രിന്റിംഗ്) ബജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-95—മറ്റ് സ്ഥാപനങ്ങൾക്കുള്ള ധനസഹായം-സഹായധനം

അഖിലേന്ത്യാ പഞ്ചായത്ത് പരിഷത്തിന് സഹായധനം നൽകുന്നതിനായി ആവശ്യമായ തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-13—കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ സേവന പ്രദാന പദ്ധതി പ്രകാരമുള്ള പ്രോജക്ട് മാനേജ്മെന്റും കപ്പാസിറ്റി ബിൽഡിംഗും (കെ.എൽ.ജി.എസ്.ഡി.പി.) ലോകബാങ്ക് സഹായം

2011-2012 സാമ്പത്തിക വർഷത്തേക്ക് 2100 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1000 രൂപ മാത്രമാണ് വകകൊള്ളിച്ചത്. എന്നാൽ Additional Authorisation ആയി 250 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായതിനാൽ ബാക്കി 1850.00 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-88—സംസ്ഥാന ജില്ലാ തലങ്ങളിൽ ഏറ്റവും നല്ല പഞ്ചായത്തുകൾക്കുള്ള അവാർഡുകൾ

സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രാമപഞ്ചായത്തിന് സ്വരാജ് ട്രോഫിയും പ്രത്യേക പദ്ധതി സഹായധനവും പ്രോത്സാഹന ധനസഹായവും നൽകുന്നതിന് സംസ്ഥാന തലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിന് 5,00,000 രൂപയും ജില്ലാതലത്തിൽ 1,00,000 രൂപയും നൽകുന്നതിന് ബഡ്ജറ്റിൽ 19,00,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-87—തദ്ദേശ ഗവൺമെന്റുകൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ

01—ശമ്പളം

പുതുക്കിയ ശമ്പളസ്കെയിൽ നിലവിൽ വന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധികമായി തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—ഓഫീസ് ചെലവുകൾ

ഓംബുഡ്സ്മാൻ ഓഫീസിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ ബാഹുല്യം നിമിത്തം പോസ്റ്റേജ് സ്റ്റാമ്പിനും ഫോട്ടോകോപ്പി പേപ്പറിനും കൂടുതൽ തുക ആവശ്യമായി

വരുന്നതിനാൽ 1 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

ട്രിഡയുടെ സാഫല്യം കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഓംബുഡ്സ്മാൻ ഓഫീസിന്റെ വാർഷിക ചെലവുകൾക്കും വാടക കുടിശ്ശിക തീർക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-80—തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എൻജിനീയറിംഗ് വിഭാഗം-മേൽനോട്ടം

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വളരെയധികം മെഡിക്കൽ ബില്ലുകൾ പാസ്സാക്കേണ്ടതുകൊണ്ട് വിഹിതം 5 ലക്ഷം രൂപ ആയി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-3—ടെലഫോൺ ചെലവ്

കെ.എസ്.ആർ.ഡി.ബി (നിർത്തലാക്കിയത്) ഉപയോഗിച്ചുകൊണ്ടിരുന്ന രണ്ട് ടെലഫോൺ ബില്ലുകൾ കെ.എസ്.ആർ.ഡി.ബി.യുടെ ഫണ്ടിൽ നിന്നാണ് ഈടാക്കിയിരുന്നത്. ഇനിയും തുക വിനിയോഗിക്കേണ്ടത് ഈ ശീർഷകത്തിൽ നിന്നായതിനാൽ തുക 1,50,000 രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ചീഫ് എൻജിനീയറുടെ ആഫീസിൽ അത്യാവശ്യമായി മേശകളും അലമാരകളും വാങ്ങേണ്ടതുണ്ട്. കൂടാതെ വളരെയധികം കറസ്പോണ്ടൻസ് നടത്തുന്ന സ്ഥാപനമായതിനാൽ സ്റ്റാമ്പ് ഇനത്തിലും വളരെയധികം ചെലവ് ഉള്ളതിനാൽ വിഹിതം 3 ലക്ഷം രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

10-11-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിലേക്കായി 7.5 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് ഉത്തരവായതിനാൽ അതിനുള്ള അറ്റകുറ്റപ്പണിചെലവും കൂടി കണക്കിലെടുത്ത് 75,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി.ഒ.എൽ.

തദ്ദേശസ്വയംഭരണ വകുപ്പ് ഓഫീസിന് ഒരു പുതിയ വാഹനം വാങ്ങാൻ അനുമതി ലഭിച്ചിട്ടുള്ളതിനാൽ ആയതിലേക്ക് ആവശ്യമായി വരുന്ന ചെലവ് കണക്കിലെടുത്ത് വിഹിതം 1.5 ലക്ഷം രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-81-12—സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ്

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗിന്റെ ഫലപ്രദമായ നടത്തിപ്പിന് യോഗ്യരായ സർട്ടിഫിക്കറ്റ് ഡിപ്ലോമധാരികളെ അപ്രന്റീസായി നിയമിക്കുന്നതിനും സ്റ്റൈപ്പന്റ് നൽകുന്നതിനും ന്യൂ സർവ്വീസ് പ്രൊസീഡ്യുർ പ്രകാരം ടി ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-196-39—ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

ആർ.ഐ.ഡി.എഫ് XI മുതൽ XVI വരെയുള്ള ട്രാൻഷെകളിലെ പ്രോജക്ടുകളാണ് നിലവിൽ നടപ്പാക്കിവരുന്നത്. നിർവ്വഹണം പുരോഗമിച്ചു വരുന്ന 53 പ്രോജക്ടുകളിലേക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തികവർഷം 620 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-197-39—ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആർ.ഐ.ഡി.എഫ്. XI മുതൽ XVI വരെയുള്ള ട്രാൻഷെകളിലായി അനുവദിച്ചിരിക്കുന്ന പ്രോജക്ടുകളിൽ 54 പ്രോജക്ടുകൾ നിലവിൽ നടപ്പാക്കിവരുന്നു. 2011-12 വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായമായി 1000 ലക്ഷം രൂപയെങ്കിലും നൽകേണ്ടിവരുമെന്ന് കണക്കാക്കുന്നതിനാൽ അധികമായി 400 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-198-37—നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ-ഗ്രാമവികസന പദ്ധതി (വി.ഡി.പി.)

2009-10 വർഷത്തിലെ ആർ.ഐ.ഡി.എഫ്.-XV-ൽ ഉൾപ്പെടുത്തി നബാർഡ് ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പൈലറ്റ് പദ്ധതിയാണ് ഗ്രാമവികസന പദ്ധതി. പദ്ധതി പുരോഗതി കൈവരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിന് ന്യൂ സർവ്വീസ് നടപടിക്രമം വഴി പുതുതായി അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ 300 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-98-CRSP—പി.എം.ജി.എസ്.വൈ. പദ്ധതിക്കുള്ള സംസ്ഥാന ധനസഹായം

PMGSYയുടെ മുടങ്ങിക്കിടക്കുന്ന പണികൾ പൂർത്തിയാക്കുവാൻ 82 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.

അനുബന്ധം 3

## 2011 ആഗസ്റ്റ് 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2011 ആഗസ്റ്റ് മാസം 19-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ളക്സിലെ IV–B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. റ്റി. എ. റഹീം
2. ശ്രീ. വി. ശിവൻകുട്ടി
3. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
4. ശ്രീ. ഇ. കെ. വിജയൻ
5. ശ്രീ. കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

2011-2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. കരട് റിപ്പോർട്ടിലെ 51-ാം ഖണ്ഡികയിലെ അവസാനത്തെ വാചകത്തിലെ "ഖരമാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തിയ നഗരസഭകളിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും പുതുതായി രൂപീകരിച്ചിട്ടുള്ള ഏഴ് നഗരസഭകളിൽ പദ്ധതി വിഹിതത്തിന്റെ 75% അല്ലെങ്കിൽ പരമാവധി 75 ലക്ഷം രൂപ എന്ന തോതിൽ സാമ്പത്തിക സഹായം നൽകാൻ 600 ലക്ഷം രൂപ വേണ്ടിവരുമെന്ന് സമിതി കണക്കാക്കുന്നു." എന്നത് "ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 5 കോർപ്പറേഷനുകൾക്ക് 5 കോടി രൂപാ വീതം ആകെ 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു" എന്ന് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

2. കരട് റിപ്പോർട്ടിലെ 88-ാം ഖണ്ഡികയിലെ അവസാനത്തെ വരിയിലെ '50 ലക്ഷമായി' എന്നത് "ഒരു കോടി രൂപയായി" എന്ന് ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു.

3. കരട് റിപ്പോർട്ടിൽ ധനാഭ്യർത്ഥന XXXVI-ന്റെ ഭാഗമായി ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ ബാങ്ക്/സൊസൈറ്റികൾ അനുവദിച്ച വായ്പ സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ചും PMGSY സ്കീം പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുമുള്ള സമിതിയുടെ നിരീക്ഷണവും ശുപാർശയും വ്യക്തമാക്കുന്നതിനായി താഴെപ്പറയുന്ന ഖണ്ഡികകൾ കൂട്ടിച്ചേർക്കാൻ സമിതി നിർദ്ദേശിച്ചു:

"2515-00-800-14—ഭവനശ്രീ വായ്പ എറ്റെടുക്കൽ

കുടുംബശ്രീ മിഷന്റെ ഭവനശ്രീ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനായി ദേശസാൽകൃതബാങ്കുകളും സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും വായ്പ നൽകിയിരുന്നു. ഇതിൽ ദേശസാൽകൃത ബാങ്കുകൾ നൽകിയ വായ്പ മാത്രം സർക്കാർ ഏറ്റെടുത്ത് വായ്പ തിരിച്ചടവ് നടത്തിവരുന്നത് സംബന്ധിച്ച് യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് സമിതി വിശദീകരണം ആരാഞ്ഞു.

കൊമേഴ്സ്യൽ ബാങ്കുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി എന്ന നിലയിലാണ് ഭവനശ്രീ പദ്ധതി നടപ്പിലാക്കിയതെന്നും എന്നാൽ ഈ പദ്ധതിയുടെ പരിധിയിൽപ്പെടാതെയാണ് സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും വായ്പ അനുവദിച്ചതെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഭവനശ്രീ പദ്ധതി നടപ്പിലാക്കിയ സമയത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നുണ്ടെന്ന് സഹകരണ ബാങ്കുകളിൽ നിന്ന് അറിയിപ്പൊന്നും ലഭിച്ചിരുന്നില്ല എന്നും കൊമേഴ്സ്യൽ ബാങ്കുകളിലെ വായ്പ സർക്കാർ ഏറ്റെടുത്തതിനുശേഷമാണ് സഹകരണ ബാങ്കുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ നൽകിയ കാര്യം ശ്രദ്ധയിൽ വന്നതെന്നും ഉദ്യോഗസ്ഥൻ തുടർന്നറിയിച്ചു.

ചില ജില്ലകളിൽ പ്രത്യേകിച്ചും വടക്കൻ ജില്ലകളിൽ വളരെയധികം സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും ഇതേ മാനദണ്ഡം പിൻതുടർന്ന് ഹൗസിംഗ് ലോണിനുവേണ്ടി ഭവനശ്രീയുടെ പേരിൽതന്നെ വായ്പ അനുവദിച്ചിട്ടുണ്ട്. കൂടാതെ ചില സ്ഥലങ്ങളിലെ പഞ്ചായത്തുകളിൽ കുടുംബശ്രീ മിഷന്റെ കീഴിൽ വരുന്ന അയൽക്കൂട്ടങ്ങളുടെ യൂണിറ്റുകൾക്ക് സഹകരണ ബാങ്കുകളിൽ മാത്രമേ അക്കൗണ്ടുള്ളു എന്നതുകൊണ്ട് നിരവധി ഗുണഭോക്താക്കൾ സഹകരണ ബാങ്കുകളിൽ നിന്നും ഈ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ ഇത്തരത്തിൽ സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും വായ്പ എടുത്തിട്ടുള്ള ഗുണഭോക്താക്കൾ വായ്പാ തിരിച്ചടവ് നടത്തിയിട്ടില്ലാത്തതിനാൽ അവർക്ക് റിക്കവറി നോട്ടീസും ലഭിച്ചിരിക്കയാണെന്ന് സമിതി മനസ്സിലാക്കുന്നു.

ഭവനശ്രീ പദ്ധതി പ്രകാരം ദേശസാൽകൃത ബാങ്കുകൾ മുഖേന അനുവദിച്ചു നൽകിയ വായ്പ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കുകയും അതേസമയം ഇതേ പദ്ധതിപ്രകാരം സഹകരണ ബാങ്കുകളിൽനിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും വായ്പ എടുത്തിട്ടുള്ള ഗുണഭോക്താക്കൾ വായ്പ തിരിച്ചടവിന്റെ ബാദ്ധ്യത തുടരുകയും ചെയ്യുന്നത് നീതികരിക്കാവുന്നതല്ല. ആയതിനാൽ ഭവനശ്രീ പദ്ധതി പ്രകാരം സഹകരണബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും അനുവദിച്ച വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കണമെന്നും ഇതിന് മതിയായ തുക നടപ്പുവർഷം ബജറ്റിൽ വകകൊള്ളിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു".

അധിക ശുപാർശ

"PMGSY സ്കീം പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിലവിലുള്ള ബ്ലോക്കുതല സംവിധാനം പര്യാപ്തമല്ല. ആവശ്യമായ എഞ്ചിനീയറിംഗ് വിംഗ് ഉണ്ടെങ്കിൽ മാത്രമേ ബ്ലോക്കുതല സംവിധാനം ശക്തിപ്പെടുത്തി പദ്ധതികൾക്ക് ലഭ്യമാകുന്ന ഫണ്ട് വേണ്ടവിധത്തിൽ വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ.

നിലവിൽ ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ബ്ലോക്കിന് ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും എന്ന രീതിയിലാണ് വിന്യസിച്ചിരിക്കുന്നത്. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഓരോ പഞ്ചായത്തിനും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഓരോ ബ്ലോക്കിനും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും വീതം ആവശ്യമാണ്. ഇപ്രകാരം അറുപത്തി അഞ്ച് ബ്ലോക്കുകൾക്ക് കൂടുതലായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആവശ്യമാണ്. കൂടാതെ 810 ഗ്രാമപഞ്ചായത്തുകൾക്ക് നാനൂറ്റി അഞ്ച് അസിസ്റ്റന്റ് എഞ്ചിനീയർമാരും വേണം.

ബ്ലോക്കുതലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 65 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികയും 405 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികയും ആവശ്യമാണ്. ഇതിനുപുറമേ ഓരോ ബ്ലോക്കിനും ഓരോ അസിസ്റ്റന്റ് എഞ്ചിനീയർ വീതം 152 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികയും ആവശ്യമായതിനാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കണമെന്നും ഇതിലേക്കായി 39 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു."

തുടർന്ന് സമിതി 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.

482/2012.

<u>അനുബന്ധം 4</u>

2011 സെപ്റ്റംബർ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2011 സെപ്റ്റംബർ മാസം 27-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 4.05 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ധനകാര്യവും നിയമവും ഭനനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നു.

1. ശ്രീ. കെ. അച്ചുതൻ
2. ശ്രീ. സി. മമ്മൂട്ടി
3. ശ്രീ. പി. റ്റി. എ. റഹീം
4. ശ്രീ. വി. ശിവൻകുട്ടി
5. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
6. ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റു ഉദ്യോഗസ്ഥർ</u>

1. ശ്രീ. ആർ. കെ. സിംഗ്, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി 2011-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

*Clause 2*

(1) In item (a) of Section 2 of the principal Act proposed to be inserted by sub-clause (1), after the words “a financial year beginning”, the words “on and” shall be inserted.

(2) In item (f) of Section 2 of the principal Act proposed to be inserted by sub-clause (2), after the words "the period", the words "on and" shall be inserted.

*Clause 3*

(1) In Sub-section 2 (a) of Section 3A of the principal Act, proposed to be inserted by clause 3,—

(i) In item (i) for the words "Local Self Government Institutions" the words "Urban Affairs" shall be substituted.

(ii) after item (i) the following shall be inserted as item (ii) and the remaining items shall be re-numbered accordingly.

"(ii) The Minister-in-charge of Panchayats–*ex–officio;"*

(iii) In item (viii) as so re-numbered, the words "large urbanizing" shall be deleted.

(2) In sub-section (2) (b) of Section 3A of the principal Act for the words "Local Self Government Institutions" the words "Urban Affairs" shall be substituted.

*Clause 4*

For clause 4, the following clause shall be substituted, namely:—

4. *Validation.*—(1) Notwithstanding the cesser of operation of the Kerala Local Authorities Loans (Amendment) Ordinance, 2011 (36 of 2011) (hereinafter referred to as the said Ordinance),—

(a) anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the provisions of the principal Act as amended by this Act ;

(b) anything done or any action taken after the cesser of operation of the said Ordinance and before the date of publication of this Act in the Gazette, which could have been done or taken under the principal Act as amended by the said Ordinance if the said Ordinance had not ceased to operate, shall be deemed to have been done or taken under the principal Act as amended by this Act.

(2) The cesser of operation of the said Ordinance shall not,—

(a) affect any right, privilege, obligation or liability acquired, accrued or incurred thereunder, or

(b) after any legal proceedings or remedy in respect of any such right, privilege, obligation or liability and any such legal proceedings or remedy may be instituted, continued or enforced under the provisions of the principal Act as amended by this Act.".

സമിതി യോഗം വൈകുന്നേരം 4.30 മണിക്ക് പിരിഞ്ഞു.

## അനുബന്ധം 5

## 2011 ഒക്ടോബർ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2011 ഒക്ടോബർ മാസം 20-ാം തീയതി, വ്യാഴാഴ്ച വൈകുന്നേരം 4.50-ന് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. പി. റ്റി. എ. റഹീം
3. ശ്രീ. ഇ. കെ. വിജയൻ
4. ശ്രീ. കെ. വി. വിജയദാസ്
5. ശ്രീ. വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ടി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, ഹൗസിംഗ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. കെ. ഷാജഹാൻ, ഫിനാൻസ് മാനേജർ, കേരള പോലിസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ
4. ശ്രീ. പി. കെ. സതീശൻ, ചീഫ് എൻജിനീയർ (ബിൽഡിംഗ്സ്), പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. ജെയിംസ് ജേക്കബ്, ചീഫ് എൻജിനീയർ (ഇൻ-ചാർജ്ജ്), കേരള സ്റ്റേറ്റ് ഹൗസിംഗ് ഡിപ്പാർട്ട്മെന്റ്
6. ശ്രീ. കെ. വി. മാത്യു, സീനിയർ ഫിനാൻസ് ഓഫീസർ, (ബിൽഡിംഗ്സ്), പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്

7. ശ്രീ. ശ്രീനി എസ്., കമ്മീഷണർ-ഇൻ-ചാർജ്, ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

8. ശ്രീ. രഘുനാഥൻ പിള്ള, സെക്രട്ടറി-കം-ട്രഷറർ, കെ. എസ്. റ്റി. & എൻ. റ്റി. എസ്., തിരുവനന്തപുരം

9. ശ്രീ. ജി. കൃഷ്ണപിള്ള, ലെയ്സൺ ഓഫീസർ, കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

10. ശ്രീ. കെ. ശ്രീകണ്ഠൻ നായർ, സൂപ്രണ്ട്, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

**തദ്ദേശ സ്വയംഭരണ വകുപ്പ്**

1. 2000-01 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്.

   (ഫയൽ നമ്പർ 10959/സബ്.സി.ഡി.1/2000/ലെജി.)

   ഖണ്ഡിക നമ്പർ- 3, 11

   (കത്ത് നമ്പർ 71371/എഫ്.എം.2/08/ത.സ്വ.ഭ.വ. തീയതി 16-11-2010)

   ഖണ്ഡിക നമ്പർ- 4

   (കത്ത് നമ്പർ 50380/എഫ്.എം.1/09/ത.സ്വ.ഭ.വ. തീയതി 9-11-2010)

   ഖണ്ഡിക നമ്പർ- 10

   (കത്ത് നമ്പർ 7041/എഫ്.എം.2/2011/ത.സ്വ.ഭ.വ. തീയതി 7-2-2010)

2. 2001-02 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട്.

   (ഫയൽ നമ്പർ 14471/സബ്.സി.ഡി.1/2001/ലെജി.)

   ഖണ്ഡിക നമ്പർ- 2

   (കത്ത് നമ്പർ 66947/എഫ്.എം.1/2010/ത.സ്വ.ഭ.വ. തീയതി 9-1-2011)

3. 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്.

   (ഫയൽ നമ്പർ- 15507/സബ്.സി.ഡി.1/2009/ലെജി.)

   ഖണ്ഡിക നമ്പർ- 1

   (കത്ത് നമ്പർ 71067/ഐ.എ.2/10/ത.സ്വ.ഭ.വ. തീയതി 16-8-2011)

4. 2010-11സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 14989/സബ്.സി.ഡി.1/2010/ലെജി.)

ഖണ്ഡിക നമ്പർ- 18

(കത്ത് നമ്പർ 49016/ഐ.എ.1/2010/ത.സ്വ.ഭ.വ. തീയതി 8-12-2010)

**ഭവനനിർമ്മാണ വകുപ്പ്**

1. 2005-06 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 15524/സബ്.സി.ഡി1/2010/ലെജി.)

ഖണ്ഡിക നമ്പർ- 14

(കത്ത് നമ്പർ 4605/എ3/2010/ഭവനം തീയതി 27-12-2010)

2. 2008-09 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 15598/സബ്.സി.ഡി.1/2008/ലെജി.)

ഖണ്ഡിക നമ്പർ- 9, 12, 16, 17, 18, 19, 20, 30, 31, 34, 38, 41, 42 & 43.

(കത്ത് നമ്പർ 5530/എ3/2008/ഭവനം തീയതി 7-5-2011)

3. 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 15507/സബ്.സി.ഡി.1/2009/ലെജി.)

ഖണ്ഡിക നമ്പർ- 9, 10, 11, 17, 18, 25.

(കത്ത് നമ്പർ 4072/എ3/2009/ഭവനം തീയതി 27-12-2010)

ഖണ്ഡിക നമ്പർ- 12, 13, 14, 15, 16.

(കത്ത് നമ്പർ 4074/സി1/2009/ഭവനം തീയതി 20-5-2011)

4. 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 14989/സബ്.സി.ഡി1/2010/ലെജി.)

ഖണ്ഡിക നമ്പർ- 12, 18, 19

(കത്ത് നമ്പർ 4520/ബി2/2010/ഭവനം തീയതി 7-6-2011)

ഖണ്ഡിക നമ്പർ- 13, 14, 22.

(കത്ത് നമ്പർ 4527/സി1/2010/ഭവനം തീയതി 6-4-2011)

കൂടാതെ, സമിതി 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 5.10-ന് പിരിഞ്ഞു.

## അനുബന്ധം 6

## 2011 ഡിസംബർ 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2011 ഡിസംബർ മാസം 9-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി യുമായ ഡോ. എം. കെ. മുനീറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.
2. ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.
3. ശ്രീ. ശിവൻകുട്ടി, എം. എൽ. എ.
4. ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ.
5. ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. റെജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ച് കൂടിയ പ്രസ്തുത യോഗത്തിൽ "സംസ്ഥാന ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും 12-ാം പഞ്ചവത്സരപദ്ധതിയും" എന്ന വിഷയത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

12-ാം പഞ്ചവത്സര പദ്ധതിയിൽ പ്രധാനമായും 8 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് സമിതിയുടെ നിർദ്ദേശപ്രകാരം അവയെക്കുറിച്ച് ഓരോന്നായി സെക്രട്ടറി വിശദീകരിക്കുകയും ചെയ്തു.

1. **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

മണ്ണിൽ പണിയെടുക്കുവാൻ സന്നദ്ധനായ ഒരാൾക്ക് പ്രതിവർഷം 100 ദിവസമെങ്കിലും അധിക തൊഴിലിന് നിയമപരമായ ഉറപ്പ് നൽകുന്ന പദ്ധതിയാണിത്. 2006 ഫെബ്രുവരി 2-ാം തീയതി മുതൽ പാലക്കാട്, വയനാട് ജില്ലകളിലും 2007 ഏപ്രിൽ മാസത്തോടുകൂടി ഇടുക്കി, കാസർഗോഡ് ജില്ലകളിലും 2008 മുതൽ എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു. 5 വർഷം പ്രാബല്യമുള്ള തൊഴിൽ കാർഡ് ഈ പദ്ധതി പ്രകാരം നൽകുന്നുണ്ടെന്നും, ഒരു തവണ 14 ദിവസത്തേക്ക് തുടർച്ചയായ ജോലിക്കാണ് അപേക്ഷ നൽകേണ്ടതെന്നും 15 ദിവസത്തിനകം അതാതു ഗ്രാമപഞ്ചായത്തുകൾ തൊഴിൽ നൽകേണ്ടതും അതിനു കഴിഞ്ഞില്ലെങ്കിൽ തൊഴിൽ രഹിതബത്തയ്ക്കും, 5 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ നൽകിയില്ലെങ്കിൽ യാത്രാബത്തയ്ക്കും അർഹതയുണ്ടെന്നും, പ്രതിദിനം 150 രൂപാ നിരക്കിലാണ് വേതനം നൽകുന്നതെന്നും വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

മണ്ണ്-ജല-ജൈവ സമ്പത്തിന്റെ സംരക്ഷണത്തിലൂടെ കാർഷിക പ്രതിസന്ധിയുടെ രൂക്ഷത കുറയ്ക്കുക, പ്രകൃതിവിഭവ പരിപോഷണത്തിനും പൊതുസ്വത്തിന്റെ സംരക്ഷണത്തിനും പ്രാധാന്യം നൽകുക, തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾ നീർത്തടാധിഷ്ഠിതമായി സംഘടിപ്പിക്കുക തുടങ്ങിയവ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾക്ക് പൂർണ്ണ ഉത്തരവാദിത്വം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണെന്ന് വകുപ്പ് സെക്രട്ടറി വിശദമാക്കി. സ്ത്രീ ശാക്തീകരണം, സാമൂഹ്യസുരക്ഷ, ദാരിദ്ര്യ ലഘൂകരണം, കരാറുകാരേയും ഇടനിലക്കാരേയും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് അഴിമതി ഇല്ലായ്മ ചെയ്യുക എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തൊഴിലാളികളുടെ വേതനം ബാങ്ക്, പോസ്റ്റ് ഓഫീസ് അക്കൗണ്ടിലൂടെ മാത്രമാണ് വിതരണം ചെയ്യുന്നത് എന്നും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കാത്തതുകാരണം സഹകരണബാങ്കുകൾവഴി തൊഴിലാളികളുടെ വേതനം വിതരണം ചെയ്യുവാൻ സാധിക്കുകയില്ല എന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. തൊഴിലാളികൾക്ക് ശമ്പളത്തിന്റെ പകുതി അഡ്വാൻസായി കൊടുക്കാനും ബാക്കി പകുതി 15-ാം ദിവസം കൊടുക്കുന്നതിനുമായുള്ള പ്രൊപ്പോസൽ പ്രകാരം സംസ്ഥാനത്ത് പൈലറ്റ് പ്രോജക്ടായി എല്ലാ ജില്ലകളിലും ഓരോ പഞ്ചായത്തിൽ കൊടുക്കുന്നതിന് മന്ത്രിതല അംഗീകാരം ലഭിച്ചതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. അടുത്ത 5 വർഷങ്ങളിലായി 1262.50 ലക്ഷം മനുഷ്യാധ്വാന ദിനങ്ങൾ ലക്ഷ്യമിടുന്ന തൊഴിലുറപ്പ് പദ്ധതിക്കായി 2012-13 വർഷത്തിൽ കേന്ദ്രസഹായമായി 90,000 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 10,000 ലക്ഷം രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി വകുപ്പ് സെക്രട്ടറി അറിയിച്ചു.

തൊഴിലുറപ്പ് പദ്ധതികൾക്കായി സാധനസാമഗ്രികൾ വാങ്ങുന്നതിനെക്കുറിച്ച് നയപരമായ തീരുമാനം എടുക്കുന്നതിന് സർക്കാർ നടപടിയെടുത്തതായും അതിന് മാർഗ്ഗനിർദ്ദേശമുണ്ടാക്കുന്നതിനായി ഏഴംഗ കമ്മിറ്റിയെ നിയോഗിച്ചതായും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 40 ശതമാനം ലേബർ കമ്പോണന്റ് വരുമ്പോൾ അഴിമതി സാധ്യതയുണ്ടാകുമെന്നതിനാൽ അത് തടയുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കണമെന്ന് ചെയർമാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഇപ്പോൾ നൽകുന്നത് പുരുഷതൊഴിലാളികൾ ഉപയോഗിക്കുന്ന തരത്തിലുള്ള തൊഴിലുപകരണങ്ങളാണെന്നും അവ മാറ്റി ഭാരം കുറഞ്ഞ തൊഴിലുപകരണങ്ങൾ തന്നെ സ്ത്രീകൾക്ക് നൽകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

2. **ഇന്ദിരാ ആവാസ് യോജന**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വീട് നിർമ്മിച്ചു കൊടുക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ തുക അനുവദിക്കുന്ന ഈ പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിന് ഗുണഭോക്താക്കൾ സ്വന്തമായി രണ്ട് സെന്റ് ഭൂമിയെങ്കിലും ഉള്ളവരും ഗ്രാമസഭകളുടെ തെരഞ്ഞെടുത്ത ലിസ്റ്റിൽ ഉൾപ്പെട്ടവരുമായിരിക്കണം. പദ്ധതി തുകയുടെ 60 ശതമാനം പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്കും 40 ശതമാനം മറ്റ് വിഭാഗക്കാർക്കും, ഈ 40 ശതമാനത്തിൽ നിന്നും 15 ശതമാനം മതന്യൂനപക്ഷങ്ങൾക്കും 3 ശതമാനം ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും വിനിയോഗിക്കുന്നതിനായി നീക്കിവച്ചിരിക്കുന്നതായി പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ വിശദമാക്കി. 20 ചതുരശ്രമീറ്ററിനും 40 ചതുരശ്രമീറ്ററിനും ഇടയ്ക്ക് വിസ്തീർണ്ണമുള്ള വീടുകൾ വയ്ക്കുന്നതിനാണ് സാമ്പത്തിക സഹായം നൽകുന്നത്. ഈ പദ്ധതിക്കുള്ള കേന്ദ്രവിഹിതം 48,500 രൂപയാണ് എന്നും പദ്ധതി വിഹിതത്തിന്റെ 20 ശതമാനം തുക നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണത്തിനായും ക്രഡിറ്റ്-കം-സബ്സിഡി പദ്ധതിപ്രകാരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് നിർമ്മിക്കുന്ന വീടുകൾക്ക് സബ്സിഡി നൽകുന്നതിനായും നീക്കിവയ്ക്കുന്നതായും സെക്രട്ടറി തുടർന്ന് സമിതിയിൽ വ്യക്തമാക്കി. അടുത്ത 5 വർഷങ്ങളിലായി 240000 വീടുകളുടെ പണി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 2012-13 വർഷത്തിൽ കേന്ദ്രസഹായമായി 19,800 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 6,600 ലക്ഷം രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി സെക്രട്ടറി അറിയിച്ചു.

എന്നാൽ, സ്വന്തമായി ഭൂമിയുള്ളവർക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്. എന്നതിനാൽ റേഷൻകാർഡ് ഉണ്ടായാലും അർഹതപ്പെട്ടവർക്ക് ധനസഹായം കിട്ടാൻ ബുദ്ധിമുട്ടുള്ള സ്ഥിതിവിശേഷം നിലവിലുണ്ടെന്ന് സമിതി വിലയിരുത്തി.

എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് ഐ.എ.വൈ. പ്രകാരവും മറ്റ് സ്കീമുകൾ പ്രകാരവും വീടുവയ്ക്കുന്നതിനുള്ള ധനസഹായം 2 ലക്ഷം രൂപയാക്കാൻ തിരുമാനിച്ചിട്ടുള്ളതായി ചെയർമാൻ സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ ഈ വിഭാഗത്തിന് പഞ്ചായത്തിൽ നിന്നും ഏത് സ്കീം അനുസരിച്ചാണോ തുക അനുവദിക്കുന്നത് അതനുസരിച്ച് നിലവിലെ കേന്ദ്രവിഹിതം കഴിച്ച് ബാക്കിവരുന്ന തുക പഞ്ചായത്തുകൾ കൊടുക്കേണ്ടതായി വരുമെന്ന് സമിതി മനസ്സിലാക്കുകയും ഐ.എ.വൈ.യിൽ കേന്ദ്രഗവൺമെന്റ് വിഹിതം കഴിഞ്ഞ് ബാക്കി വരുന്ന തുക പഞ്ചായത്തിന്റെ ബാദ്ധ്യതയാക്കാതെ 12-ാം പദ്ധതിയിൽ പ്ലാൻ ഫണ്ടിൽ നിന്ന് വഹിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

3. **പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന**

ഗ്രാമീണജനങ്ങൾ തിങ്ങിപ്പാർക്കുന്ന ആവാസകേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മാണവും നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ 100 ശതമാനം കേന്ദ്ര ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിക്കുവേണ്ടി ധനം സമാഹരിക്കുന്നത് ഹൈ സ്പീഡ് ഡീസലിന് ചുമത്തിയ സെസ്സിന്റെ 50 ശതമാനം വിഹിതം മാറ്റിവച്ചാണ് എന്നും, ആദ്യഘട്ടത്തിൽ 1000 ജനസംഖ്യയിൽ കൂടുതലുള്ള എല്ലാ ആവാസകേന്ദ്രങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പര്യാപ്തമായ റോഡ് നിർമ്മിക്കുന്നതിനും രണ്ടാംഘട്ടത്തിൽ 500 ജനസംഖ്യയിൽ കൂടുതലുള്ള ആവാസകേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിക്കുന്നതിനുള്ള റോഡ് നിർമ്മാണത്തിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പദ്ധതിയുടെ സവിശേഷതകളെക്കുറിച്ച് വിശദീകരിച്ച അദ്ദേഹം, ഗ്രാമീണ റോഡുകളുടെ മാസ്റ്റർപ്ലാനും കോർ നെറ്റ്‌വർക്കും ജില്ലാടിസ്ഥാനത്തിലും ബ്ലോക്ക് അടിസ്ഥാനത്തിലും തയ്യാറാക്കുന്നു എന്നും ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ റൂറൽ റോഡ് മാന്വൽ അനുസരിച്ചാണ് പണികൾ പ്ലാൻ ചെയ്ത് സംസ്ഥാനതല ഗ്രാമീണ റോഡ് വികസന ഏജൻസിയുടെ നേതൃത്വത്തിൽ നടത്തുന്നതെന്നും ജില്ലാടിസ്ഥാനത്തിൽ നിർവ്വഹണ യൂണിറ്റുകളും എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന സാങ്കേതികകാര്യ നിർവ്വഹണകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും സമിതിയെ അറിയിച്ചു. പ്രവർത്തികൾ പൂർത്തീകരിക്കാനുള്ള സമയം 9 മുതൽ 12 മാസം വരെയാണ്. 5 വർഷത്തിനിടയ്ക്ക് വരുന്ന തകരാറുകൾ പരിഹരിക്കാൻ കോൺട്രാക്റ്റർ ബാധ്യസ്ഥനാണെന്നും പദ്ധതിയുടെ ധനകാര്യവും മറ്റ് പുരോഗതികളും കേന്ദ്രീകൃത കമ്പ്യൂട്ടർ വെബ് ശൃംഖലയിലൂടെ വിലയിരുത്തപ്പെടുന്നുവെന്നും, മൂന്ന് തട്ടിലുള്ള ഗുണനിലവാരപരിശോധന നിലവിലുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി തുടർന്ന് വിശദീകരിച്ചു. കര ഒരു ആവാസ കേന്ദ്രമായി ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിച്ചിട്ടുണ്ടെന്നും അത് റീവർക്ക് ചെയ്തുവരുമ്പോൾ അടുത്ത 5 വർഷത്തേക്ക് 200 കോടി രൂപ വീതം ലഭിക്കത്തക്ക വിധത്തിൽ ഫണ്ട് നേടിയെടുക്കാൻ കഴിയുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ വെളിപ്പെടുത്തി. അടുത്ത 5 വർഷങ്ങളിലായി ഈ പദ്ധതിയിൻകീഴിൽ 4000 കിലോമീറ്റർ റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നതായും 2012-13 വർഷത്തിൽ ഇതിലേക്കായി 20000 ലക്ഷം രൂപ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നതായും സെക്രട്ടറി സമിതിയെ അറിയിച്ചു.

പി.ജി.എസ്.വൈ. സ്കീം പ്രകാരമുള്ള വർക്ക് തുടങ്ങി പകുതിയിൽ മുടങ്ങിയവ ഒഴികെയുള്ള എല്ലാ വർക്കുകളുടേയും എസ്റ്റിമേറ്റ് ഷെഡ്യൂളിൽ റിവൈസ് ചെയ്ത് ടെൻണ്ടർ വിളിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ടെൻണ്ടർ എടുക്കാതെ പോയ വർക്കുകൾ വീണ്ടും എടുക്കുന്നതിന് തടസ്സമില്ലെന്നും അതുപോലെ എഗ്രിമെന്റ് വച്ചതിനുശേഷം ആരംഭിക്കാത്ത വർക്കാണെങ്കിൽ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതും അതോടൊപ്പം ടെൻണ്ടർ വിളിക്കാനും സാധിക്കുമെന്നും എന്നാൽ ടെൻണ്ടർ എടുത്ത് പകുതിയിൽ മുടങ്ങിയ വർക്കുകളിൽ ഇനിയൊന്നും ചെയ്യാൻ കഴിയില്ലെന്നും സമിതിയിൽ ബഹു. ചെയർമാൻ വെളിപ്പെടുത്തി. പല വർക്കുകളും പകുതിയിൽ മുടങ്ങുന്നത് സ്ഥലം കിട്ടാത്തതോ

പോസ്റ്റ് മാറ്റാത്തതോ ഫണ്ട് തികയാത്തതോ ആയ കാരണങ്ങളാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. മുടങ്ങിയ വർക്കുകളുടെ കണക്കെടുത്ത് അത് ഏത് സ്റ്റേജിലാണ് മുടങ്ങിയിരിക്കുന്നത്, എന്ത് കാരണത്താലാണ് മുടങ്ങിയിരിക്കുന്നത് തുടങ്ങിയ വിവരങ്ങൾ കണ്ടെത്തി തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി ചെയർമാൻകൂടി ആയ ബന്ധപ്പെട്ട വകുപ്പുമന്ത്രി സമിതിയിൽ വ്യക്തമാക്കി.

4. **സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ./ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം.)**

കേന്ദ്രാവിഷ്കൃത ദാരിദ്ര്യ നിർമ്മാർജ്ജന-സ്വയംതൊഴിൽ പദ്ധതിയായ സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും സ്വയംതൊഴിൽ അന്വേഷകർക്കും ആവശ്യമായ പരിശീലനങ്ങൾ, സാങ്കേതിക പരിജ്ഞാനം, അടിസ്ഥാന സൗകര്യങ്ങൾ, വായ്പ സബ്സിഡി, വിപണന സൗകര്യം എന്നിവ ലഭ്യമാക്കി ഗുണഭോക്താക്കളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കാൻ ലക്ഷ്യമിടുന്നു എന്നും, പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിലാണ് ചെലവ് വഹിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

ബ്ലോക്കുതലത്തിൽ തെരഞ്ഞെടുക്കുന്ന മുഖ്യസാമ്പത്തിക പരിപാടികൾക്കും ഗ്രാമപഞ്ചായത്തുതലത്തിൽ ഗ്രാമസഭ അംഗീകരിച്ച ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും എസ്.ജി.എസ്.വൈ. പദ്ധതി മുൻഗണന നൽകുന്നു. മൊത്തം ധനസഹായ ഫണ്ടിന്റെ 75 ശതമാനം സ്വയംസഹായ സംഘങ്ങൾക്കും 25 ശതമാനം വ്യക്തിഗത തൊഴിൽ സംരംഭകർക്കും സബ്സിഡിയായി നൽകുന്നതോടൊപ്പം ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയും ലഭ്യമാക്കുന്നുവെന്നും മൊത്തം ഫണ്ടിന്റെ 50 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും 15 ശതമാനം മതന്യൂന പക്ഷവിഭാഗത്തിനും 3 ശതമാനം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കും ഇതിൽ 40 ശതമാനം സ്ത്രീകൾക്കും നൽകുന്നുവെന്നും ബന്ധപ്പെട്ട സെക്രട്ടറി തുടർന്ന് വിശദീകരിച്ചു.

പൊതുവിഭാഗത്തിലുള്ള വ്യക്തിഗതതൊഴിൽ സംരംഭകർക്ക് പദ്ധതി അടങ്കൽ തുകയുടെ 33.33 ശതമാനം (പരമാവധി 7,500 രൂപ) വരുന്ന തുകയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും അടങ്കൽ തുകയുടെ 50 ശതമാനം (പരമാവധി 10,000 രൂപ) തുകയും, സ്വയംസഹായ സംഘങ്ങൾക്ക് അടങ്കൽ തുകയുടെ 50 ശതമാനം വരുന്ന തുകയോ ആളോഹരി 10,000 രൂപയോ രണ്ടും കൂടി ചേർന്ന് പരമാവധി 1.25 ലക്ഷം രൂപയോ ധനസഹായം നൽകുന്നു. 12-ാം പഞ്ചവത്സര പദ്ധതിയിൽ അടുത്ത 5 വർഷങ്ങളിലായി 17340 സ്വയംസഹായ സംഘങ്ങൾക്കും 14800 വ്യക്തിഗത ഗുണഭോക്താക്കൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്ക് 2012-13 വർഷം കേന്ദ്രസഹായമായി 7701 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 2567 ലക്ഷം രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി സെക്രട്ടറി സമിതിയെ അറിയിച്ചു.

എസ്.ജി.എസ്.വൈ. പദ്ധതിയുടെ പുനരാവിഷ്ക്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ.ആർ.എൽ.എം.) വരുമാനദായക സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള കഴിവുനേടുന്നതിനും വേതനത്തൊഴിലുകൾ ആർജ്ജിക്കുന്നതിനും ദരിദ്ര ജനവിഭാഗങ്ങളുടെ സംഘടനാസംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായുള്ള ശക്തമായ അടിത്തറ ഉണ്ടാക്കുന്നതിന് ലക്ഷ്യംവയ്ക്കുന്നു. സംസ്ഥാന ജില്ലാ ഉപജില്ലാതലങ്ങളിൽ അർപ്പിത സഹായഘടകങ്ങൾ സ്ഥാപിക്കുക, ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളെ സ്വയംസഹായസംഘ ശൃംഖലയിലേക്ക് കൊണ്ടുവരിക, വില്ലേജുതലത്തിലും ഉപരിതലത്തിലും ഉള്ള ദരിദ്രജനവിഭാഗങ്ങളുടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുക, പരിശീലനം നൽകുക, റിവോൾവിംഗ് ഫണ്ടും മൂലധന സബ്സിഡിയും നൽകുക, ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുക, ഇന്ററസ്റ്റ് സബ്സിഡി നൽകുക, പശ്ചാത്തലസൗകര്യം ഒരുക്കുകയും വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുക എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ വിശദമാക്കി. ഇതു സംബന്ധിച്ച സംസ്ഥാന റിപ്പോർട്ട് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണെന്നും അദ്ദേഹം തുടർന്നറിയിച്ചു.

5. **ഹരിയാലി/സംയോജിത നീർത്തട മാനേജ്മെന്റ് പദ്ധതി**

തരിശ്ശായി മാറിക്കൊണ്ടിരിക്കുന്ന ഭൂഭാഗങ്ങളുടെ വർദ്ധന തടയാനും മണ്ണിന്റെ ഫലപുഷ്ടിയും ജലലഭ്യതയും ഉറപ്പാക്കി കാർഷിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും മഴവെള്ളസംഭരണവും കാര്യക്ഷമമായ നടത്തിപ്പുംവഴി ഗ്രാമപഞ്ചായത്തുകൾക്ക് സ്ഥിരവരുമാനത്തിനുള്ള വിഭവം കണ്ടെത്തി ഗ്രാമങ്ങളുടെ മൊത്തത്തിലുള്ള വികസനം ഉറപ്പാക്കുകയാണ് ഹരിയാലി പദ്ധതിയുടെ ലക്ഷ്യം. സംയോജിത കൃഷി സംവിധാനം ലക്ഷ്യമിട്ട് പങ്കാളിത്ത നീർത്തട വികസനം നടപ്പിലാക്കുന്നതാണ് സംയോജിത നീർത്തട മാനേജ്മെന്റ് പദ്ധതി ലക്ഷ്യമിടുന്നത്. തീരുമാനമെടുക്കൽ പ്രക്രിയയിലും സംഘടനാ സംവിധാനങ്ങളിലും പാവപ്പെട്ടവരുടേയും വനിതകളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുക, നീർത്തട പരിപാലന പരിപാടികളുടെ പ്രകൃതിവിഭവങ്ങളായ മണ്ണ്-ജല-ജൈവ വിഭവങ്ങളുടെ സംരക്ഷണം, കാറ്റ്, ജലം ആദിയായവയിലൂടെയുള്ള മണ്ണൊലിപ്പ് തടയൽ, റീചാർജ്ജ് സംവിധാനത്തിലൂടെ ഭൂഗർഭ ജലവിതാനത്തിലുണ്ടാകുന്ന കുറവ് നിയന്ത്രിക്കൽ എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സംസ്ഥാനതലത്തിൽ കൃഷിവകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു എംപവേർഡ് കമ്മിറ്റിയാണ് ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. മണ്ണൊലിപ്പ് തടയാനുള്ള പദ്ധതിയിൽ ലേബർ കമ്പോണന്റ് എൻ.ആർ.ഇ.ജി.എസ്.മായി ലിങ്ക് ചെയ്താണ് നടപ്പിലാക്കുന്നതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 12-ാം പദ്ധതിയിൽ 5 വർഷങ്ങളിലായി 141859 ഹെക്ടർ ഭൂമിയിൽ നീർത്തടവികസനം സാധ്യമാക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 2012-13 വർഷത്തിൽ 7650 ലക്ഷം രൂപ കേന്ദ്രസഹായമായും 850 ലക്ഷം രൂപ സംസ്ഥാന വിഹിതമായും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി വകുപ്പ് സെക്രട്ടറി സമിതി അറിയിച്ചു.

6. **സമ്പൂർണ്ണ ശുചിത്വയജ്ഞം**

ഗ്രാമീണ ജനതയുടെ ജീവിത ഗുണമേന്മ മെച്ചപ്പെടുത്തുക, ജനങ്ങളുടെ ആരോഗ്യബോധവും നിലവാരവും ഉയർത്തുക, സ്ത്രീകളുടെ സ്വകാര്യതയും അഭിമാനബോധവും സംരക്ഷിക്കുക, വ്യക്തിഗത കക്കൂസുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക എന്നീ ലക്ഷ്യങ്ങളോടെ 1986-ൽ കേന്ദ്രഗവൺമെന്റ് ആരംഭിച്ച ഈ പദ്ധതി പഞ്ചായത്ത് അടിസ്ഥാനത്തിൽ സമ്പൂർണ്ണ ശുചിത്വമാണ് ലക്ഷ്യമിടുന്നതെന്ന് സമിതിയിൽ പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

നിർമ്മൽ പുരസ്കാരത്തിന് പ്രൊപ്പോസൽ നൽകാത്ത 32 പഞ്ചായത്തുകൾ ബാക്കിയുണ്ടെന്നും കുറച്ച് ബ്ലോക്കുകളെകൂടി ഈ പദ്ധതിയിൽ ചേർക്കാനുണ്ടെന്നും പഞ്ചായത്തുകളിൽ അവസാനം സമർപ്പിച്ച പ്രൊപ്പോസലുകളുടെ പരിശോധന നടന്നുവരികയാണെന്നും നഗരങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ അനുമതി ഇല്ലെന്നും എയ്ഡഡ് സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടില്ലെന്നും ഈ പദ്ധതിയിൻകീഴിൽ വേസ്റ്റ് മാനേജ്മെന്റ് നടപ്പിലാക്കാൻ സാധിക്കുമെന്നും ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടിയായി പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

7. **പിന്നോക്ക മേഖലാ സഹായനിധി (ബി.ആർ.ജി.എഫ്.)**

പ്ളാനിംഗ് കമ്മീഷൻ 2002-03-ൽ തുടക്കംകുറിച്ച രാഷ്ടീയ സംവികാസ് യോജനയുമായി സംയോജിച്ച് ഭാരത സർക്കാർ 2005-06-ൽ ആരംഭിച്ച ഒരു നൂതന സംരംഭമാണ് പിന്നോക്ക മേഖല സഹായനിധി. വയനാട്, പാലക്കാട് ജില്ലകൾക്കുവേണ്ടി തയ്യാറാക്കിയ പ്രോജക്ടുകളാണ് ഈ കേന്ദ്രാവിഷ്ക്കൃത പദ്ധതിയിൽ നിലവിലുള്ളതെന്നും പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിനും വിലയിരുത്തുന്നതിനും ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിലുള്ള സംസ്ഥാനതല ഉന്നതാധികാര സമിതി നിലവിലുണ്ടെന്നും 12-ാം പഞ്ചവത്സര പദ്ധതിയിൽ അടുത്ത അഞ്ചുവർഷത്തേക്ക് ഇതിനായി 350 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ഓരോ ജില്ലയ്ക്കും പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഏജൻസിയെ സെലക്ട് ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം നൽകേണ്ടതാണെന്ന സമിതിയുടെ അഭിപ്രായത്തിന്, അതിനുള്ള സ്വാതന്ത്ര്യം ഇതിനകംതന്നെ എല്ലാ ജില്ലകൾക്കും അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

8. **സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി.)**

എൻ.ആർ.ഐ.ഡി.ക്ക് സമാനമായി ഗ്രാമവികസന വകുപ്പിന്റെകീഴിൽ സംസ്ഥാനത്തുള്ള പരിശീലന ഗവേഷണ സ്ഥാപനമാണ് സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി.). കൊട്ടാരക്കര ആസ്ഥാനമായി പ്രവർത്തിക്കുന്ന എസ്.ഐ.ആർ.ഡി.യിൽ ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ മാരേക്കാൾ ഉയർന്ന പദവിയിലുള്ള ഉദ്യോഗസ്ഥർക്കും പുതുതായി ജോലിയിൽ പ്രവേശിച്ച ബി.ഡി.ഒ.മാർക്കുള്ള അടിസ്ഥാന കോഴ്സുകളും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സന്നദ്ധ സംഘടനാപ്രവർത്തകർ, ഇതര വികസന വകുപ്പിലെ

ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നടത്തുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം, പരിശീലന ചെലവുകൾ, ഭരണനിർവ്വഹണ ചെലവുകൾ എന്നിങ്ങനെ എസ്.ഐ.ആർ.ഡി.യുടെ ആവർത്തന ചെലവുകളുടെ 50% കേന്ദ്രഗവൺമെന്റും ബാക്കി 50 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നതെന്ന് സെക്രട്ടറി വിശദമാക്കി. സ്ഥാപന നടത്തിപ്പിന് റിസോഴ്സ് പേഴ്സനെ കിട്ടാൻ ബുദ്ധിമുട്ടുള്ളതായി പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

തുടർന്ന് സമിതി സംസ്ഥാന ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്ക്കൃത പദ്ധതികളും 12-ാം പഞ്ചവത്സര പദ്ധതിയും എന്ന വിഷയം സംബന്ധിച്ച ചർച്ച അവസാനിപ്പിക്കുകയും സമിതിയുടെ പരിഗണനയിലുള്ള കരട് ചട്ടങ്ങളുടേയും എസ്.ആർ.ഒ.കളുടേയും പരിശോധനയ്ക്കായി 20-12-2011-ന് യോഗം ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 3.15-ന് യോഗം പിരിഞ്ഞു.

അനുബന്ധം 7

## 2011 ഡിസംബർ 20-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2011 ഡിസംബർ മാസം 20-ാം തീയതി, ചൊവ്വാഴ്ച, ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ ബഹുമാനപ്പെട്ട ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതി യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. റ്റി. എ. റഹീം
2. ശ്രീ. വി. ശിവൻകുട്ടി
3. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. ടി. എം. ജവഹർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

I. സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

1. 2009-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി ചട്ടങ്ങൾ.

കത്ത് നമ്പർ 16277/RD1/08/തസ്വഭവ. തീയതി 16-5-2009 & 26-10-2010

(ഫയൽ നമ്പർ 14827/സബ്.സി.ഡി1/2009/ലെജി.)

പ്രസ്തുത ചട്ടങ്ങളുടെ പേര് "2011-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി ചട്ടങ്ങൾ" എന്ന് ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു.

2. 2010-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ.

കത്ത് നമ്പർ 54420/RD1/07/തസ്വഭവ. തീയതി 31-12-2010

(ഫയൽ നമ്പർ 11321/സബ്.സി.ഡി1/2011/ലെജി.)

പ്രസ്തുത "ചട്ടങ്ങളുടെ പേര് 2011-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ" എന്ന് ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു.

3. 2010-ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ഭേദഗതി ചട്ടങ്ങൾ.

കത്ത് നമ്പർ 67117/RD1/09/തസ്വഭവ. തീയതി 2-11-2010

(ഫയൽ നമ്പർ 18823/സബ്.സി.ഡി1/2010/ലെജി.)

പ്രസ്തുത ചട്ടങ്ങളുടെ പേര് "2011-ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ഭേദഗതി ചട്ടങ്ങൾ" എന്ന് ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു.

4. The Kerala Municipality Building (Amendment) Rules, 2010

കത്ത് നമ്പർ 39736/RD2/2011/തസ്വഭവ. തീയതി 24-4-2011

(ഫയൽ നമ്പർ 3534/സബ്.സി.ഡി1/2011/ലെജി.)

പ്രസ്തുത ചട്ടങ്ങളുടെ പേര് "The Kerala Municipality Building (Amendment) Rules, 2011" എന്ന് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

5. The Kerala Municipality Building (Amendment ) Rules, 2011

കത്ത് നമ്പർ 73890/RD2/2010/തസ്വഭവ. തീയതി 24-4-2011

(ഫയൽ നമ്പർ 3480/സബ്.സി.ഡി1/2011/ലെജി.)

ചട്ടം 2(i)-ൽ 'inserted' എന്ന വാക്കിനുപകരം 'substituted' എന്ന വാക്ക് ചേർക്കുവാൻ തീരുമാനിച്ചു.

II. സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു:

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ഭേദഗതി ചട്ടങ്ങൾ.

കത്ത് നമ്പർ 65247/RD1/2009/തസ്വഭവ. തീയതി 5-2-2011

(ഫയൽ നമ്പർ 1191/സബ്.സി.ഡി1/2011/ലെജി.)

2. 2011-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ.

കത്ത് നമ്പർ 67114/RD1/2009/തസ്വഭവ. തീയതി 26-3-2011

(ഫയൽ നമ്പർ 2549/സബ്.സി.ഡി1/2011/ലെജി.)

3. 2011-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി ചട്ടങ്ങൾ.

കത്ത് നമ്പർ 1344/RD1/2010/തസ്വഭവ. തീയതി 27-5-2011

(ഫയൽ നമ്പർ 3478/സബ്.സി.ഡി1/2011/ലെജി.)

III. സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനുമുൻപ് പുറപ്പെടുവിച്ച താഴെ പറയുന്ന ചട്ടങ്ങൾക്ക് സമിതി സാധൂകരണം നൽകി:

1. SRO No. 959/2009

2009-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ഭേദഗതി ചട്ടങ്ങൾ.

കത്ത് നമ്പർ 46985/RD1/2009/തസ്വഭവ. തീയതി 11-3-2010

(ഫയൽ നമ്പർ 13051/സബ്.സി.ഡി1/2010/ലെജി.)

2. SRO No. 1070/2009

The Kerala Municipality Building (Amendment ) Rules, 2009.

SRO No. 591/2010

The Kerala Municipality Building (Amendment ) Rules, 2010.

കത്ത് നമ്പർ 29913/RD2/2010/തസ്വഭവ. തീയതി 14-1-2011

(ഫയൽ നമ്പർ 1365/സബ്.സി.ഡി1/2011/ലെജി.)

3. SRO No. 596/2010

2010-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻഡിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ.

SRO No. 997/2010

2010-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻഡിംഗ് കമ്മിറ്റി) രണ്ടാം ഭേദഗതി ചട്ടങ്ങൾ.

കത്ത് നമ്പർ 65528/RD1/2010/തസ്വഭവ. തീയതി 22-1-2011

(ഫയൽ നമ്പർ 11908/സബ്.സി.ഡി1/2011/ലെജി.)

4. SRO No. 847/2010

The Kerala Building (Regularisation of Unauthorised Construction) Rules, 2010.

SRO No. 1026/2010

The Kerala Building (Regularisation of Unauthorised Construction) Amendment Rules, 2010.

SRO No. 96/2011

The Kerala Building (Regularisation of Unauthorised Construction) Amendment Rules, 2011.

കത്ത് നമ്പർ 8641/RD3/2011/തസ്വഭവ. തീയതി 25-4-2011

(ഫയൽ നമ്പർ 2765/സബ്.സി.ഡി1/2011/ലെജി.)

5. SRO No. 277/2011

The State Election Commissioner (Conditions of Service) Amendment Rules, 2011.

കത്ത് നമ്പർ 49944/RD1/2010/തസ്വഭവ. തീയതി 14-7-2011

(ഫയൽ നമ്പർ 4080/സബ്.സി.ഡി1/2011/ലെജി.)

3. SRO No. 127/2011 & SRO No. 166/2011

The Kerala Panchayath Buildings Rules, 2011.

കത്ത് നമ്പർ 26554/RD1/2011/തസ്വഭവ. തീയതി 19-7-2011

(ഫയൽ നമ്പർ 4044/സബ്.സി.ഡി1/2011/ലെജി.)

## IV. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ

2008-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ.

(ഫയൽ നമ്പർ 12392/സബ്.സി.ഡി1/2009/ലെജി.)

സമിതിയുടെ 13-1-2010-ൽ ചേർന്ന യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്ത 2008-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) സംബന്ധിച്ച കരട് ചട്ടങ്ങളിൽ നിന്നും വ്യത്യസ്തമായി SRO (No. 598/10) പുറപ്പെടുവിച്ചത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 15-3-2011 തീയതിയിലെ കത്തുമുഖേന ലഭിച്ച വിശദീകരണം സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് 2012 ജനുവരി മാസം 10-ാം തീയതി യോഗം ചേരുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു.

## അനുബന്ധം 8

## 2012 ജനുവരി 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2012 ജനുവരി മാസം 10-ാം തീയതി, ചൊവ്വാഴ്ച, ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ ബഹുമാനപ്പെട്ട ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഓഫീഷ്യോ അംഗവും ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതി യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.
2. ശ്രീ. വി. ശിവൻകുട്ടി, എം. എൽ. എ.
3. ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം. എൽ. എ.
4. ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ.
5. ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥൻ :

ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) അനുസരിച്ച് ചേർന്ന പ്രസ്തുത യോഗത്തിൽ "കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ" എന്ന വിഷയത്തിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ അനിയന്ത്രിതവും ആസൂത്രിതമല്ലാത്തതുമായ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുത്താണ് പഞ്ചായത്തുകൾക്ക് മാത്രമായി സർക്കാർ ഉത്തരവുപ്രകാരം 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് പഞ്ചായത്തുകൾക്ക് പ്രത്യേകമായി കെട്ടിടനിർമ്മാണ ചട്ടം പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ആമുഖമായി സമിതി അദ്ധ്യക്ഷൻ പറയുകയുണ്ടായി.

ഗ്രാമ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണം നടത്തുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ, അനുവർത്തിക്കേണ്ട നിബന്ധനകൾ, കെട്ടിടത്തിന് വേണ്ടിവരുന്ന

സൗകര്യങ്ങൾ, സുരക്ഷിതത്വ കാര്യങ്ങൾ, ആരോഗ്യപരമായ ആവശ്യങ്ങൾക്കുള്ള നിബന്ധനകൾ, മഴവെള്ള സംഭരണി, വികലാംഗർക്കായുള്ള പ്രത്യേക സൗകര്യങ്ങൾ എന്നിവയെല്ലാം സംബന്ധിച്ച വ്യവസ്ഥകൾ പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ പഞ്ചായത്തിന്റേയും പ്രത്യേകതകൾ കണക്കിലെടുത്ത് കെട്ടിട നിർമ്മാണ ചട്ടം പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി നഗരവൽക്കരണം ത്വരിതഗതിയിൽ നടന്നുവരുന്നതും ടൗൺ പ്ലാനിംഗ് സ്കീമിന്റെ പരിധിയിൽ വരുന്നതുമായ പഞ്ചായത്തുകളെയും അല്ലാത്തവയെയും 26-2-2011-ലെ സർക്കാർ ഉത്തരവു പ്രകാരം കാറ്റഗറി I, കാറ്റഗറി II എന്നിങ്ങനെ രണ്ടുവിഭാഗമായി തിരിച്ചിട്ടുണ്ടെന്നും എന്നാൽ ഇപ്രകാരം തരംതിരിച്ചതിൽ ചില ന്യൂനതകൾ വന്നിട്ടുണ്ടെന്നും സമിതി അദ്ധ്യക്ഷൻ വ്യക്തമാക്കി.

കാറ്റഗറി II-ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ ചെറിയ വാസസ്ഥലങ്ങൾ, ചെറുകിട കച്ചവട സ്ഥാപനങ്ങൾ, ചെറുകിട/പരമ്പരാഗത വ്യവസായ സ്ഥാപനങ്ങൾ തുടങ്ങി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 132-ൽ പ്രതിപാദിച്ചിരിക്കുന്ന നിർമ്മാണങ്ങൾക്ക് പെർമിറ്റ് സംബന്ധിച്ച വ്യവസ്ഥകളിൽ ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ കോർപ്പറേഷനുകളോടും മുനിസിപ്പാലിറ്റികളോടും തൊട്ടുചേർന്ന് സ്ഥിതിചെയ്യുന്ന ഒരേപോലെ നഗരവത്കരിക്കപ്പെട്ട പഞ്ചായത്തുകളിൽത്തന്നെ ചിലതിനെ കാറ്റഗറി I-ലും മറ്റു ചിലതിനെ കാറ്റഗറി-II-ലും ഉൾപ്പെടുത്തിയിട്ടുള്ളതായി കാണാൻ കഴിയുമെന്നും കാറ്റഗറി തിരിച്ചതിലുള്ള വിവേചനം മലബാർ മേഖയിൽ 70 ശതമാനം പഞ്ചായത്തുകളിലും കാണാൻ കഴിയുമെന്നും സമിതി അംഗം ചൂണ്ടിക്കാട്ടി.

നഗരവത്കരണം ശക്തിപ്പെട്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാ പഞ്ചായത്തുകളേയും ഒരേപോലെ കണക്കാക്കുവാൻ കഴിയുകയില്ലാത്തതിനാലാണ് നഗരവത്കരണത്തിന്റെ തോതനുസരിച്ച് പഞ്ചായത്തുകളെ രണ്ടു കാറ്റഗറികളായി തരംതിരിച്ചിരിക്കുന്നതെന്നും ഇത്തരം തരംതിരിക്കലിൽ കടന്നുവന്ന ന്യൂനതയാണ് സമിതി അംഗം ചൂണ്ടിക്കാട്ടിയ വിവേചനത്തിന് ഇടയാക്കിയതെന്നും വകുപ്പുമന്ത്രികൂടിയായ അദ്ധ്യക്ഷൻ വ്യക്തമാക്കി.

പഞ്ചായത്തുകളുടെ കാറ്റഗറൈസേഷൻ നടപ്പിലാക്കുന്നതിൽ വന്ന പാകപ്പിഴ പുനഃപരിശോധിക്കേണ്ടതുണ്ടെന്നും ഇടുക്കി, വയനാട് ജില്ലകളിലെ ചില സ്ഥലങ്ങളിൽ തീരെ വികസിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ ഉണ്ടെന്നും ശക്തമായ നിയമങ്ങളില്ലാത്തതിനാൽ റോഡിനോട് ചേർത്ത് കെട്ടിടം പണിയുന്നതുകൊണ്ട് ഭാവിയിൽ റോഡ് വികസിപ്പിക്കാനുള്ള അവസരം ഇത്തരം പഞ്ചായത്തുകൾക്ക് ഇല്ലാതാകുന്നുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പഞ്ചായത്തുകളെ കാറ്റഗറി I, കാറ്റഗറി II എന്നു തിരിച്ചിട്ടുള്ളതിൽ കാറ്റഗറി II-ൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കെട്ടിടം വയ്ക്കുന്നതിൽ പ്ലാൻ അംഗീകരിക്കേണ്ട ആവശ്യമില്ല. ഇതിനാൽ എല്ലാ റൂൾസും വയലേറ്റ് ചെയ്യാൻ പറ്റുന്ന പ്രൊവിഷൻ ഇതിലുണ്ടെന്നും ഇതിന്റെ മറവിൽ റിസോർട്ടുമായി ബന്ധപ്പെട്ട് ചെറിയ കുടിലുകൾ, ഉള്ളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടി നിർമ്മിക്കുകയാണെന്നും ആയതിനാൽ റൂൾസ് വയലേറ്റ് ചെയ്ത് നടത്തുന്ന കെട്ടിടനിർമ്മാണം പൊളിച്ചുകളയും എന്ന നിലപാട് സ്വീകരിക്കേണ്ടതായുണ്ടെന്നും ബന്ധപ്പെട്ട വകുപ്പുമന്ത്രികൂടിയായ അദ്ധ്യക്ഷൻ വെളിപ്പെടുത്തി.

കെട്ടിട നിർമ്മാണത്തിന് ലൈസൻസ് നൽകുമ്പോൾ മഴവെള്ള സംഭരണിക്കുള്ള സംവിധാനം ഏർപ്പെടുത്തുന്നതിൽ നിന്നും 150 sq.mt. വരെ വിസ്തീർണ്ണമുള്ള കെട്ടിട ങ്ങളെയാണ് ഒഴിവാക്കിയിരിക്കുന്നതെന്നും ഇത് 3000 സ്ക്വയർ ഫീറ്റായി ഉയർത്തണ മെന്ന ആവശ്യം ഉയർന്നുവരികയാണെന്നും ധാരാളം ജലാശയങ്ങൾ ഉള്ള സ്ഥലങ്ങളിലും വരണ്ട സ്ഥലങ്ങളിലും ഒരേപോലെ ബാധകമാക്കാതെ മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തുന്നതിൽ സ്ഥലഭേദം കൂടി പരിഗണിക്കേണ്ടതാണെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു. കൂടാതെ ആകെ കൈവശമുള്ള നാലോ അഞ്ചോ സെന്റ് ഭൂമിയിൽ കെട്ടിടം പണിയുന്ന സാധാരണക്കാരെ മഴവെള്ള സംഭരണി നിർമ്മിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും കെട്ടിടനിർമ്മാണ ചട്ടത്തിൽ ഇപ്പോൾ പറഞ്ഞിരിക്കുന്ന മഴവെള്ള സംഭരണിയുടെ വലിപ്പം കുറയ്ക്കണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. മഴവെള്ള സംഭരണി നിർമ്മിക്കണമെന്നുള്ള വ്യവസ്ഥ പൂർണ്ണമായും ഒഴിവാക്കാൻ കഴിയുകയി ല്ലെന്നും ജലസ്രോതസ്സുകൾ വറ്റിവരണ്ടുകൊണ്ടിരിക്കുകയും ജലസംഭരണം നടക്കായെയു മിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ മഴവെള്ളം പാഴായിപ്പോകാതെ സംഭരിക്കുന്നതി നുള്ള മാർഗ്ഗമെന്ന നിലയിലാണ് ബിൽഡിംഗ് പെർമിറ്റ് നൽകുമ്പോൾ മഴവെള്ള സംഭരണിയുണ്ടാക്കണമെന്ന നിബന്ധന ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, എന്നാൽ സംഭരണിയുടെ വലുപ്പം കുറയ്ക്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും വകുപ്പ് മന്ത്രി വ്യക്തമാക്കി.

നിലവിൽ കരഭൂമിയായി ഉപയോഗിക്കുന്ന പല സ്ഥലങ്ങളും റവന്യൂ രേഖകളിൽ വയൽ എന്ന് രേഖപ്പെടുത്തിയതിനാൽ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പ്രസ്തുത സ്ഥലങ്ങൾ 'വയൽ' എന്നാണ് നോട്ടിഫൈ ചെയ്തിരിക്കുന്നതെന്നും ഇതുകാരണം വീട് വയ്ക്കുന്നതിനായി ലൈസൻസ് ലഭിക്കുന്നതിൽ പലവിധ ബുദ്ധിമുട്ടുകളും നേരിടുന്നതായും സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത നിയമത്തിലെ വ്യവസ്ഥ പ്രകാരം ഓരോ പ്രദേശത്തെയും വെറ്റ്ലാന്റ്, ഡ്രൈലാന്റ് എന്നിവ വേർതിരിച്ച് ഓരോന്നിന്റെയും സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയി ട്ടുള്ള നോട്ടിഫിക്കേഷൻ തയ്യാറാക്കി കഴിഞ്ഞതായും എന്നാൽ ഏകദേശം നാനൂറ് പേജുള്ള പ്രസ്തുത നോട്ടിഫിക്കേഷൻ ഗവൺമെന്റ് പ്രസിൽ അച്ചടിക്കുന്നതിന് കാല താമസം നേരിടുന്നുവെന്നും കൂടാതെ അതിനായി വലിയൊരു തുകയും വേണ്ടിവരുമെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പൊതുജനങ്ങളുടെ അറിവിലേക്കായി ബൃഹ ത്തായ ഈ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുന്നതിന് പഞ്ചായത്തിന് 2 കോടി രൂപ യോളം വേണമെന്നുള്ളത് വലിയ ഒരു പ്രശ്നമായി നിലനിൽക്കുന്നതായി വകുപ്പുസെക്രട്ടറി ബോധിപ്പിച്ചു. പഞ്ചായത്ത് വകുപ്പുതന്നെ പ്രസ്തുത നോട്ടിഫിക്കേഷൻ അച്ചടിച്ച് ഇറക്കി അതിന്റെ ഓരോ പകർപ്പ് പഞ്ചായത്തുകൾക്ക് പ്രസിദ്ധീകരണത്തിനായി നൽകുന്ന തിനുള്ള സംവിധാനം ചെയ്യുന്നതിനും ഇതു സംബന്ധിച്ച് അച്ചടി വകുപ്പുമന്ത്രിയുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നതിനുമുള്ള നടപടി സ്വീകരിക്കാമെന്ന് പഞ്ചായത്ത് വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. പ്രസ്തുത നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതോടുകൂടി നെൽവയൽ/തണ്ണീർത്തടം നികത്തി വീട് വയ്ക്കുന്നതിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ചുള്ള പരാതികൾക്ക് പരിഹാര മുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

പണി തീർന്നിട്ടും കെട്ടിട നമ്പർ ലഭിക്കാത്ത ധാരാളം ഗവൺമെന്റ് കെട്ടിടങ്ങളുണ്ടെന്നും അവ റഗുലറൈസ് ചെയ്യണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. 5 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് അതിൽ കെട്ടിടം വയ്ക്കുന്നതിനായി ലൈസൻസ് നൽകുന്നത് നിലവിൽ പഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, റവന്യൂ ഓഫീസർ, എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ്. എന്നാൽ ജോലിത്തിരക്ക് കാരണം റവന്യൂ വകുപ്പിനെ പ്രതിനിധീകരിക്കുന്ന വില്ലേജ് ഓഫീസർക്ക് പങ്കെടുക്കുവാൻ കഴിയാത്തതിനാൽ കമ്മിറ്റി യോഗം ചേർന്ന് കെട്ടിടം വയ്ക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുവാൻ കഴിയാതെ വരുന്നത് സാധാരണക്കാർക്ക് വളരെയധികം ബുദ്ധിമുട്ടിനിടവരുത്തുന്നുവെന്ന് സമിതിയംഗം ചൂണ്ടിക്കാട്ടി. ആയതിനാൽ പ്രസ്തുത കമ്മിറ്റിയിൽ റവന്യൂ വകുപ്പിന്റെ പ്രാതിനിധ്യം വേണമെന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

കെട്ടിടനിർമ്മാണ ലൈസൻസ് ലഭിക്കുന്നതിലുള്ള കാലതാമസം ഏറ്റവും കൂടുതൽ ബാധിക്കുന്നത് സാധാരണക്കാരെയാണെന്നും കോർപ്പറേഷനിൽ ഏർപ്പെടുത്തിയ സംവിധാനമനുസരിച്ച് ഒരാൾ വസ്തുക്കളുടെ ഉടമസ്ഥാവകാശം, അഗീകൃത പ്ലാൻ, ഇതിന് അടയ്ക്കേണ്ടിവരുന്ന ഫീസ്, കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടം വച്ചു കഴിഞ്ഞാൽ പൊളിക്കാനുള്ള സമ്മതപത്രം എന്നീ രേഖകളുമായി വന്നാൽ അന്നുതന്നെ പെർമിറ്റ് കൊടുക്കുന്ന വൺഡേ പെർമിറ്റ് സംവിധാനം പഞ്ചായത്തിലും നടപ്പിലാക്കണമെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു. അതിനാൽ കെട്ടിട നിർമ്മാണ ലൈസൻസിന് അപേക്ഷിച്ചാൽ എത്ര ദിവസത്തിനകം കൊടുക്കാൻ കഴിയും എന്ന കാര്യത്തിൽ ഒരു തിരുമാനമുണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ചില പഞ്ചായത്തുകൾ സ്വന്തമായി കെട്ടിട നിർമ്മാണ നിയമം ഉണ്ടാക്കിയിട്ടുണ്ടെന്ന് അറിയിച്ച അദ്ദേഹം തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ ഉൾപ്പെട്ട കല്ലിയൂർ പഞ്ചായത്തിൽ ഈ കായലിനെ സംരക്ഷിച്ചുകൊണ്ടുള്ള പ്രത്യേക കെട്ടിട നിർമ്മാണ ചട്ടം തന്നെയുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. കെട്ടിട നിർമ്മാണത്തിനുള്ള പെർമിഷൻ കാലതാമസംകൂടാതെ അനുവദിക്കുന്നതിന് ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്ന് വകുപ്പുമന്ത്രി സമിതിയിൽ വ്യക്തമാക്കി.

കെട്ടിടം കെട്ടിക്കഴിഞ്ഞാൽ പൊളിക്കുന്നതിന് പഞ്ചായത്തിന് പരിമിതികളുണ്ടെന്നും തിരുവനന്തപുരത്ത് കോവളം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ അനധികൃത കെട്ടിടം നിർമ്മാണം വ്യാപകമാണെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. അനധികൃത നിർമ്മാണം പൊളിക്കുന്നതിനുള്ള ചില വ്യവസ്ഥകൾ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയുമായി ഒരു ചർച്ച നടത്തിക്കഴിഞ്ഞെന്നും പഞ്ചായത്തുമായുള്ള ചർച്ച നടന്നുവരികയാണെന്നും ഈ വിഷയത്തിൽ മുഖ്യനഗരാസൂത്രകനെ സമിതി മുൻപാകെ വിളിപ്പിച്ച് വിശദമായി ഒരു ചർച്ച നടത്തി, അതിന്റെ എല്ലാ വശങ്ങളും സമിതി പരിശോധിക്കേണ്ടതാണെന്നും വകുപ്പുമന്ത്രി വ്യക്തമാക്കുകയുണ്ടായി.

കേരളത്തിൽ ടൗൺ പ്ലാൻ നടപ്പിലാക്കിയിട്ട് 20 വർഷത്തോളമായെന്നും ടൗൺ പ്ലാനിംഗ് വകുപ്പ് സ്കീം ഉണ്ടാക്കാത്തതുകാരണം ആറ്റുകാൽ ഡെവലപ്മെന്റ് പദ്ധതികൾക്ക് അനുവദിച്ച 12 കോടി രൂപയിൽ ഒരു പൈസപോലും ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയാണെന്നും സെൻട്രൽ ഫണ്ട് ആവശ്യാനുസരണം ലഭ്യമാകുന്നുണ്ടെങ്കിലും അതനുസരിച്ച് പ്ലാനിംഗ് നടത്തുന്നതിന് മതിയായ ഉദ്യോഗസ്ഥരില്ലായെന്നും

ജനകീയാസൂത്രണത്തിന്റെ ഭാഗമായി നിലവിൽ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമൊക്കെ സ്വന്തമായി സ്കീമുകൾ ഉണ്ടാക്കി നടപ്പിലാക്കുകയാണ് ചെയ്യുന്നതെന്നും സമിതി അംഗം ചൂണ്ടിക്കാട്ടി.

ടൗൺ പ്ലാനിംഗ് നടത്തേണ്ട മുഖ്യനഗരാസൂത്രകൻ ഫ്ളാറ്റുകളുടെ ബിൽഡിംഗ് റൂൾസ് ക്ലിയറൻസ് ജോലികളിലാണ് പ്രധാനമായും ഏർപ്പെട്ടിരിക്കുന്നതെന്നതിനാൽ പ്രധാന ഉത്തരവാദിത്വമായ ടൗൺ പ്ലാനിംഗിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സമയം ലഭിക്കാറില്ലെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. മേജറായിട്ടുള്ള ടൗൺ പ്ലാനിംഗ് മാത്രമാണ് അംഗീകാരത്തിനായി മുഖ്യനഗരാസൂത്രകന്റെ അടുത്ത് എത്തുന്നതെന്നും പ്രാദേശിക പ്ലാനിംഗ് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾതന്നെയാണ് നടത്തേണ്ടതെന്നും ഇതിനായി റെസ്പോൺസബിലിറ്റി മാപ്പിംഗ് ആവശ്യമാണെന്നും പഞ്ചായത്തുകളിൽ സ്പെഷ്യൽ പ്ലാനിംഗിന് ഉദ്യോഗസ്ഥരില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പഞ്ചായത്തുകളിൽ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ അപര്യാപ്തതയുണ്ടെന്നും സാധാരണഗതിയിൽ മറ്റ് വകുപ്പുകളിൽനിന്നും ടെക്നിക്കൽ സ്റ്റാഫുകളെ വിന്യസിക്കുകയാണ് ചെയ്യുന്നതെന്നും ഇതിനായി ഇറിഗേഷൻ വകുപ്പിൽനിന്നും കിട്ടേണ്ട 500 ഉദ്യോഗസ്ഥരെ വിട്ടുകിട്ടാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽത്തന്നെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ 500 തസ്തിക സൃഷ്ടിക്കുന്നതിനായുള്ള ഒരു പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. രണ്ട് പഞ്ചായത്തുകൾക്ക് ഒരു എ. ഇ. എന്നത് ഒരു പഞ്ചായത്തിന് ഒരു എ. ഇ. എന്ന നിലയിലേക്ക് മാറ്റുന്നതിനുള്ള ഒരു നിർദ്ദേശമാണ് ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി നൽകിയിരിക്കുന്നതെന്നും ചില വകുപ്പുകളിൽ അധിക ജീവനക്കാരുണ്ടെന്നും ഇവരെ കണ്ടെത്തി വിന്യസിക്കേണ്ടതായുണ്ടെന്നും അതിൻപ്രകാരം പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര തസ്തികൾ വേണ്ടിവരുമെന്ന് കണക്കാക്കാമെന്നും പി.എസ്.സി. വഴി 234 എ.ഇ. മാരെ നിയമിക്കുന്നതിന്റെ ആദ്യപടിയായി 100 പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്നും അദ്ധ്യക്ഷൻ വെളിപ്പെടുത്തി.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽവരുന്ന കോവളം ഭാഗത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് അനധികൃത കെട്ടിടനിർമ്മാണം നടത്തുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ, പഞ്ചായത്ത് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡയറക്ടർ, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണം, ചീഫ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണ വകുപ്പ്) എന്നിവരുമായി ചർച്ച നടത്തുന്നതിന് 31-1-2012-ന് ഉച്ചയ്ക്കുശേഷം 3.00 മണിക്ക് കോവളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽവച്ച് യോഗം ചേരുന്നതിനും തുടർന്ന് ഏതാനും പ്രദേശങ്ങൾ സന്ദർശിക്കുന്നതിനും സമിതി തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 3.00 മണിക്ക് പിരിഞ്ഞു.

അനുബന്ധം 9

## 2012 ഫെബ്രുവരി 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒരു യോഗം 2012 ഫെബ്രുവരി മാസം 1-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-D' കോൺഫറൻസ് ഹാളിൽ ബഹുമാനപ്പെട്ട ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതി യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.
2. ശ്രീ. വി. ശിവൻകുട്ടി, എം. എൽ. എ.
3. ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം. എൽ. എ.
4. ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ.
5. ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. കെ. ആർ. മുരളീധരൻ, ഡയറക്ടർ ഓഫ് പഞ്ചായത്ത്
3. ശ്രീ. ജെ. സദാനന്ദൻ, അഡീഷണൽ ഡയറക്ടർ ഓഫ് പഞ്ചായത്ത്
4. ശ്രീ. കെ. സുന്ദരൻ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീമതി ആൻ ജേക്കബ്, സ്റ്റേറ്റ് ററൗൺ പ്ലാനർ, ചീഫ് ററൗൺ പ്ലാനർ ഓഫീസ്, തിരുവനന്തപുരം
6. ശ്രീ. ടി. ഭാസ്കരൻ, സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ച് "കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ" എന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ചേർന്ന 10-1-2012-ലെ സമിതി യോഗത്തിന്റെ തുടർച്ചയായി ചേർന്ന യോഗം, ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ

സെക്രട്ടറി, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, ചീഫ് ഠൗൺ പ്ലാനർ, പഞ്ചായത്ത് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡയറക്ടർ, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി എന്നിവരുമായി ചർച്ച നടത്തി.

നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനു വേണ്ടിയുള്ള ചർച്ച നടന്നുകൊണ്ടിരിക്കുകയാണെന്നും മുൻസിപ്പാലിറ്റിയുടേത് ഏകദേശം പൂർത്തിയായിക്കഴിഞ്ഞുവെന്നും പഞ്ചായത്തിന്റേത് ഫെബ്രുവരി 15-ാം തീയതിയോടു കൂടി പൂർത്തിയാകുമെന്നും ഇക്കാര്യത്തിൽ സബ്ജക്ട് കമ്മിയുടെ അഭിപ്രായങ്ങൾകൂടി ആരായുന്നതിനുവേണ്ടിയാണ് സമിതിയോഗം ചേർന്നിരിക്കുന്നതെന്ന് അദ്ധ്യക്ഷത വഹിച്ച ബഹു. വകുപ്പുമന്ത്രി ആമുഖമായി പറയുകയുണ്ടായി.

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മഴവെള്ള സംഭരണിയുമായി ബന്ധപ്പെട്ട് വച്ചിട്ടുള്ള വ്യവസ്ഥകളെക്കുറിച്ച് സമിതി ആരാഞ്ഞു. മഴവെള്ള സംഭരണി നിർമ്മിക്കുന്നതിൽ നിന്നും വെള്ളക്കെട്ടുള്ളതോ വെള്ളം താഴാത്തതോ ആയ മേഖലകളെ ഒഴിവാക്കിയിട്ടുണ്ടെന്നും, എന്നാൽ ഇത്തരം മേഖലകളെ തിരിച്ചറിയുന്നതിന് മാനദണ്ഡങ്ങളൊന്നുമില്ലെന്നും അത് എക്സിക്യൂട്ടീവ് ഓഫീസർക്ക് തീരുമാനിക്കാം എന്ന രീതിയിലാണ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും കായലുള്ള സ്ഥലത്തും പാറയുള്ള സ്ഥലത്തും മഴവെള്ള സംഭരണി ആവശ്യമില്ലെന്നും കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി വേണ്ട എന്നുമാണ് ചട്ടങ്ങളിൽ നിഷ്ക്കർഷിക്കുന്നതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇപ്പോൾ മഴവെള്ള സംഭരണിക്കുപകരം ഗ്രൗണ്ട് വാട്ടർ റീ ചാർജ്ജ് ചെയ്യുന്നതിനുള്ള എന്തെങ്കിലും സംവിധാനം ആയാലും മതിയാകുന്നതാണെന്നും അദ്ദേഹം സമിതിയിൽ വ്യക്തമാക്കി.

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മാലിന്യ സംസ്കരണത്തിനുള്ള ക്രമീകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്ന് പറയുന്നുണ്ടെങ്കിലും പൂർണ്ണമായും മാലിന്യ മുക്തമായ സംസ്ഥാനമായി തീരണമെങ്കിൽ മാലിന്യ സംസ്കരണത്തിനുള്ള വ്യവസ്ഥകൾ ശക്തമായിത്തന്നെ ചട്ടത്തിനകത്ത് കൊണ്ടുവരണമെന്നും അതിന് സമഗ്രമായ ഒരു ചർച്ച ആവശ്യമാണെന്നും സമിതി അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

നിലവിലുള്ള പൈപ്പ് കംപോസ്റ്റ് സിസ്റ്റം ഒരു പരാജയമാണെന്നും ആരും അത് പ്രാവർത്തികമാക്കാൻ തയ്യാറാകുന്നില്ല എന്നും ഈ സാഹചര്യത്തിൽ ബയോഗ്യാസ് പ്ളാന്റ് കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും ഒരു സമിതി അംഗം ആവശ്യപ്പെട്ടു. പ്രസ്തുത സിസ്റ്റത്തിന്റെ പരാജയകാരണം മെതഡോളജിയിൽവരുന്ന പ്രശ്നമാണെന്നും മാലിന്യം നിക്ഷേപിക്കുന്നതിന് സാധാരണയായി ഉപയോഗിക്കുന്ന റബർ ട്യൂബിനുപകരം പൈപ്പ് ഉപയോഗിക്കുകയും പൈപ്പ് ആഴത്തിൽ കുഴിച്ചിടുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് സമിതി അദ്ധ്യക്ഷൻ അറിയിച്ചു. ഇപ്പോൾ ബയോഗ്യാസ് പ്ളാന്റിന് ധാരാളം ആളുകൾ അപേക്ഷിക്കുന്നുണ്ടെന്നും ശുചിത്വമിഷനാണ് ഇതിനുള്ള ധനസഹായം നൽകുന്നതെന്നും അർബൻ ഏരിയായിൽ ഫണ്ട് റിലീസിംഗിന് ചില പ്രശ്നങ്ങളുണ്ടെങ്കിലും അത് പരിഹരിച്ച് ഈ സംവിധാനം നഗരപ്രദേശങ്ങളിൽകൂടി വ്യാപിപ്പിക്കേണ്ടതായിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കാറ്റഗറി II-ൽ വരുന്ന പഞ്ചായത്തുകളിൽ കെട്ടിടനിർമ്മാണത്തിന് പ്ളാൻ വേണ്ട എന്നതുകാരണം റിസോട്ടുകളൊക്കെ ചെറിയ കുടിലുകളായാണ് ആദ്യം പണിയുന്ന തെന്നും തുടർന്ന് ഉള്ളിൽ അത്യാധുനിക സൗകര്യങ്ങൾ ഒരുക്കുകയാണ് ചെയ്യുന്ന തെന്നും ഇപ്രകാരം ഈ മേഖലയിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് വ്യാപകമായ നിർമ്മാണം നടക്കുന്നതായും സമിതി അദ്ധ്യക്ഷൻ ചൂണ്ടിക്കാട്ടുകയുണ്ടായി. കാറ്റഗറി II അനുസരിച്ചുള്ള പഞ്ചായത്തുകളിൽ 300 സ്ക്വയർ മീറ്റർവരെയുള്ള വീടു കളും 150 സ്ക്വയർ മീറ്റർവരെയുള്ള കടകളും നിർമ്മിക്കുന്നതിന് മുൻകൂട്ടി പ്ലാൻ സമർപ്പിക്കേണ്ടതില്ലെന്നും അതിന് മുകളിലുള്ളവയ്ക്ക് മാത്രമേ മുൻകൂട്ടി പ്ലാൻ സമർപ്പി ക്കേണ്ടതായിട്ടുള്ളെന്നും സ്റ്റേറ്റ് ടൗൺ പ്ലാനർ സമിതിയെ അറിയിച്ചു. ചെറിയ കെട്ടിട ങ്ങൾ നിർമ്മിക്കുന്നവരെ മാത്രം മുൻകൂട്ടി പ്ളാൻ സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കി കൊണ്ടുള്ള നിബന്ധന കൊണ്ടുവരണമെന്ന് സ്റ്റേറ്റ് ടൗൺ പ്ലാനർ അഭിപ്രായപ്പെട്ടു. നിബന്ധനയ്ക്ക് വിധേയമായി ഒരേ ഉടമസ്ഥതയിൽ ഒന്നിലധികം കെട്ടിടങ്ങൾ പാടില്ല എന്ന വ്യവസ്ഥകൂടി ചട്ടങ്ങളിൽ കൊണ്ടുവരണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതി യിൽ അഭിപ്രായപ്പെട്ടു. കാറ്റഗറി II-ൽ വരുന്ന പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ത്തിന് പ്ളാൻ വേണ്ട എന്ന വ്യവസ്ഥയ്ക്ക് പകരം വൺഡേ പെർമിറ്റു കൊണ്ടുവരി കയോ അല്ലെങ്കിൽ പെർമിറ്റിന് അപേക്ഷിച്ചാൽ പെർമിറ്റ് എത്ര ദിവസത്തിനകം ലഭ്യമാകും എന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം വയ്ക്കുകയോ ചെയ്യണമെന്ന് സമിതി അദ്ധ്യക്ഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

കെട്ടിടങ്ങളുടെ പ്ളാൻ വരച്ചുകൊടുക്കുന്നതിൽ കാലതാമസം ഉണ്ടെന്ന് മനസ്സി ലാക്കിയ സമിതി, ഇതിനുള്ള കാരണം ഉദ്യോഗസ്ഥരോട് ആരാഞ്ഞു. ഡ്രാഫ്റ്റ്സ് മാൻമാർ കൂടുതൽ പണം കൈപ്പറ്റുന്നു എന്ന പരാതിയെ തുടർന്നാണ് ഇതു സംബ ന്ധിച്ച റൂൾസ് എടുത്തുകളഞ്ഞതെന്നും എന്നാൽ സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതിരി ക്കാനായി ഒരു മിനിമം തുക നിശ്ചയിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടായിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. കെട്ടിടനിർമ്മാണ വായ്പ നൽകുന്ന ചില ബാങ്കുകൾ കെട്ടിടങ്ങളുടെ പ്ളാനുകൾ കൈകാര്യം ചെയ്യുന്നതിനായി എഞ്ചിനീയർമാർ അടങ്ങുന്ന ചില ഏജൻസികളെ നിയോഗിക്കുന്നതു പോലെ ഓരോ പഞ്ചായത്തിലും അപ്രകാരം ഏജൻസികളെ ഏൽപ്പിക്കുന്നത് പരിഗണിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അത്യാവശ്യമായി പാലിക്കേണ്ട നിയമങ്ങൾ സാധാരണക്കാരന് വായിച്ചു മനസ്സിലാക്കാൻ കഴിയുന്നതരത്തിൽ എല്ലാ പഞ്ചായത്തുകളിലും പ്രദർശിപ്പിക്കുന്ന തിനുള്ള സംവിധാനം ചെയ്യേണ്ടതാണെന്നും സമിതി നിർദ്ദേശം നൽകി.

എല്ലാ പൊതു കെട്ടിടങ്ങളിലും വൈകല്യമുള്ളവർക്ക് അവരുടെ വീൽചെയർ കയറിപ്പോകുന്നതിനുള്ള സൗകര്യം ഒരുക്കണമെന്നും അവർക്ക് അനുയോജ്യമായ ടോയ്‌ലറ്റുകൾ പോലുള്ള അടിസ്ഥാനസൗകര്യങ്ങൾ വേണമെന്ന നിർദ്ദേശം കെട്ടിടനിർമ്മാണ ചട്ടങ്ങളിലുണ്ടെന്ന് ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് മറുപടിയായി സ്റ്റേറ്റ് ഠൗൺ പ്ലാനർ സമിതിയെ അറിയിച്ചു.

ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട് വന്ന പത്രവാർത്തയുടെ നിജസ്ഥിതി സമിതി അന്വേഷിച്ചു. പ്രസ്തുത ഫീസിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ലെന്നും പഞ്ചായത്തുകൾക്കുണ്ടായിരുന്ന പി. എഫ്. എ. ആക്ട് അനുസരിച്ചാണ് 25 ഇരട്ടി വർദ്ധനവ് വരുത്തിയതെന്നും അത് പിന്നീട് മരവിപ്പിച്ചെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഈ അധികാരം 5-8-2011-ൽ എടുത്തുകളഞ്ഞെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു.

കെട്ടിടനിർമ്മാണത്തിൽ ആർക്കിടെക്ചറൽ സ്റ്റൈൽസും ഗ്രീൻ ബിൽഡിംഗ്സും കൊണ്ടുവരുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി. ഈ നിർമ്മാണരീതി കർശനമായി നടപ്പിലാക്കാൻ സാധിക്കുകയില്ലെങ്കിലും അടിസ്ഥാനപരമായിട്ടെങ്കിലും നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്തെ ഫോർട്ട് ഏരിയായിലും പാലക്കാട്ടെ അഗ്രഹാരം ഏരിയായിലും കൽപ്പാത്തി അഗ്രഹാരത്തിലും നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ റൂഫ് സ്ട്രക്ചർ, ജനലുകൾ തുടങ്ങിയവയൊക്കെ എങ്ങനെയായിരിക്കണമെന്നത് നിർവചിച്ചിട്ടുണ്ടെന്ന് സ്റ്റേറ്റ് ടൗൺ പ്ലാനർ സമിതിയെ അറിയിച്ചു. വെർജിൻ പഞ്ചായത്തുകളിൽ ഇത് ചെറിയ തോതിലെങ്കിലും നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ച വകുപ്പുമന്ത്രി, ഇതു സംബന്ധമായ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം ഫെസിലിറ്റേറ്റർ എന്ന നിലയിൽ പഞ്ചായത്തുകൾക്ക് നൽകണമെന്നും അതുവഴി പൈതൃക പഞ്ചായത്താക്കി മാറ്റുന്നതിനുള്ള ഡിസൈനുകളും മറ്റുമൊക്കെ തീരുമാനിക്കുന്നതിന് പഞ്ചായത്തുകൾക്ക് സാധിക്കുമെന്നും വ്യക്തമാക്കി. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഗ്രീൻ ബിൽഡിംഗ് ഡിസൈനാണ് ചെയ്തിട്ടുള്ളതെന്നും അവിടെ എല്ലാ മുറികളിലും കഴിയുന്നത്ര കാറ്റും വെളിച്ചവും കിട്ടത്തക്കരീതിയിൽ ക്രോസ് വെന്റിലേഷൻ നൽകിയിട്ടുണ്ടെന്നും വകുപ്പ് മന്ത്രി സമിതിയിൽ വ്യക്തമാക്കി. കാലിക്കറ്റ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിൽ ക്രോസ് വെന്റിലേഷൻ സൗകര്യം കൊണ്ടുവന്നതിലൂടെ 30% വൈദ്യുതി ഉപയോഗം കുറച്ചുകൊണ്ടുവരാൻ കഴിയുന്നുണ്ടെന്നകാര്യം പ്രിൻസിപ്പൽ സെക്രട്ടറിയും സമിതിയെ അറിയിച്ചു. ഗ്രീൻ ബിൽഡിംഗ്സുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. ഒരു കരട് നയം തയ്യാറാക്കിയിട്ടുണ്ടെന്നും അതുകൂടി ബിൽഡിംഗ്സ് റൂൾസിൽ ഉൾപ്പെടുത്തണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ അഭിപ്രായപ്പെടുകയുണ്ടായി.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.55-ന് പിരിഞ്ഞു.